തൊഴിൽനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ പട്ടിക രൂപത്തിൽ രേഖപ്പെടുത്തുന്നതിനായി നിലവിൽ യാതൊരു സോഫ്റ്റ് വെയറും (വസ്തു നികുതിക്ക് സഞ്ചയ പോലെ) നഗരസഭയിൽ ഇല്ലാത്തതിനാൽ തന്നെ തൊഴിൽനികുതി വരവ് സംബന്ധിച്ച കണക്കുകൾ മനസ്സിലാക്കുന്നതിനുള്ള ഏക വഴി ഡിമാന്റ് രജിസ്റ്റർ സമഗ്രവും വസ്തുനിഷ്ഠവും ആധികാരികവുമായി സൂക്ഷിക്കുക എന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെങ്കിൽ തൊഴിൽനികുതി സംബന്ധിച്ചിട്ടുള്ള വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുകയില്ല.
റിട്ടേണുകൾ പൂർണ്ണമായും രജിസ്റ്ററിൽ ചേർക്കാത്തത് കൊണ്ട് തന്നെ ഹെഡ് ഓഫീസിലെയും പുഴാതി, എളയാവൂർ എന്നീ സോണൽ ഓഫീസുകളിലെയും ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ തൊഴിൽനികുതി വരവ് സംബന്ധിച്ച കണക്കുകൾ പ്രതിഫലിപ്പിക്കുന്നില്ല.

റിട്ടേണുകൾ സമർപ്പിച്ച് കണ്ണൂർ നഗരസഭയുടെ ഹെഡ് ഓഫീസിലും ആയത് പോലെ തന്നെ പുഴാതി, എളയാവൂർ സോണൽ ഓഫീസുകളിലും തൊഴിൽനികുതി ഒടുക്കിയിട്ടും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ തൊഴിൽനികുതി വരവ് ചേർക്കാത്തതിനുള്ള ഉദാഹരണം ചുവടെ കൊടുക്കുന്നു.

കോർപ്പറേഷൻ മെയിൻ ഓഫീസ്

| ക്രമ നം | റിട്ടേൺ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതിയായി ഒടുക്കിയതിന്റെ വിവരം | | |
|---|---|---|---|---|
| | | അർദ്ധ വർഷം | തുക | രസീത് നമ്പർ, തീയതി |
| 1 | കണ്ണൂർ ടൌൺ സർവീസ് സഹകരണ ബാങ്ക് | II | 50600 | 1190030921,1190030925 1190030927,1190030929, 06.09.2019 |
| 2 | മദർ & ചൈൽഡ് ഹോസ്പിറ്റൽ | II | 23750 | 1190031673, 04.02.2020 |

പുഴാതി സോണൽ ഓഫീസ്

| ക്രമ നം | റിട്ടേൺ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയ | ജീവനക്കാരുടെ തൊഴിൽനികുതിയായി ഒടുക്കിയതിന്റെ വിവരം |
|---|---|---|

| | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | തുക | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 1 | കണ്ണൂർ കോ-ഓപ്പറേറ്റിവ് അർബൻ ബാങ്ക്, പൊടിക്കുണ്ട് ബ്രാഞ്ച് | II | 8750 | 1199972495, 1199972497 തീയതി 15.02.2020 |
| 2 | സെക്രട്ടറി, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | II | 1250 | 1190030111 തീയതി രേഖപ്പെടുത്തിയില്ല |

എളയാവൂർ സോണൽ ഓഫീസ്

| ക്രമ നം | റിട്ടേൺ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതിയായി ഒടുക്കിയതിന്റെ വിവരം | | |
|---|---|---|---|---|
| | | അർദ്ധ വർഷം | തുക | രസീത് നമ്പർ, തീയതി |
| 1 | വാരം യു.പി സ്കൂൾ, വാരം | II | 41000 | 1190030069, 18.02.2020 |
| 2 | സെന്റ് ഫ്രാൻസിസ് ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടട | II | 44050 | 1199972677, 29.02.2020 |

ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ ഇത്തരത്തിൽ ഓഡിറ്റ് പരിശോധനക്ക് സാധ്യമാകാത്തത് വിധം സൂക്ഷിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കൽ- റിട്ടേണുകൾ ഹാജരാക്കിയില്ല

കണ്ണൂർ കോർപ്പറേഷനിലെ ചേലോറ സോണൽ ഓഫിസിൽ സൂക്ഷിച്ചിരിക്കുന്ന 2019-20 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഈ ഡിമാന്റ് രജിസ്റ്ററിൽ സോണൽ ഓഫിസ് പരിധിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, ആ സ്ഥാപനത്തിലെ ഓരോ ജീവനക്കാരന്റെയും പേര്, ഓരോ ജീവനക്കാരന്റെയും വരുമാനം, ജീവനക്കാരൻ ഒടുക്കേണ്ട നികുതി എന്നിവ മുഴുവനായി രേഖപ്പെടുത്തേണ്ടതിന് പകരം ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ പേരും ആ സ്ഥാപനത്തിലെ ജീവനക്കാർ നികുതിയായി ആകെ ഒടുക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഈ രജിസ്റ്ററിൽ ചേർത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി സംബന്ധിച്ച റിട്ടേണുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| രജിസ്റ്ററിലെ ക്രമനം | ഓഫീസിന്റെ പേര് | റിട്ടേൺ ഹാജരാക്കാത്ത അർദ്ധവർഷം |
|---|---|---|
| 3 | മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, ചേലോറ | II |

| | | |
|---|---|---|
| 4 | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി, ചേലോറ | II |
| 5 | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി, പള്ളിപ്രം | II |
| 6 | NRHM ഹോമിയോ ഡിസ്പെൻസറി | II |
| 7 | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, ചേലോറ | II |
| 11 | എക്സൈസ് ഓഫീസ്, കെഎസ് ഡിസ്റ്റിലറി, വാരം | I,II |
| 12 | പോസ്റ്റ് മാസ്റ്റർ, വാരം പോസ്റ്റ് ഓഫീസ് | I,II |
| 14 | പോസ്റ്റ് മാസ്റ്റർ, കാപ്പാട് പോസ്റ്റ് ഓഫീസ് | I,II |
| 15 | അസി.എഞ്ചിനീയർ, 110കെവി സബ്സ്റ്റേഷൻസെക്ഷൻ, കെഎസ്ഇബി | I,II |
| 16 | അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ, ട്രാൻസ്മിഷൻ സബ്ഡിവിഷൻ | I,II |
| 17 | അസി.എക്സ്ക്യൂട്ടീവ്എഞ്ചിനീയർ, ലൈൻ മെയിന്റനൻസ്, സബ്ഡിവിഷൻ | I,II |
| 18 | അസി.എഞ്ചിനീയർ, ലൈൻ മെയിന്റനൻസ്, സെക്ഷൻ മുണ്ടയാട് | I,II |
| 19 | ജനറൽ മാനേജർ, ബിഎസ്എൻഎൽ,കണ്ണൂർ | I,II |
| 23 | ഹെഡ് മാസ്റ്റർ, കൃഷ്ണവിലാസം യു.പി.സ്കൂൾ | I |
| 35 | ഹെഡ് മാസ്റ്റർ, ചേലോറ നോർത്ത് എൽപി സ്കൂൾ | II |
| 39 | ചേലോറ റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി,തിലാന്നൂർ | I,II |
| 42 | സെക്രട്ടറി,കാപ്പാട്കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമി. | I,II |
| 43 | സെക്രട്ടറി, വലിയന്നൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമി. | I,II |
| 45 | സെക്രട്ടറി, ചൊവ്വ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് വാരം ബ്രാഞ്ച് | I |
| 46 | ബ്രാഞ്ച് മാനേജർ, ചൊവ്വ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമി, പള്ളിപ്പൊയിൽ ബ്രാഞ്ച് | II |
| 48 | സെക്രട്ടറി,കണ്ണൂർ റേഞ്ച് കള്ള് ചെത്ത് തൊഴിലാളി വ്യവസായ സഹകരണസംഘം | I,II |
| 50 | സെക്രട്ടറി, ELCO, വലിയന്നൂർ | I |
| 60 | പോപ്പുലർ വെഹിക്കിൾ&സർവ്വീസ് ലിമി. താഴെ ചൊവ്വ | I,II |
| 61 | പിവിഎസ് ഫോർഡ്, തങ്കേക്കുന്ന് | I,II |
| 63 | നാഷണൽ ഇൻഷ്വറൻസ് ,വാരം | I,II |
| 64 | മാനേജിംഗ് ഡയറക്ടർ,പെർഫെക്ട് എഞ്ചിനീയറിംഗ് വർക്ക്സ്, | I |
| 66 | സി ആർ ഫ്യൂവൽസ്, ഏച്ചൂർ | I,II |
| 69 | സിന്റിക്കേറ്റ് ബേങ്ക്, വാരം | I,II |

മേൽ ഓഫീസുകളിൽ നിന്ന് ലഭ്യമാക്കിയ, ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച റിട്ടേണുകൾ ചേലോറ

സോണൽ ഓഫീസിൽ നിന്നും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തൊഴിൽ നികുതി സംബന്ധിച്ച് കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇപ്രകാരം റിട്ടേണുകൾ മുഴുവൻ ഇല്ലാതെ രജിസ്റ്റർ ഹാജരാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-26 സ്ഥിര നിക്ഷേപം-സ്ഥിര നിക്ഷേപ റജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

കണ്ണൂർ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ,ദേശസാൽകൃത ബാങ്കുകളിലായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് 23 സ്ഥിര നിക്ഷേപങ്ങൾ ഉണ്ട്.മേൽ സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചുവരുന്നു.എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥിര നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, നിക്ഷേപം,നീക്കിയിരിപ്പ് എന്നീ തുകകൾ 2019-20 വാർഷിക ധനകാര്യ പത്രികയിലെ പ്രസ്തുത തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വിവരണം | നിക്ഷേപ രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 11,85,85,030 | 11,18,93,618 |

| | | |
|---|---|---|
| സ്ഥിര നിക്ഷേപം | | |
| തൻവർഷം നിക്ഷേപിച്ച തുക (നിക്ഷേപം + പലിശ) | 6,40,67,000<br>(5,25,36,695 + 1,15,30,305) | 7,04,01,641<br>(5,25,36,695 +(RP-34) 1,78,64,946)(I-7) |
| ആകെ | 18,26,52,030 | 18,22,95,259 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18,26,52,030 | 18,22,95,259(B-12) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു (സ്ഥിര നിക്ഷേപ രജിസ്റ്റർ പ്രകാരം).

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.ബി.ഐ ,സിവിൽ സ്റ്റേഷൻ(67306367363തീയതി.22.12.2016) | 1,26,59,232 |
| എസ്.ബി.ഐ ,സിവിൽ സ്റ്റേഷൻ(67303052426 തീയതി.26.11.2017) | 78,29,676 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,പുതിയ തെരു,ഈവനിംഗ് (1042513007917/2 തീയതി.19.03.2018) | 18,45864 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,പുതിയ തെരു,ഈവനിംഗ് (1042513007916/2 തീയതി.19.03.2018) | 26,18,679 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്(998/2018-19 തീയതി.05.04.2018) | 1,69,60,006 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്(999/2018-19 തീയതിയ05.04.2018) | 75,39,231 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്(1000/2018-19 തീയതിയ05.04.2018) | 6,56,731 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ടൗൺ(102751200007/1) | 6,14,208 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ടൗൺ(1047505000950/1) | 13,51,555 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, തളാപ്പ് ബ്രാഞ്ച് (1047505000951/1) | 20,71,975 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, തളാപ്പ് ബ്രാഞ്ച് (1047505000952/1) | 8,18,095 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ലേഡീസ് (1021513000004/2) | 32,52,990 |

| | |
|---|---|
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ലേഡീസ് (1021513000004/1) | 13,34,479 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008433/1) | 2,33,82,000 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,ഈവനിംഗ് (1010504007741/1) | 2,33,82,000 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ലേഡീസ് (1021504012481/1) | 2,33,82,000 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008620/1) | 1,00,78,767 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008621/1) | 1,00,78,767 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008619/1) | 1,00,75,616 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008620/1) | 1,00,75,616 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008620/1) | 1,00,75,616 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്,ചാലാട് ഈവനിംഗ് ശാഖ(0220111800911) | 10,96,806 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്,ചാലാട് ഈവനിംഗ് ശാഖ(0220111800912) | 14,72,121 |
| ആകെ | 18,26,52,030 |

ഇൻകം ആന്റ് എക്സ്പ്പെന്റിച്ചർ അക്കൗണ്ടിലെ I-7 ഷെഡ്യൂളിൽ പലിശ ഇനത്തിൽ 1,78,64,946 രൂപ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ തുകയുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.മേൽ പറഞ്ഞ 23 സ്ഥിര നിക്ഷേപങ്ങളിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഓരോന്നിലും ലഭ്യമായ പലിശയുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നീക്കിയിരിപ്പ് പത്രികയിലെ B-12 ഷെഡ്യൂൾ (18,22,95,259), സ്ഥിര നിക്ഷേപ രജിസ്റ്റർ (18,26,52,030) എന്നിവ പ്രകാരവുമുള്ള സ്ഥിര നിക്ഷേപ നീക്കിയിരിപ്പിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-27 കെട്ടിടനിർമ്മാണ പെർമിറ്റ് അപാകങ്ങൾ

പള്ളിക്കുന്ന് സോൺ

1.പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ പള്ളിക്കുന്ന് സോണൽ ഓഫീസിൽ നിന്ന് ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററിൽ

ഈടാക്കുന്ന പെർമിറ്റ് ഫീ യുടെ വിവരങ്ങൾ ഉൾപ്പെടുത്താത്തതായി കാണുന്നു. ഇക്കാരണത്താൽ കൃത്യമായ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കിയാണോ പെർമിറ്റ് അനുവദിച്ചതെന്ന് വ്യക്തമല്ല.മാത്രമല്ല പെർമിറ്റ് രജിസ്റ്ററിന്റെ അവസാനം സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പെർമിറ്റ് ഫീയുടെ ഒടുക്കു വിവരങ്ങൾ ആയതിന്റെ കോളത്തിൽ ചേർക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിന്റെ അവസാന പേജിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിട നമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2.റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

റഗുലറൈസേഷന് വേണ്ടി ലഭിക്കുന്ന അപേക്ഷകൾക്കായി പ്രത്യേക റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.പെർമിറ്റ്/റെഗുലറൈസേഷൻ നിരസിക്കുന്ന അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല .

റഗുലറൈസ് ചെയ്യാൻ ലഭ്യമായ അപേക്ഷകളിൻമേൽ വിവിധ കാരണങ്ങളാൽ പെർമിറ്റ്/റെഗുലറൈസേഷൻ നിരസിക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | അബ്ദുൾ ഗദ്ദാഫി ജംഷീദ് | സെറ്റ് ബാക്കുകൾ ലഭ്യമല്ലാത്തതിനാൽ അപേക്ഷ നിരസിച്ചു. |

ഇത്തരം അപേക്ഷകളിൽ സ്വീകരിക്കുന്ന തുടർ നടപടി സംബന്ധിച്ച് നൽകിയ ഓഡിററ് അന്വേഷണക്കുറിപ്പിന് (AE-55/2019-20 തി.03-01-2021) ഇത്തരം ഫയലുകൾ തുടർ നടപടിക്കായി റവന്യൂസെക്ഷന് കൈമാറുന്നു എന്ന അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പള്ളിക്കുന്ന് സോണൽ ഓഫീസിലെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ കെട്ടിടം ഉൾപ്പെട്ടതായി കാണുന്നില്ല. ഇത്തരം കെട്ടിടങ്ങൾ സ്ഥാപനപരിധിയിൽ നിലനിൽക്കുന്നവയാണ്. ഇവയെ അനധികൃതമായ നിർമ്മാണങ്ങളായി പരിഗണിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിച്ചിട്ടില്ല. ഇവക്ക് പ്രത്യേക നമ്പർ നൽകി 3 ഇരട്ടി നികുതി ഈടാക്കാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233ാംവകുപ്പ് 2ാംവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ 2 ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

സ്ഥാപന പരിധിയിൽ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതും റിജക്റ്റ് ചെയ്യപ്പെടുന്ന റഗുലറൈസേഷൻ അപേക്ഷകളിൽ സ്വീകരിക്കുന്ന തുടർ നടപടികൾ നിരീക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിലൂടെ സ്ഥാപനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാനും നിയമലംഘനങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും സാധിക്കും. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക

ശ്രദ്ധ ക്ഷണിക്കുന്നു.

2.ഹെഡ്ഓഫീസ് കണ്ണൂർ

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999, റൂൾ 141(9) പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസ്സൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്ത മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ ടവറിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | കാലാവധി | മൊബൈൽ ടവറിന്റെ/ ഉടമയുടെ വിവരം | പെർമിറ്റ് നമ്പർ/തീയതി |
|---|---|---|---|
| 1 | 27.09.2019മുതൽ 26.09.21 വരെ | റിലയൻസ് ജിയോ | E3 BA 215/2019-2020 Dated 26/09/2019 |
| 2 | 27.08.2019 മുതൽ 26.08.2020 വരെ | റിലയൻസ് ജിയോ | E3 BA 216/2019-2020 Dated 27/08/2019 |

പെർമിറ്റ് കാലാവധിയായ ഒരു വർഷം കഴിഞ്ഞിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95 (3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച് കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ നഗരസഭയിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

1-28 മൊബൈൽ ടവറുകൾ - വസ്തുനികുതി കുടിശ്ശികയായി മൂന്നു വർഷം പിന്നിട്ടു-21,04,444/- രൂപ നഗരസഭ നഷ്ടപ്പെടുത്തി.

കണ്ണൂർ നഗരസഭയിലെ മെയിൻ ഓഫീസ്, സോണൽ ഓഫീസ് പരിധിയിലെ താഴെ കാണിച്ച മൊബൈൽ ടവറുകളുടെ 2013-14 മുതലുള്ള വസ്തുനികുതി, വസ്തുനികുതി സംബന്ധിച്ച സോഫ്റ്റ് വെയർ ആയ സഞ്ചയ സോഫ്റ്റ് വെയറിൽ താഴെ കാണിച്ച പ്രകാരം ഡിമാന്റ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഡിമാന്റ് ചെയ്ത മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെയായി പിരിച്ചെടുത്തിട്ടില്ല. ആയതിന്റെ വിശദവിവരം പട്ടികയായി താഴെ കാണിച്ചിരിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(1) വകുപ്പ് പ്രകാരം നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും ഒരു തുക ആയത് കുടിശ്ശികയായി 3 വർഷത്തിനു ശേഷം കാലാഹരണപ്പെടുന്നതും ഈ കാലപരിധിക്ക് ശേഷം യതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ ജപ്തിയോ ഇതിന്മേൽ നടത്താൻ പാടില്ലാത്തതുമാണ്. ഇതു പ്രകാരം 31.03.2018 വരെയുള്ള തുകകൾ നിലവിൽ ഈടാക്കുവാൻ കണ്ണൂർ നഗരസഭയ്ക്ക് യാതൊരു നിയമനടപടിയും ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളത് എന്ന് ഓഡിറ്റിൽ കാണുകയുണ്ടായി. 31/03/2018 വരെ കിട്ടേണ്ട തുകകൾ വസൂലാക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ടവറിന്റെ വസ്തു നികുതി ഇനത്തിൽ 21,44,014 /- രൂപ നഗരസഭയ്ക്ക് നഷ്ടപ്പെടുകയുണ്ടായി.

മെയിൻ ഓഫീസ്

| ക്രമ നം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | | | | |
|---|---|---|---|---|---|---|---|
| | | | 31.03.2018 വർഷം വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തുനികുതി | വസ്തു നികുതി 2018-19 വർഷം | വസ്തു നികുതി 2019-20 വർഷം | സഞ്ചയ പ്രകാരം 31.03.2020 വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തുനികുതി | ഏത്അർദ്ധ വർഷംമുതൽ |
| 1 | 40/1313 | ഭാരതി ടെലി വെൻച്വർ | 5396 | 1983 | 1983 | 9362 | 2013 ഒന്നാം അർദ്ധവർഷംമുതൽ |
| 2 | 41/717 | വി.ഡി സുദേവൻ | 85779 | 17607 | 17607 | 120993 | 2013ഒന്നാം അർദ്ധവർഷംമുതൽ |
| 3 | 44/226 | ജനറൽ മാനേജർ, ബി.എസ്.എ ൻ.എൽ ടവർ | 105471 | 24921 | 24921 | 155313 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 44/1023 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻലിമി. | 21972 | 7020 | 7020 | 36012 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 46/3146 | വയർലെസ്സ് ടി ടി ലിമി. | 66009 | 7722 | 7722 | 81453 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 46/3147 | സുദേവൻ.വി.ഡി | 66631 | 16462 | 16462 | 99555 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 46/3425 | ടി എൻ സാംബശിവൻ അയ്യർ | 183871 | 64121 | 64121 | 312113 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 47/2468/1 | റിലയൻസ് ജിയോ | 14742 | 4212 | 4212 | 23166 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 47/2557 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 24274 | 7371 | 7371 | 39016 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 47/3187 | ഐഡിയ ടെലി കമ്മ്യൂണിക്കേഷൻസ് | 26944 | 16322 | 16322 | 59588 | 2016 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | 48/442 | ഐഡിയ ടെലി കമ്മ്യൂണിക്കേഷൻസ് | - | 29115 | 32175 | 61290 | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 12 | 48/1249 | ഭാരതി എയർടെൽ ലിമിറ്റഡ് | - | - | 4077 | 4077 | 2019 ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 49/963/1 | റിലയൻസ് ജിയോ ഇൻഫോകോം പ്രൈവറ്റ് ലിമിറ്റഡ് | 2391 | 1187 | 1187 | 4765 | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| 14 | 49/1444/1 | റിലയൻസ് ജിയോ ഇൻഫോകോം പ്രൈവറ്റ് ലിമിറ്റഡ് | 3247 | 1623 | 1623 | 6493 | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| 15 | 50/1735/1 | ജയ്ബൽ മേനോൻ, ഭാരതി എയർടെൽ ലിമിറ്റഡ് | 86300 | 16249 | 29731 | 132280 | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 16 | 51/2218/1 | രാജ്കുമാർ.പി, ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 7371 | 4914 | 4914 | 17199 | 2016 ഒന്നാം അർദ്ധ വർഷം മുതൽ |
| 17 | 51/2761/1 | ബിജു പദ്മനാഭൻ | 77302 | 18428 | 18428 | 114158 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 18 | 51/2766 | സി.വി സന്തോഷ് കുമാർ | 109533 | 29484 | 29484 | 168501 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 19 | 52/4155 | ബിജു പദ്മനാഭൻ | 68467 | 8951 | 8951 | 86369 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 20 | 52/4594 | ഭാരതി എയർടെൽ | - | - | 10302 | 10302 | 2019ഒന്നാം അർദ്ധ വർഷം മുതൽ |
| 21 | 52/5535 | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ് (എയർസെൽ) | 70311 | 11373 | 11373 | 93057 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 22 | 52/5772 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 6636 | 4212 | 4212 | 15060 | 2016 ഒന്നാം അർദ്ധ വർഷം മുതൽ |
| 23 | 52/6213 | ശ്രീജിത്ത് ജി പിള്ള | 105612 | 22470 | 22470 | 150552 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 24 | 53/1255 | ഭാരതി എയർടെൽ ലിമിറ്റഡ് | - | 6300 | 11162 | 17462 | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| ആകെ | | | 1138259 | 322047 | 357830 | 1818136 | |

പുഴാതി സോണൽ ഓഫീസ്

| ക്രമ നം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | 31.03.2018 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി | വസ്തു നികുതി 2018-19 വർഷം | വസ്തു നികുതി 2019-20 വർഷം | സഞ്ചയ പ്രകാരം 31.03.2020 വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തു നികുതി | ഏത് അർദ്ധ വർഷം മുതൽ |
|---|---|---|---|---|---|---|---|
| 1 | 6/283 | ജയബാൽ മേനോൻ, | 467 | 10911 | 10911 | 22289 | 2016രണ്ടാം അർദ്ധവർഷംമുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഭാരതി ടെലി വെൻചേഴ്സ് ലിമിറ്റഡ് | | | | | |
| 2 | 6/329 A | സുദേവൻ വിഡി, വയർലെസ്സ് ടി ടി ഇൻഫോ സർവീസ് ലിമിറ്റഡ് | 125280 | 25272 | 25272 | 175824 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 6/1193 | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ് | 19975 | 9945 | 9945 | 39865 | 2015 രണ്ടാം അർദ്ധ വർഷം മുതൽ |
| 4 | 6/1258 | ജയബാൽ മേനോൻ, ഭാരതി ടെലി വെൻചേഴ്സ് ലിമിറ്റഡ് | 472 | 8119 | 8119 | 16710 | 2016രണ്ടാം അർദ്ധ വർഷം മുതൽ |
| 5 | 8/203 A | ബിജു പദ്മനാഭൻ, മാനേജർ റിലയൻസ് ഇൻഡസ്ട്രീസ് | - | 5864 | 38084 | 43948 | 2018 രണ്ടാം അർദ്ധ വർഷം മുതൽ |
| 6 | 10/261 | ജയബാൽ മേനോൻ, ഭാരതി ടെലി വെൻചേഴ്സ് ലിമിറ്റഡ് | 45070 | 9092 | 9092 | 63254 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 11/686 | ജയപാൽ മേനോൻ, ഭാരതി ടെലി വെൻചേഴ്സ് ലിമിറ്റഡ് | 500 | 8775 | 8775 | 18050 | 2016രണ്ടാം അർദ്ധ വർഷം മുതൽ |
| 8 | 11/701 | ബിജു പദ്മനാഭൻ, മാനേജർ റിലയൻസ് ഇൻഡസ്ട്രീസ് | - | 6397 | 38083 | 44480 | 2018 രണ്ടാം അർദ്ധ വർഷം മുതൽ |
| 9 | 13/42 | റിലയൻസ് ജിയോഇൻഫോ കോംലിമിറ്റഡ് | 1755 | 1755 | 1755 | 5265 | 2017 ഒന്നാം അർദ്ധ വർഷം മുതൽ |
| ആകെ | | | 193519 | 86130 | 150036 | 429685 | |

പള്ളിക്കുന്ന് സോണൽ ഓഫീസ്

| ക്രമ | കെട്ടിട | ടവറിന്റെ | 31.03.2018വർഷം | വസ്തു | വസ്തു | സഞ്ചയ | ഏത് അർദ്ധ |
|---|---|---|---|---|---|---|---|

| നം | നമ്പർ | ഉടമസ്ഥന്റെ പേര് | വരെ ഒടുക്കേണ്ട വസ്തു നികുതി | നികുതി 2018-19 വർഷം | നികുതി 2019-20 വർഷം | പ്രകാരം 31.03.2020 വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തു നികുതി | വർഷം മുതൽ |
|---|---|---|---|---|---|---|---|
| 1 | 54/697 | സി.വി സന്തോഷ്, ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ്ലിമിറ്റഡ് | 11387 | 7605 | 7605 | 26597 | 2016രണ്ടാം അർദ്ധ വർഷംമുതൽ |
| 2 | 54/836 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 11700 | 2340 | 2340 | 16380 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| | | ആകെ | 23087 | 9945 | 9945 | 42977 | |

എളയാവൂർ സോണൽ ഓഫീസ്

| ക്രമ നം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | 31.03.2018 വർഷം വരെ ഒടുക്കേണ്ട വസ്തു നികുതി | വസ്തു നികുതി 2018-19 വർഷം | വസ്തു നികുതി 2019-20 വർഷം | സഞ്ചയ പ്രകാരം 31.03.2020 വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തു നികുതി | ഏത് അർദ്ധ വർഷം മുതൽ |
|---|---|---|---|---|---|---|---|
| 1 | 21/547 | വയോംസ് നെറ്റ് വർക്ക് ലിമിറ്റഡ് | 47700 | 9630 | 9630 | 66960 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 23/1155 | റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് | 1389 | 1284 | 1284 | 3957 | 2016 രണ്ടാം അർദ്ധ വർഷം മുതൽ |
| 3 | 24/609 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ | - | 2700 | 10530 | 13230 | 2018രണ്ടാം അർദ്ധ വർഷം മുതൽ |
| | | ആകെ | 49089 | 13614 | 21444 | 84147 | |

എടക്കാട് സോണൽ ഓഫീസ്

| ക്രമ നം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | 31.03.2018 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി | വസ്തു നികുതി 2018-19 വർഷം | വസ്തു നികുതി 2019-20 വർഷം | സഞ്ചയ പ്രകാരം 31.03.2020 വരെ ഒടുക്കാൻ ബാക്കിയുള്ള | ഏത് അർദ്ധ വർഷം മുതൽ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വസ്തു നികുതി | |
| 1 | 32/953 | മാനേജർ, വയർലെസ്സ് ടി ടി ഇൻഫ്രാ സർവീസസ് ലിമിറ്റഡ് | 148750 | 30000 | 30000 | 208750 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 33/108 | എസ്കോട്ടൽ മൊബൈൽ | 28560 | 5760 | 5760 | 40080 | 2013ഒന്നാം അർദ്ധ വർഷംമുതൽ |
| 3 | 33/109 | എസ്കോട്ടൽ മൊബൈൽ | 28560 | 5760 | 5760 | 40080 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 33/110 | എസ്കോട്ടൽ മൊബൈൽ | 28560 | 5760 | 5760 | 40080 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 33/111 | എസ്കോട്ടൽ മൊബൈൽ | 29040 | 3840 | 3840 | 36720 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 33/587 | ജയ്പാൽ മേനോൻ, എം.എസ് ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 15081 | 7509 | 7509 | 30099 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 33/1257 | എം.എസ് ടാറ്റാ ടെലി സർവീസസ് ലിമിറ്റഡ് | 19040 | 3840 | 3840 | 26720 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 35/733 | എസ് ആർ ടെലികോം ടവർ | 16065 | 3240 | 3240 | 22545 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 37/1942 | ജയ്പാൽ മേനോൻ, ഭാരതി എയർടെൽ ലിമിറ്റഡ് | 16962 | 8446 | 8446 | 33854 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 37/1943 | ജയ്പാൽ മേനോൻ, ഭാരതി എയർടെൽ ലിമിറ്റഡ് | 15081 | 7509 | 7509 | 30099 | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 11 | 38/1186 | മാനേജർ, ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 15081 | 7509 | 7509 | 30099 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | 38/1551 | മാനേജർ, ബിജു പദ്മനാഭൻ, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 148750 | 30000 | 30000 | 208750 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 39/994 | എം.എസ് ഭാരതി എയർടെൽ | 8976 | 6695 | 6695 | 22366 | 2015 രണ്ടാം അർദ്ധ വർഷം മുതൽ |
| ആകെ | | | 518506 | 125868 | 125868 | 770242 | |

ചേലോറ സോണൽ ഓഫീസ്

| ക്രമനം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | 31.03.2018 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി | വസ്തു നികുതി 2018-19 വർഷം | വസ്തു നികുതി 2019-20 വർഷം | സഞ്ചയ പ്രകാരം 31.03.2020 വരെടുക്കാൻ ബാക്കിയുള്ള വസ്തു നികുതി | ഏത് അർദ്ധ വർഷം മുതൽ |
|---|---|---|---|---|---|---|---|
| 1 | 15/576 | എയർടെൽ ടവർ | 73575 | 14850 | 14850 | 103275 | 2013ഒന്നാം അർദ്ധ വർഷംമുതൽ |
| 2 | 15/656 | സുദേവൻ.വി.ഡി, മാനേജർ, വയർലെസ് ടി ടി ഇൻഫോസർവീസസ് | 11053 | 9900 | 9900 | 30853 | 2016 രണ്ടാം അർദ്ധ വർഷംമുതൽ |
| 3 | 16/687 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ | 11374 | 3803 | 3803 | 18980 | 2015 ഒന്നാം അർദ്ധ വർഷംമുതൽ |
| 4 | 18/515 | ജയബാൽ മേനോൻ | 29501 | 7426 | 7426 | 44353 | 2013 ഒന്നാം അർദ്ധ വർഷംമുതൽ |
| 5 | 19/409 | ബിജു പദ്മനാഭൻ, റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 48458 | 9900 | 9900 | 68258 | 2013 ഒന്നാം അർദ്ധ വർഷംമുതൽ |
| 6 | 19/584 | ജനറൽ മാനേജർ | 11374 | 3803 | 3803 | 18980 | 2015 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 20/778 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ | 36219 | 12110 | 12110 | 60439 | 2015 ഒന്നാം അർദ്ധ വർഷംമുതൽ |
| ആകെ | | | 221554 | 61792 | 61792 | 345138 | |

സംഗ്രഹം

| ക്രമ നമ്പർ | ഓഫീസ് | 31.03.2018 വർഷം വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തുനികുതി | വസ്തു നികുതി 2018-19 വർഷം | വസ്തു നികുതി 2019-20 വർഷം | സഞ്ചയ പ്രകാരം 31.03.2020 വരെ ഒടുക്കാൻ ബാക്കിയുള്ള വസ്തു നികുതി |
|---|---|---|---|---|---|
| 1 | മെയിൻ ഓഫീസ് | 1138259 | 322047 | 357830 | 1818136 |
| 2 | പുഴാതി സോണൽ ഓഫീസ് | 193519 | 86130 | 150036 | 429685 |
| 3 | പള്ളിക്കുന്ന് സോണൽ ഓഫീസ് | 23087 | 9945 | 9945 | 42977 |
| 4 | എളയാവൂർ സോണൽ ഓഫീസ് | 49089 | 13614 | 21444 | 84147 |
| 5 | എടക്കാട് സോണൽ ഓഫീസ് | 518506 | 125868 | 125868 | 770242 |
| 6 | ചേലോറ സോണൽഓഫീസ് | 221554 | 61792 | 61792 | 345138 |
| ആകെ | | 21,44,014 | 619396 | 726915 | 3490325 |

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം, കെട്ടിടത്തിന്റെ/ ടവറിന്റെ ഉടമ ഒടുക്കേണ്ടതായ വസ്തുനികുതി മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒടുക്കുവാൻ അയാൾ വീഴ്ച വരുത്തുന്ന പക്ഷം, സെക്രട്ടറിക്ക് അപ്രകാരമുള്ള നികുതി, അങ്ങനെയുള്ള കെട്ടിടം താൽക്കാലികമായോ അല്ലാതെയോ കൈവശം വെക്കുന്ന ആളോട് 15 ദിവസത്തിൽ കുറയാത്ത ഒരു നിശ്ചിത കാലയളവിനുള്ളിൽ നികുതി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം, ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയ പരിധിക്കുള്ളിൽ വസ്തുനികുതി നഗരസഭയിൽ അടക്കാത്ത പക്ഷം നികുതി തുക ഈടാക്കുന്നതിനായി സെക്രട്ടറി ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് പ്രകാരം മേൽ തുക കാലാഹരണപ്പെടാതിരിക്കുന്നതിനായി താങ്കളുടെ ഓഫീസിൽ നിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കേണ്ടതാണ്.

31.03.2018 വരെ കുടിശ്ശിക തുക (21,44,014/- രൂപ ) ഈടാക്കുവാൻ യഥാസമയം നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിൽ ഇത്രയും വലിയ തുക നഗരസഭയ്ക്ക് നഷ്ടപ്പെടുമായിരുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(2) വകുപ്പ് പ്രകാരം യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതും നഗരസഭയ്ക്ക് കിട്ടേണ്ടതുമായ ഏതെങ്കിലും തുക 539(1) വകുപ്പ് പ്രകാരം കാലാഹരണപ്പെടുന്ന പക്ഷം

അപ്രകാരം നഗരസഭക്ക് നഷ്ടപ്പെട്ടതായ തുക, അത് ഏത് ഉദ്യോഗസ്ഥന്റെ / ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് അന്വേഷിച്ച് കണ്ടെത്തി അവരിൽ നിന്നും 12% പലിശ സഹിതം നഷ്ടപ്പെട്ട തുക ഈടാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെ കണ്ടെത്തി 12% പിഴപ്പലിശ സഹിതം കുടിശ്ശിക ഇനത്തിൽ നഷ്ടപ്പെട്ട നികുതി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈടാക്കേണ്ടതുമായിട്ടുണ്ട്.

നികുതി പിരിവിന്റെ മേഖലയിൽ ഗുരുതരമായ പോരായ്മകൾ നില നിൽക്കുന്നതിന്റെ ഫലമായാണ് 2144014/- രൂപ പിരിച്ചെടുക്കാൻ കഴിയാത്ത വിധത്തിൽ നഗരസഭയ്ക്ക് നഷ്ടപ്പെട്ടത്. കുടിശ്ശികയാകുന്ന നികുതി യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കാനും തുക ഈടാക്കാനും, ഈടാക്കാൻ കഴിയാത്ത പക്ഷം നിയമാനുസൃതമായ അനന്തര നടപടികൾ സ്വീകരിക്കാനും നഗരസഭയ്ക്ക് സാധിക്കുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ തന്നെ ബാധിക്കുന്ന തരത്തിലുള്ള ഈ വരുമാന ചോർച്ച തടയാനുള്ള അടിയന്തിര നടപടികൾ നഗരസഭയുടെ കൗൺസിലിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. നഗരസഭ കൗൺസിലിന്റെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2018/19 വർഷത്തെ മൊബൈൽ ടവറിന്റെ വസ്തുനികുതി ഇനത്തിൽ മേൽ കാണിച്ച പ്രകാരം 6,19,396/- രൂപ മെയിൻ ഓഫീസിൽ നിന്നും സോണൽ ഓഫീസിൽ നിന്നും നികുതിയായി പിരിച്ചെടുക്കാൻ കുടിശ്ശികയായിട്ടുണ്ട്. ഈ തുക 31.03.2022 നകം പിരിച്ചെടുക്കാത്ത പക്ഷം 2018-19 വർഷത്തെ മൊബൈൽ ടവറിന്റെ വസ്തു നികുതി ഇനത്തിൽ ലഭിക്കേണ്ടുന്ന കുടിശ്ശിക തുകയായ 6,19,396/- രൂപ കേരള മുനിസിപ്പാലിറ്റി ആക്ട് 539(1) വകുപ്പ് അനുസരിച്ച് കാലഹരണപ്പെടുന്നതാണ്. ഈ കാലയളവിലെ നികുതി പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ മേൽ തുക കാലഹരണപ്പെടുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്താണെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എന്നതറിയിച്ചുകൊണ്ട് നൽകിയ വിവിധ ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല.

2019-20 വർഷത്തിൽ നഗരസഭയിലെ ആകെ മൊബൈൽ ടവറിന്റെ വസ്തുനികുതി ഇനത്തിൽ തൻവർഷ ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 9,39,526/- രൂപ ആയിരുന്നു. ഇതിൽ കേവലം 2,12,611/- രൂപ മാത്രമാണ് നാളിതുവരെയായും പിരിച്ചെടുത്തിട്ടുള്ളത്. 7,26,915/- രൂപ മൊബൈൽ ടവറിന്റെ തൻവർഷ (2019-20) നികുതി ഇനത്തിൽ പിരിച്ചെടുക്കാനായി ബാക്കിയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനും കാലാഹരണപ്പെട്ട് നഷ്ടപ്പെടാതിരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്താണെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എന്നതറിയിച്ചുകൊണ്ട് നൽകിയ വിവിധ ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടിയും തൃപ്തികരമല്ല.

1-29 മൊബൈൽ ടവർ -മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടും ഫീൽഡ്തല പരിശോധനയിൽ കണ്ടെത്തിയ വിവിധ ടവറുകൾ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ നികുതി ചുമത്തുകയോ ചെയ്യുന്നില്ല. നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടം

മെയിൻ ഓഫീസ്, പുഴാതി, എളയാവൂർ സോണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കിയ മൊബൈൽ ടവറുകൾ സംബന്ധിച്ച ഫീൽഡ്തല പരിശോധന റിപ്പോർട്ട് പ്രകാരം മെയിൻ ഓഫീസ് പരിധിയിൽ 91 ഉം പുഴാതി സോണൽ ഓഫീസ് പരിധിയിൽ 24 ഉം എളയാവൂർ സോണൽ ഓഫീസ് പരിധിയിൽ 18ഉം ടവറുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് നാളിതുവരെയായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. നികുതി ചുമത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ മൂലം ഈ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റിൽ ഉൾപ്പെടുത്താത്തത് കാരണം താഴെ കാണിച്ച ടവറിന്റെ ഉടമസ്ഥരിൽ നിന്നും വസ്തുനികുതി ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇത് മൂലം നഗരസഭയ്ക്ക് ഈ ടവറുകളുടെ വസ്തുനികുതിയിനത്തിൽ കിട്ടേണ്ടതായ തുക ഓരോ വർഷവും നഷ്ടപ്പെടുന്നു.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)മെയിൻ ഓഫീസ്

| ക്രമ നം | വാർഡ് നം | ടവറിന്റെ ഉടമസ്ഥാവകാശം | ടവറിന്റെ വിസ്തീർണം | ജനറേറ്റർ | ചുമത്താവുന്ന അടിസ്ഥാന വസ്തു നികുതി @500/m2 |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 44 | BSNL, RASA Corner, തഴക്കിൽ പീടിക | 23.2 | - | 11600 |
| 2 | 44 | INDUS,loknath Cross Road | 108.15 | 67.86 | 88005 |
| 3 | 45 Nearest No.45/1549 | റിലയൻസ്, പെലിക്കൺ ബിൽഡിംഗ് | 25 | | 12500 |
| 4 | 45 Nearest No.45/1549 | Airtel പെലിക്കൺ ബിൽഡിംഗ് | 25 | | 12500 |
| 5 | Nearest No45/724 | BSNL-delta Tower | 49.42 | | 24710 |
| 6 | Nearest No45/726 | IDEA (INDUS) Delta Tower | 49.42 | | 24710 |
| 7 | Nearest No.45/503 | BSNL | 23.62 | | 11810 |
| 8 | 40/1313 | INDUS | 93.625 | | 46813 |
| 9 | 40 | BSNL | 64.8 | | 32400 |
| 10 | 40 | BSNL | 22.7 | | 11350 |
| 11 | 41 | INDUS | 96 | | 48000 |
| 12 | 40 | BSNL | 53.94 | | 26970 |
| 13 | 43 | INDUS | 74.67 | | 37335 |
| 14 | 43 | BSNL | 19.66 | | 9830 |
| 15 | 43 | RELIANCE | 61.71 | | 30855 |
| 16 | 42 | BPL | 52.2 | | 26100 |
| 17 | 42 | TATA TELE SERVICES | 66.96 | | 33480 |
| 18 | 42 | INDUS | 110 | | 55000 |
| 19 | 42 | RELIANCE | 64 | | 32000 |
| 20 | 42 | INDUS | | | |
| 21 | 42 | TATA TELE SERVICES | 83.95 | | 41975 |
| 22 | 42 | IDEA | 40 | | 20000 |
| 23 | 42 | AIRTEL | - | | |
| 24 | 46/1866/1 | AIRTEL,Emerald Complex,kakkad | 22.04 | 24.25 | 23145 |
| 25 | 46/2818/1 | RELIANCE,KSRTC Comlex | 25 | | 12500 |
| 26 | 46/3422/1 Near Dinesh Auditorium | - | 20.52 | 27.52 | 24020 |
| 27 | 46/3396/1 Near Dinesh | - | 36.7 | 24.94 | 30820 |

| | | | | | |
|---|---|---|---|---|---|
| | Auditorium | | | | |
| 28 | 46/2733/1 Near Muncipal Complex | BSNL | 18.24 | 7.68 | 12960 |
| 29 | 46/2440 Near Mother & Child Hospital | VODAPHONE | 22.2 | 26.84 | 24520 |
| 30 | 46/2285/1 | RELIANCE | 19.44 | 36.3 | 27870 |
| 31 | 4/452/A | BSNL,south Bazar | 34.84 | | 17420 |
| 32 | 4/550/2 | BHARATHIAIRTEL | 17.49 | 23.36 | 20425 |
| 33 | TPE4/446 Near Smile Dental Clinic Makkani | AIRCEL | 35.34 | 20.46 | 27900 |
| 34 | Nearest No.47/282 | നവനീതം ഓഡിറ്റോറിയം | 22.8 | 4.5 | 13650 |
| 35 | Nearest No.47/1488 | Tour Vision India Ltd,safiya Comlex | 56.16 | 11.02 | 33590 |
| 36 | Nearest No.47/388 | IFD APPAREL | 33.97 | 15.54 | 24755 |
| 37 | Near Olacherikavu | - | 25 | 42 | 33500 |
| 38 | 53/401 | Syndicate Bank | 10.2 | 2.2 | 6200 |
| 39 | 53/613/A Kuhikkunnu | ലഭ്യമല്ല | 16.5 | - | 8250 |
| 40 | Nearest No 49/561 | INDUS TOWER | 26.79 | 10.15 | 18470 |
| 41 | Nearest No49/1062 | BSNL,near P&t Quarters | 6 | 39 | 22500 |
| 42 | Nearest No49/1062 | AIRTEL INDUS Near P&t Quarters | 43.47 | 56.96 | 50215 |
| 43 | Nearest No.48/1353 | RELIANCE | 46.72 | | 23360 |
| 44 | Nearest No.48/673 | BSNL,BSNL Bhavan Old Bus Stand | 66.825 | | 33413 |
| 45 | Nearest No.48/1856 | ATC INDIA,opp Ashirvad Hospital | 6.5 | 13.77 | 10135 |
| 46 | Nearest No.48/1609 | RELIANCE JIO | 24.09 | | 12045 |
| 47 | Nearest No.48/1353 | INDUS TOWER,Sherin Comlex Thavakkara | 24.94 | | 12470 |
| 48 | Nearest No.51/446 | RELIANCE | 18.06 | 11.4 | 14730 |
| 49 | Nearest No.51/189 | BSNL,sree Krishna Complex | 8.88 | 8.76 | 8820 |
| 50 | 51 TV/33/439 A | PP UMMERKUTTY ,INDUS | 11.28 | 26.73 | 19005 |

| | | | | | |
|---|---|---|---|---|---|
| 51 | Nearest No.TV/33/439 | ലഭ്യമല്ല | 13.04 | 26.73 | 19885 |
| 52 | Nearest No.51/1920 | INDUS | 11.15 | 13.2 | 12175 |
| 53 | Nearest No.48/135351/1167 | BSNL | 8.88 | 8.76 | 8820 |
| 54 | 52<br>Old No.TK/1/506J | IDEA | 22.72 | 7.59 | 15155 |
| 55 | 52<br>TK/1/592-A | AIRTEL<br>Near Husba Comlex | 18.77 | 6.87 | 12820 |
| 56 | 52<br>Tk/1/592-A | RELIANCE | 27.36 | 19.59 | 23475 |
| 57 | Nearest No.52/986 | AIRTEL/INDUS | 8.19 | 15.02 | 11605 |
| 58 | Nearest No. 52/5545 | ലഭ്യമല്ല | 17.39 | 26.32 | 21855 |
| 59 | 52<br>35/cw/574<br>Bharathi Airtel | Bharathi Airtel,near Padma Jwellery | ലഭ്യമല്ല | | |
| 60 | 52/5120<br>Near Centaur Tourist | ലഭ്യമല്ല | 9.86 | 5.8 | 7830 |
| | | | | ആകെ | 1338251 |

2)പുഴാതി സോണൽ ഓഫീസ്

| ക്രമ നം | വാർഡ് നം | ടവറിന്റെ ഉടമസ്ഥാവകാശം | ടവറിന്റെ വിസ്തീർണം | ജനറേറ്റർ | ചുമത്താവുന്ന അടിസ്ഥാന വസ്തു നികുതി @500/m2 |
|---|---|---|---|---|---|
| 1 | Nearest No.12/1328 | BSNL | 17 | 15 | 16000 |
| 2 | Nearest No12/773 | AIRTEL | 17 | | 8500 |
| 3 | Nearest No 12/769 | RELIANCE | 17 | 15 | 16000 |
| 4 | Nearest No 13/1289 | BSNL | 17 | 15 | 16000 |
| 5 | Nearest No 9/673-1,670 | RELIANCE | 17 | 15 | 16000 |
| 6 | Nearest No 12/896 | TATA | 17 | 15 | 16000 |
| 7 | Nearest No HARIDAS,SHEELA NIVAS, | AIRTEL | 17 | 15 | 16000 |

| | | | | | |
|---|---|---|---|---|---|
| 8 | 11/175 | RELIANCE | 17 | 15 | 16000 |
| 9 | Nearest No 6/911 ,Soubhagya Complex | BSNL | 17 | | 16000 |
| 10 | Nearest No6/595 LAKSHMI CMPLEX | AIRTEL | 17 | | 8500 |
| 11 | Nearest No 11/362 | RELIANCE | ലഭ്യമല്ല | | 0 |
| 12 | BSNL- | | Not Working | | |
| 13 | Nearest No 9/235 | RELIANCE | Not Working | | |
| | ആകെ | | | | 145000 |

3)എളയാവൂർ സോണൽ ഓഫീസ്

നികുതി ഡിമാന്റ് ചെയ്യാത്തതിനാൽ 92283 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം | വാർഡ് നം | ടവറിന്റെ ഉടമസ്ഥാവകാശം | വാർഷിക നികുതി |
|---|---|---|---|
| 1 | 2/1 | Bharathi Televenture | 9450 |
| 2 | 4/1 | Bharathi Televenture | 9450 |
| 3 | 9/1 | Bharathi Cellular Ltd | 9450 |
| 4 | 9/2 | Bharathi Cellular Ltd | 5136 |
| 5 | 14/637 | Bharathi Cellular Ltd | 14927 |
| 6 | 4/2 | Hutchson Essar Ltd | 9630 |
| 7 | 4/159 A | Wirless TT Info Service | 9630 |
| 8 | 8/1 | MK Narayanan Essar Telecom Tower | 9630 |
| 9 | 9/2 | Tata Teleservice | 5350 |
| 10 | 13/1 | Tata Teleservice | 9630 |
| | | ആകെ | 92,283/- |

4) പള്ളിക്കുന്ന് സോണൽ ഓഫീസ്

| ക്രമ നം | വാർഡ് നം | ടവറിന്റെ ഉടമസ്ഥാവകാശം | ടവറിന്റെ വിസ്തീർണം | ജനറേറ്റർ | ചുമത്താവുന്ന അടിസ്ഥാനവസ്തു നികുതി @500/m2 |
|---|---|---|---|---|---|
| 1 | 4/469 | BSNL | 4 | 26 | 15000 |
| 2 | - | AIRTEL | 4 | 4 | 4000 |
| 3 | 4/1174 | RELIANCE | - | 5.75 | ടവറിന്റെ വിസ്തീർണ്ണം ലഭ്യമാക്കാത്തതിനാൽ നികുതി കണക്കാക്കുവാൻ സാധിച്ചിട്ടില്ല. |
| 4 | - | TATA | 3 | 30 | 16500 |

| | | | | | |
|---|---|---|---|---|---|
| 5 | - | INDUS TOWER | 4 | 6 | 5000 |
| 6 | - | BSNL | - | - | ടവറിന്റെ വിസ്തീർണ്ണം ലഭ്യമാക്കാത്തതിനാൽ നികുതി കണക്കാക്കുവാൻ സാധിച്ചിട്ടില്ല. |
| 7 | - | TATA | - | 24 | ,, |
| 8 | - | AIRTEL | 4.05 | 5.8 | 4925 |
| 98 | - | AIRTEL | - | | ടവറിന്റെ വിസ്തീർണ്ണം ലഭ്യമാക്കാത്തതിനാൽ നികുതി കണക്കാക്കുവാൻ സാധിച്ചിട്ടില്ല. |
| 10 | - | AIRTEL | - | 15 | ,, |
| 11 | - | BSNL | - | 15 | ,, |
| 12 | - | AIRTEL | - | 30 | ,, |
| 13 | - | RELIANCE JIO | - | 20 | ,, |
| 14 | - | RELIANCE JIO | - | 6 | ,, |
| 15 | - | BSNL | - | 6 | ,, |
| ആകെ | | | | | 45,425 |

കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനിലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 27-4-2017 ലെ ആർ 1-4188/16 നമ്പർ അന്തിമ വിജ്ഞാപനം പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 500 രൂപയാണ്. ആയത് പ്രകാരം കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി മാത്രമാണ് മുകളിൽ ചേർത്ത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കോർപ്പറേഷൻ പരിധിയിലുള്ള മൊബൈൽ ടവറുകൾ യഥാസമയം കണ്ടെത്തി നികുതി ചുമത്താത്തതിനാൽ വാർഷിക വസ്തുനികുതിയിൽ മേൽ കാണിച്ച പ്രകാരം മാത്രം 16,20,959/- രൂപ നഷ്ടം ഉണ്ടാവുന്നുണ്ട്. മുഴുവൻ ടവറുകളുടെയും നിർമ്മാണം പൂർത്തിയാക്കിയ തീയതി കണ്ടെത്തി കോർപ്പറേഷന്റെ അനുമതി ഇല്ലാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ടവറുകൾ അനധികൃത നിർമാണമായി കണക്കാക്കി നിയമാനുസൃത നികുതി ഈടാക്കേണ്ടതാണ്. ഇക്കാര്യം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഫീൽഡ്തല പരിശോധന നടത്തി, മൊബൈൽ ടവറുകൾ കണ്ടെത്തി യഥാസമയം നികുതി ചുമത്താത്തത് മൂലം ഓരോ വർഷവും വസ്തുനികുതിയിൽ ഉണ്ടാകുന്ന നഷ്ടത്തിന്, നികുതി ചുമത്താനും പിരിച്ചെടുക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ബാധ്യസ്ഥരായി തീരുന്നതാണ്. (ഫീൽഡ്തല പരിശോധന നടത്തി കണ്ടെത്തിയ മുഴുവൻ മൊബൈൽ ടവറുകൾക്കും നികുതി ചുമത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും നികുതി ചുമത്താത്തത് മൂലമുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കണമെന്നും കണ്ണൂർ നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13 ൽ നിർദേശിച്ചിരുന്നു. എന്നാൽ നികുതി ചുമത്താൻ ബാധ്യസ്ഥരായ സോണൽ ഓഫീസർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്ന് ഇതുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുള്ളത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു)

(ചേലോറ, എടക്കാട് സോണൽ ഓഫീസ് പരിധിയിലെ മൊബൈൽ ടവറുമായി ബന്ധപ്പെട്ട ഫീൽഡ്തല റിപ്പോർട്ടിൽ, സോണൽ ഓഫീസ് പരിധിയിൽ യഥാക്രമം 15ഉം, 13ഉം ടവറുകൾ ഉള്ളതിൽ, മുഴുവൻ ടവറുകൾക്കും നികുതി ചുമത്തി മാതൃകാപരമായ നടപടി സ്വീകരിച്ചതും ശ്രദ്ധേയമാണ്. )

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 ബി.ഒ.ടി ബസ്റ്റാന്റ് നിർമ്മാണവും തുടർപ്രവർത്തനവും -നഗരസഭയുടെ ജാഗ്രതക്കുറവ് കോടികളുടെ നഷ്ടം

നഗരസഭ പരിധിയിൽ വരുന്ന താവക്കര എന്ന സ്ഥലത്ത് ബി.ഒ.ടി ബസ്റ്റാന്റ് ടെർമിനൽ നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ കണ്ണൂർ നഗരസഭ 14.8.2002 തീയ്യതിയിൽ 2.5719 ഹെക്ടർവസ്തുവും, അനുബന്ധ റോഡുകൾ നിർമ്മിക്കുന്നതിനായി 28.1.2005 ൽ 0.335502 ഹെക്ടർവസ്തുവും ലാന്റ് അക്വിസിഷൻ നടപടിപ്രകാരം അക്വയർ ചെയ്തിട്ടുണ്ട്. വസ്തു അക്വയർ ചെയ്യുന്നതിന്റെ ഭാഗമായി വിവിധ ഭൂവുടമകൾക്ക് 1,78,45,870/- രൂപ നഷ്ട പരിഹാരം നൽകിയിട്ടുമുണ്ട്. 14.8.2002 തീയ്യതിയിൽ കണ്ണൂർ തഹസിൽദാർ മുഖേന 2.5719 ഹെക്ടർവസ്തു അക്വയർ ചെയ്തതിനെ തുടർന്ന് ബി.ഒ.ടി ബസ്റ്റാന്റ് നിർമ്മാണത്തിനായി കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനത്തെ മത്സരാധിഷ്ടിത ടെൻണ്ടർ വഴി കണ്ടെത്തുകയും,അവരുമായി 27.10.2004ൽ "DEVELOPMENT OF THE CENTRALBUS TERMINAL COMPLEX AT THAVAKKARA, KANNURഎന്ന പേരിൽ ഒരു കൺസഷൻ എഗ്രിമെന്റ് നഗരസഭ സെക്രട്ടറി ഒപ്പുവെക്കുകയുമുണ്ടയി.

കൺസഷൻ എഗ്രിമെന്റ് പ്രകാരം നഗരസഭ നൽകുന്ന അപ്പോയിന്റഡ് തീയ്യതി മുതൽ29 വർഷം 3 മാസകാലത്തേക്ക് കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനത്തിന് നിർദ്ദിഷ്ട ബസ് ടെർമിനൽ നിർമ്മിക്കുവാനും, ഡിസൈൻചെയ്യുവാനും, പരിപാലിക്കുവാനും പ്രവർത്തിപ്പിക്കുവാനുമുള്ള അവകാശം ഉണ്ടായിരിക്കും.(Chapter 11 Grant Of Concession)

കൺസഷൻ എഗ്രിമെന്റിലെ റവന്യൂ (6.Revenue) എന്ന ശീർഷകത്തിനു താഴെ കാണിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനത്തിന് ബസ് ടെർമിനലിൽ പ്രവേശിക്കുന്ന ബസുകളിൽ നിന്ന് എൻട്രി ഫീ പിരിക്കാനുള്ള അവകാശം, ടെർമിനലിലെ കടമുറികളിൽ നിന്ന് വാടക പിരിക്കാനുള്ള അവകാശം, കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ കച്ചവടക്കാരിൽ നിന്ന് ഈടാക്കുന്ന ഡെപ്പോസിറ്റ് തുകയിൽ 35% നോൺ റീഫണ്ടബിൾ തുകയായി കൈപ്പറ്റുവാനുള്ള അവകാശം, ബാക്കിവരുന്ന 65% ഡെപ്പോസിറ്റ് തുകയുടെ പലിശ കൈപ്പറ്റുവാനുള്ള അവകാശം, ബസ് ടെർമിനലിലെ വാണിജ്യ, പാർക്കിംഗ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സ്ഥലത്തുനിന്ന് യൂസർ ഫീ കലക്ട് ചെയ്യാനുള്ള അവകാശം എന്നിവ ഉണ്ടായിരിക്കും.

കൺസഷൻ എഗ്രിമെന്റിലെ കൺസഷൻ ഫീ (7.Concession Fee) എന്ന ശീർഷകത്തിനു താഴെ കാണിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം കെ.കെ ബിൽഡേർസ്, സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴ്സ് പേരാവൂർ എന്ന സ്ഥാപനം കണ്ണൂർ നഗരസഭയ്ക്ക് ബസ് ടെർമിനൽ ഓപ്പറേറ്റ് ചെയുന്നതിനായി വർഷാവർഷം 10 ലക്ഷം രൂപ കൺസഷൻ ഫീ ആയി നൽകണം ഇതിൽ വീഴ്ച വരുത്തിയാൽ പലിശ സഹിതം ഈടാക്കുവാനുള്ള അവകാശം നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

27.10.2004 ൽ കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചതിനെ തുടർന്ന് കൺസഷനറീ അഥവാ കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനത്തിന് 27.11.2004 ന് സൈറ്റ് കൈമാറുകയും 6.1.2005 ൽ ബി.ഒ.ടി ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തി ആരംഭിക്കുകയും ചെയ്തു. വാണിജ്യ സമുച്ചയങ്ങളുൾപ്പെടേയുള്ള ബി.ഒ.ടി ബസ് ടെർമിനലിന്റെയും അനുബന്ധ പ്രവേശന റോഡിന്റെയും പ്രവർത്തി പൂർത്തിയായതിനെ തുടർന്ന് 31.3.2007 തീയ്യതി മുതൽ 29 വർഷം 3 മാസം കാലയളവിലേക്ക് കണ്ണൂർ നഗരസഭ കൺസഷനറിക്ക് ബസ് ടെർമിനൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകി.

23.11.2008 ൽ ബി.ഒ.ടി ബസ് ടെർമിനൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചതിനെ തുടർന്ന് കൺസഷനറിയായ കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനം ബസ് ടെർമിനൽ,ഇതോടനുബന്ധമായവാണിജ്യസമുച്ചയം, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവയെല്ലാം പരിപാലിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുകയും ഇതിൽനിന്ന് ലഭ്യമാകുന്ന എല്ലാ തരത്തിലുമുള്ള വരുമാന സ്രോതസ്സുകളും കൈപ്പറ്റുകയും ചെയ്യുന്നുണ്ട്.

കണ്ണൂർ നഗരസഭയ്ക്ക് ഉടമസ്ഥതാവകാശമുള്ള വസ്തുവിൽ സ്ഥിതിചെയ്യുന്ന ബി.ഒ.ടി ബസ് ടെർമിനലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നഗരസഭസെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണം നമ്പർ AE-75 /2019-20 ബി.1തീയ്യതി 10.2.2022 മറുപടി ലഭ്യമാക്കിയിട്ടില്ല.

1. 27.10.2004 ൽ കണ്ണൂർ നഗരസഭയും കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനത്തിനുവേണ്ടി അതിന്റെ മാനേജിംഗ് പാർട്ടണർ ശ്രീ കെ.കെ മോഹൻദാസ് എന്നവരും തമ്മിൽ ഒപ്പുവെച്ച കൺസഷൻ കരാറിലെ വ്യവസ്ഥ 7.2. 2അനുസരിച്ച് കൺസഷനറി ബി.ഒ.ടി ബസ് ടെർമിനൽ 29 വർഷം 3 മാസം പ്രവർത്തിപ്പിച്ച് വരുമാനം ആർജ്ജിക്കുന്നതിനു കൺസഷൻ ചാർജ്ജായി വർഷാവർഷം നഗരസഭയ്ക്ക് 10 ലക്ഷം രൂപ വീതം നൽകേണ്ടതാണ്. തുക യഥാസമയം നൽകിയില്ലങ്കിൽ പലിശ സഹിതം തുക ഈടാക്കാനുള്ള അവകാശം നഗരസഭയ്ക്ക് ഉണ്ടായിരിക്കും.എന്നാൽ ഈ ഇനത്തിൽ കൺസഷനറി സ്വമേധയാ ആകെ 45,00,000/- രൂപ മാത്രമേ നാളിതുവരെയായി (10.2.2022 വരെ) ലഭിച്ചിട്ടുള്ളുവെന്ന് ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു. 31.12.2013 ലെ നഗരസഭ കൗൺസിൽ തീരുമാനം 48 അനുസരിച്ച് 11.12.2013 ൽ നഗരസഭ കൺസഷനറിയുമായി നടത്തിയ ചർച്ചയിൽ വർഷം 10 ലക്ഷം രൂപ എന്നത് 1.4.2014 മുതൽ15 ലക്ഷമാക്കാനും ഓരോ 3 വർഷം കൂടുമ്പോഴും നിലവിലെ തുകയുടെ അടിസ്ഥാന നിരക്കായ 15 ലക്ഷത്തിന്റെ 10% വർദ്ധനവും ഉണ്ടായിരിക്കും എന്ന് സപ്ലിമെന്ററി കരാർ ഉണ്ടാക്കിയിട്ടുണ്ട്.

കൺസഷൻ കരാർ പ്രകാരം അപ്പോയിന്റഡ് തീയ്യതിയായ 31.3.2007 ന് കൺസഷൻആരംഭിച്ച് 29 വർഷം 3 മാസക്കാലം വരെയാണങ്കിലും 23.11.2008(Oparation Period) മുതലാണ് ബി.ഒ.ടി ബസ്റ്റാന്റ് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത് . അന്നുമുതൽ ടെർമിനേഷൻ കാലാവധിയായ 30.6.2036വരെ നഗരസഭയ്ക്ക് കിട്ടേണ്ട കൺസഷൻ ചാർജ്ജിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കൺസഷൻ തുക കിട്ടേണ്ട കാലയളവ് | യഥാർത്ഥത്തിൽ ഒടുക്കേണ്ട തുക | ഒടുക്കിയ കൺസഷൻ ചാർജ്ജ് | ബാലൻസ് |
|---|---|---|---|---|
| 1 | 23.11.2008 മുതൽ 22.11.2009 വരെ | 10,00,000/- | ഒടുക്കുവിവരങ്ങൾ രജിസ്റ്റർ, ഫയൽ എന്നിവയിൽ ഇല്ല | 10,00,000/- |
| 2 | 23.11.2009 മുതൽ 22.11.2010 വരെ | 10,00,000/- | ഒടുക്കുവിവരങ്ങൾ രജിസ്റ്റർ, ഫയൽ എന്നിവയിൽ ഇല്ല | 10,00,000/- |
| 3 | 23.11.2010 മുതൽ 22.11.2011 വരെ | 10,00,000/- | 10,00,000/-ചെക്ക് നം 037133/30.3.2011 Credited On 31.3.2011 | - |
| 4 | 23.3.2011 മുതൽ 22.11.2012 വരെ | 11,00,000/- | 10,00,000/-ചെക്ക് നം 048175/3.3.2012 Credited On 31.3.2012 | 1,00,000/- |
| 5 | 23.11.2012 മുതൽ 22.11.2013 വരെ | 11,00,000/- | 10,00,000/-ചെക്ക് നം 069251/29.3.2014 Credited On 4.4.14 | 1,00,000/- |
| 6 | 23.11.2013 മുതൽ 31.3.2014വരെ | 3,94,795/- | ഒടുക്കുവിവരങ്ങൾ രജിസ്റ്ററിൽ ഇല്ല | 3,94,795/- |

| | | | | |
|---|---|---|---|---|
| 7 | 1.4.2014 മുതൽ 31.3.2015 വരെ | 15,00,000/- *31.12.2013 ലെ 48ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരംകൺസഷൻ ;ചാർജ്ജ് 15,00,000/-ലക്ഷമാക്കി. | 15,00,000/- ചെക്ക് നം 069252/29.3.2014 Credited On 4.4.14* 1.4.14 മുതൽ കൺസഷൻ ഫീ 10,00,000/- എന്നത് 15,00,000/-ലക്ഷമാക്കി | --- |
| 8 | 1.4.2015 മുതൽ 31.3.2016 വരെ | 15,00,000/- | ഇല്ല | 15,00,000/- |
| 9 | 1.4.2016 മുതൽ 31.3.2017 വരെ | 15,00,000/- | ഇല്ല | 15,00,000/- |
| 10 | 1.4.2017 മുതൽ 31.3.2018 വരെ | 16,50,000/- | ഇല്ല | 16,50,000/- |
| 11 | 1.4.2018 മുതൽ 31.3.2019വരെ | 16,50,000/- | ഇല്ല | 16,50,000/- |
| 12 | 1.4.2019 മുതൽ 31.3.2020 വരെ | 16,50,000/- | ഇല്ല | 16,50,000/- |
| 13 | 1.4.2020 മുതൽ 31.3.2021 വരെ | 18,00,000/- | ഇല്ല | 18,00,000/- |
| 14 | 1.4.2021 മുതൽ 31.3.2022വരെ | 18,00,000/- | ഇല്ല | 18,00,000/- |
| 15 | 1.4.2022 മുതൽ31.3.2023വരെ | 18,00,000/- | ഇല്ല | 18,00,000/- |
| 16 | 1.4.2023 മുതൽ31.3.2024വരെ | 19,50,000/- | ഇല്ല | 19,50,000/- |
| 17 | 1.4.2024 മുതൽ 31.32025 വരെ | 19,50,000/- | ഇല്ല | 19,50,000/- |
| 18 | 1.4.2025 മുതൽ 31.3.2026 വരെ | 19,50,000/- | ഇല്ല | 19,50,000/- |
| 19 | 1.4.2026 മുതൽ 31.3.2027 വരെ | 21,00,000/- | ഇല്ല | 21,00,000/- |
| 20 | 1.4.2027മുതൽ 31.3.2028 വരെ | 21,00,000/- | ഇല്ല | 21,00,000/- |
| 21 | 1.4.2028 മുതൽ31.3.2029വരെ | 21,00,000/- | ഇല്ല | 21,00,000/- |
| 22 | 1.4.2029 മുതൽ31.3.2030വരെ | 22,50,000/- | ഇല്ല | 22,50,000/- |
| 23 | 1.4.2030 മുതൽ 31.3.2031 വരെ | 22,50,000/- | ഇല്ല | 22,50,000/- |
| 24 | 1.4.2031 മുതൽ 31.3.2032 വരെ | 22,50,000/- | ഇല്ല | 22,50,000/- |

| | | | | |
|---|---|---|---|---|
| 25 | 1.4.2032മുതൽ 31.3.2033 വരെ | 24,00,000/- | ഇല്ല | 24,00,000/- |
| 26 | 1.4.2033 മുതൽ 31.3.2034 വരെ | 24,00,000/- | ഇല്ല | 24,00,000/- |
| 27 | 1.4.2034 മുതൽ 31.3.2035 വരെ | 24,00,000/- | ഇല്ല | 24,00,000/- |
| 28 | 1.4.2035 മുതൽ 31.3.2036 വരെ | 25,50,000/- | ഇല്ല | 25,50,000/- |
| 29 | 1.4.2036 മുതൽ 30.6.2036 വരെ( ടെർമിനേഷൻ ) | 3,76,027/- | ഇല്ല | 3,76,027/- |

ആകെ 4,94,70,822/- 45,00,000/- 4,49,70,822/-

2. ബസ് ടെർമിനൽ പ്രവർത്തനമാരംഭിച്ചതോടേ കൺസഷനറിയോട് കെട്ടിട നികുതി ഒടുക്കുവാൻ നഗരസഭാധികൃതർ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് കെട്ടിട നികുതിയായി കൺസഷനറി 39,07,626/-രൂപ നഗരസഭയ്ക്ക് നൽകി. കൺസഷനറിയുടെ മേൽ കെട്ടിട നികുതി ചുമത്തിയത് നിയമവിരുദ്ധമാണെന്ന് കാണിച്ച് ശ്രീ കെ.കെ മോഹൻദാസ് മാനേജിംഗ് പാർട്ട്ണർ കെ.കെ ബിൽഡേഴ്സ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴ്സ് പേരാവൂര് ബഹു കേരളാ ഹൈക്കോടതിയിൽ നൽകിയ W.P(C) No.22737/09 കേസിൻമേൽ 25.8.2009 ൽ ഹൈക്കോടതി നൽകിയ വിധിന്യായത്തിൽ കൺസഷൻ എഗ്രിമെന്റിൽ പറഞ്ഞത് പ്രകാരമുള്ള(കൺസഷൻഎഗ്രിമെന്റ്34.2.3.) ആർബിട്രേറ്ററുടെ സാന്നിദ്ധ്യത്തിൽ പ്രശ്ന പരിഹാരമുണ്ടാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. ഇരുകക്ഷികളുടെയും വാദം കേട്ട് ആർബിട്രേറ്റർ 3.12.2012 ന് താഴെ പറയും പ്രകാരം അവാർഡ് പാസാക്കുകയുണ്ടായി.

A). ബി.ഒ.ടി പ്രകാരം നിർമ്മിച്ച താവക്കര ബസ്റ്റാന്റ് കോംപ്ലക്സിന്റെ കെട്ടിടനികുതി ഒടുക്കാൻ പരാതിക്കാരനായ കൺസഷനറിക്ക് ബാധ്യതയില്ല.

B). പരാതിക്കാരൻ അഥവാ കൺസഷനറി നഗരസഭയിൽ കെട്ടിടനികുതിയായി ഒടുക്കിയ 39,07,626/- രൂപ കൺസഷനറിക്ക് തിരിച്ച നൽകേണ്ടതാണ്. തിരിച്ച നൽകിയില്ലെങ്കിൽ കൺസഷൻ എഗ്രിമെന്റ് പ്രകാരം കൺസഷനറി നഗരസഭയ്ക്ക് വർഷാവർഷം നൽകാനുള്ള കൺസഷൻ തുകയായ 10 ലക്ഷം രൂപ ഈ തുകയിൽ നിന്ന് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. കൂടാതെ കെട്ടിട നികുതിയായി ഒടുക്കിയ 39,07,626/- രൂപയ്ക്ക് 15% പലിശ കെട്ടിട നികുതി ഒടുക്കിയ തീയ്യതി മുതൽ കൺസഷനറിക്ക് നഗരസഭ നൽകുകയും വേണം .

നഗരസഭയ്ക്ക് അനുകൂലമായ തീരുമാനമല്ലാത്തതിനാൽ നഗരസഭബഹു. ജില്ലാകോടതി തലശ്ശേരിയിൽ 405/2012 ആയി ഫയൽചെയ്ത കേസിൽ 30.3.2015 ന് വിധി പറഞ്ഞ കോടതി ആർബിട്രേറ്ററുടെ അവാർഡ് ശരിവെക്കുകയും നഗരസഭയുടെ വാദം തള്ളുകയുമാണുണ്ടായത്.

കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 235(എച്ച്) അനുസരിച്ച് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെവകകെട്ടിടങ്ങളും,സർക്കാർ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനത്തോട് അനുബന്ധിച്ച് കെട്ടിടങ്ങളും കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയതായി വ്യക്തമായി പ്രതിപാദിച്ചിരിക്കെയും 27.10.2004 ൽ ഉണ്ടാക്കിയ കൺസഷൻകരാറിൽ കെട്ടിട നികുതി ഒടുക്കിനെപറ്റി ഒന്നും പരാമർശിക്ക പ്പെടാതിരിക്കയും ചെയ്തിരിക്കെ കൺസഷനറിയിൽ നിന്ന് കെട്ടിട നികുതി ഡിമാന്റ് ചെയ്ത് അവരെ കൊണ്ട് നിർബന്ധപൂർവ്വം കെട്ടിട നികുതി ഒടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വീഴ്ചപറ്റിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതാണ്.

3. കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 235(എച്ച്) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വകകെട്ടിടങ്ങൾ വസ്തു നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിരിക്കെ ബഹു.ആർബിട്രേറ്ററുടെ അവാർഡിനെതിരെ ബഹു.ജില്ലാകോടതിയിൽ അപ്പീൽ സമർപ്പിച്ച് (കേസിൽ പരാജയപ്പെട്ടു) കേസ് ഇനത്തിൽ വൻ തുക ചെലവഴിച്ച് നഗരസഭഫണ്ടിന് നഷ്ടമുണ്ടാക്കിയതും പരിശോധിക്കപ്പെടേണ്ടതാണ് .

4. ബി.ഒ.ടി അടിസ്ഥാനത്തിൽ താവക്കരയിൽ ബസ്റ്റാന്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കായി വൻ തുക

ചെലവഴിച്ച് സ്ഥലം അക്വയർ ചെയ്യുകയും 29 വർഷം 3 മാസത്തേക് ബി.ഒ.ടി അടിസ്ഥാനത്തിൽ ബസ്സ്റ്റാന്റ് കോംപ്ലക്സ് നിർമ്മിച്ച് പ്രവർത്തനാനുമതി നൽകുകയും, നഗരസഭ നൽകിയ കൺസഷനു പകരമായി കെ.കെ ബിൽഡേർസ്,സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്ടേഴസ് പേരാവൂർ എന്ന സ്ഥാപനം വർഷാവർഷം കൺസഷൻചാർജ്ജ് നഗരസഭയ്ക്ക് നൽകാമെന്നും കൺസഷൻ എഗ്രിമെന്റ് ഉണ്ടാക്കുകയും ചെയ്തിരിക്കെ കെട്ടിട നികുതി കൺസഷനറിയിൽ ചുമത്തിയതും ആർബിട്രേറ്ററുടെ അവാർഡും, ജില്ലാകോടതിയുടെ തീരുമാനവും കൺസഷനറിക്ക് അനുകൂലമായത് കാരണം കൺഷനറി കെട്ടിട നികുതിയായി ഒടുക്കിയ തുകയ്ക്ക് ഭീമമായതുക പലിശയായി നഗരസഭ കൺസഷനറിക്ക് നൽകേണ്ടുന്ന സാഹചര്യമുണ്ടായിരിക്കുകയാണ് . പലിശയിനത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് മാത്രം കൺസഷനറി കൺസഷൻ ചാർജ്ജ് ഒടുക്കുന്ന സ്ഥിതി വിശേഷമാണുള്ളത് .

നഗരസഭയ്ക്ക് കൺസഷൻ ചാർജ്ജിനത്തിൽ(23.11.2008 മുതൽ 30.6.2036 വരെ)ലഭിക്കേണ്ട 4,94,70,822/- കോടി രൂപയിൽ ഇതു വരെയായി ലഭിച്ചത് കൺസഷനറി സ്വമേധയാഒടുക്കിയ 45,00,000 രൂപയും കെട്ടിടനികുതിയിനത്തിൽ ഒടുക്കിയ(ആർബിട്രേറ്ററുടെ അവാർഡ് പ്രകാരം )39,07,626/- രൂപയും കൂടി ആകെ 84,07,626/-രൂപയാണ് . വ്യത്യാസം -4,10,63,196/-രൂപ. എത്ര രൂപ കൺസഷനറിയിൽ നിന്ന് ലഭിക്കുവാനിടയുണ്ട്, എത്രരൂപ കൺസഷനറി നഗരസഭയ്ക്ക് നൽകാനുണ്ട് എന്നതിന്റെ യാതൊരുവിവരവും നഗരസഭ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിട നികുതിയായി എത്രരൂപ കൺസഷനറി ഒടുക്കിയിട്ടുണ്ടെന്ന 19.1.2020 ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം AE-76/19-20/B1 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

5.കൺസഷൻ എഗ്രിമെന്റ് 18.2 പ്രകാരം കണ്ണൂർ നഗരസഭ കുറഞ്ഞത് വർഷത്തിലൊരു പ്രാവശ്യമെങ്കിലും ബി.ഒ.ടി ബസ്സ്റ്റാന്റ് പരിശോധിക്കുകയും ഒരു ഇൻസ്പെക്ഷൻ റിപ്പോർട്ട് തയ്യാറാക്കുകയും വേണം. നഗര സഭ ഇത്തരം ഇൻസ്പെക്ഷൻ നടത്തിയതിന്റെ വിവരം പരിശോധനയ്ക്ക് നൽകേണ്ടതാണ്. കൂടാതെ ബി.ഒ.ടി ബസ്സ്റ്റാന്റിലും അനുബന്ധസ്ഥലങ്ങളിലും പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ കൺസഷൻ എഗ്രിമെന്റിൽ പറഞ്ഞു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ അത്തരം പരസ്യബോർഡുകൾ സ്ഥാപിച്ചതും എന്നും വ്യക്തമാക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ AE-75/2019-20 ബി.1 തീയ്യതി 10.2.2022 ന് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കിയിട്ടില്ല.

നഗരസഭാ അധികൃതരുടെ തെറ്റായ നിലപാട് മൂലം നഗരസഭയുടെ തനത് ഫണ്ടിൽ ഗുരുതരമായ ചോർച്ച വന്നത് ഓഡിറ്റ് ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ബി.ഒ.ടി അടിസ്ഥാനത്തിൽ നിർമ്മിച്ച സ്ഥാപനത്തിൽ നിന്ന് നടത്തിപ്പുകാർ കോടികൾ വരുമാനമുണ്ടാക്കുമ്പോൾ നഗരസഭയ്ക്ക് ഒരു രൂപപോലും നിലവിൽ ലഭിക്കാത്ത അവസ്ഥ ഉണ്ടാക്കിയത് ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായ വ്യക്തമായ കാഴ്ചപ്പാടിന്റെ അലംഭാവംമൂലമാണ്. ഇക്കാര്യത്തിൽ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 14 വർഷത്തോളം ഇനിയും മുന്നിലുണ്ടെന്നിരിക്കെ പ്രശ്നത്തെ ഗൗരവമായി സമീപിച്ച് ശാശ്വത പരിഹാരം കണ്ട് തനത് ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-31 ശ്മശാന വരവ്- രസീതികളും രജിസ്റ്ററുകളും ഹാജരാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 567(25) പ്രകാരം മുനിസിപ്പാലിറ്റി പരിപാലിക്കുന്ന ശവപ്പറമ്പുകളും ശ്മശാനങ്ങളും ക്രിമറ്റോറിയങ്ങളും ഉപയോഗിക്കുന്നതിനുള്ള ഫീസ് ചുമത്തുന്നത് സംബന്ധിച്ചും ശവം മറവുചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങളും ശവം കൈയ്യൊഴിക്കുന്നതിനുള്ള മറ്റുസ്ഥലങ്ങളും ക്രമീകരിക്കുന്നത് സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട് . കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ശ്മശാനത്തിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1). 2019-20 സാമ്പത്തിക വർഷത്തിലെ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല

2) 2019-20 സാമ്പത്തിക വർഷത്തിലെ രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നല്കിയ നമ്പർ.AE-112 /2019-20/B1 തീയതി 1202.2022 ഓഡിറ്റ് എൻക്വയറി പ്രകാരം 2019-20 സാമ്പത്തികവർഷത്തെ ശ്മശാനവരവിനെ സംബന്ധിച്ചുള്ള ഫയലുകൾ, രജിസ്റ്ററുകൾ, രസീതികൾ എന്നിവ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷികധനകാര്യപത്രികയിൽ ക്രിമറ്റോറിയം ഫീസിനത്തിൽ 1,059,300രൂപ വരവുവന്നതായി കാണുന്നുണ്ടെങ്കിലും ശ്മശാനത്തിൽ നിന്നുള്ള വരവുകളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ ശ്മശാന വരവ് സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-32 വാടക പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതക്കുറവും കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലുള്ള കാലതാമസവും - നഗരസഭയ്ക്ക് വരുമാന നഷ്ടം

നഗരസഭയുടെ അധീനതയിലുള്ള ബങ്കുകൾ, കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരുമായി വാടകക്കരാർ ചമച്ച് ലൈസൻസ് പുതുക്കുക, വാടക പിരിച്ചെടുക്കുക , കുടിശ്ശിക ഈടാക്കുക എന്നിവ യഥാസമയം ചെയ്യാത്തതിനാൽ നഗരസഭയ്ക്ക് വാടകയിനത്തിൽ വൻ വരുമാന നഷ്ടം ഉണ്ടാവുന്നു. കാലാനുസൃതമായ് ലൈസൻസ് പുതുക്കാത്തതിനാൽ നിരവധി സ്ഥാപനങ്ങളിൽ നിന്ന് പഴയ നിരക്കിലുള്ള വാടകയാണ് ഈടാക്കിവരുന്നത് .കൂടാതെ വാടക കുടിശ്ശിക പിരിച്ചെടുക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | കച്ചവട സ്ഥാപനത്തിന്റെ പേര് | അപാകങ്ങൾ |
|---|---|---|---|
| 1 | ശ്രീ.സി.എം അബ്ദുൾ ഗഫൂർ | കച്ചവടം നടത്തുന്ന ബങ്ക് | 16.6.2015 മുതൽ 15.6.2018 വരെ<br>ലൈസൻസ് എടുത്ത് സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിനുശേഷം ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| 2 | വി ജയേഷ്. | ഫ്രൂട്ട് മാർക്കറ്റിലെ റൂം | 31.3.2020വരെ കുടിശ്ശിക തുകയായി 60648/- രൂപ കിട്ടാനുണ്ടെങ്കിലും നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. |
| 3 | എൻ.സലീം | പട്ടാളം റോഡിലെ കോംപ്ലക്സിലെ റൂം | 31.3.2020വരെ കുടിശ്ശിക തുകയായി 48,141/- രൂപ കിട്ടാനുണ്ടെങ്കിലും നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. |
| 4 | ടി.പി ജലീൽ | പഴയ ബസ്റ്റാന്റിലെ റൂം | 31.3.2020വരെ കുടിശ്ശിക തുകയായി 58,848/-/- രൂപ കിട്ടാനുണ്ടെങ്കിലും നാളിതുവരെ പിരിച്ചെടുത്തിട്ടില്ല |
| 5 | എ.വി അബ്ദുൾ സലാം | ഫ്രൂട്ട് മാർക്കറ്റിലെ റൂം | 22.8.2009 മുതൽ 21.8.2012 വരെ ലൈസൻസ് കാലാവധി.അതിനുശേഷം ലൈസൻസ് പുതുക്കിയിട്ടില്ല |
| 6 | സലീം.കെ.വി | ഫ്രൂട്ട് മാർക്കറ്റിലെ റൂം | 29.9.2013 മുതൽ28.9.2016 വരെ ലൈസൻസ് കാലാവധി.അതിനുശേഷം ലൈസൻസ് പുതുക്കിയിട്ടില്ല |

മുകളിൽ കൊടുത്തത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് യഥാസമയം പുതുക്കാതെയും, വാടക കൃത്യമായി നൽകാതെയും , കുടിശ്ശിക നൽകാതെയും പ്രവർത്തിക്കുന്നുണ്ട്. അപാകങ്ങൾ പരിഹരിക്കുകയും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>നഗരസഭയുടെ കൈവശമുള്ള സെൻട്രൽ മാർക്കറ്റ് നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം തുടങ്ങാത്തത് നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടാകുന്നു</u>

പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മുഴവൻ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നഗരസഭ നിർമ്മിച്ച കെട്ടിടമാണ് സെൻട്രൽ മാർക്കറ്റ്. ഇതിന്റെ നിർമ്മാണത്തിനായി സർക്കാരിന്റെഅനുമതിയോടെ കെ.യു.ആർ.ഡി.എഫ്.സിയിൽനിന്ന് 2,52,35,872/-രൂപവായ്പയെടുക്കുകയും (Loan No/*KURDFC/*ULB/366/13 Dated 21.9.2013)ആയതിന്റെ പലിശ ഉൾപ്പെടെയുള്ള തിരിച്ചടവ് 2013-14 ൽ തുടങ്ങി 2021-22ലും തുടർന്ന്കൊണ്ടിരിക്കുകയാണ്. എന്നാൽ നാളിതുവരെയായി സെൻട്രൽ മാർക്കറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. സർക്കാർ ഉത്തരവ് (എം.എസ്) നം 147/2009/ത.സ്വ.ഭ.വ തീയ്യതി 29.9.2009 അനുസരിച്ച് ഇത്തരം ആസ്തികളുടെ നിർമ്മാണത്തിനായി വായ്പയെടുക്കമ്പോൾ വായ്പയുടെ തിരിച്ചടവ് സൃഷ്ടിക്കപ്പെടുന്ന ആസ്തിയിൽ നിന്ന് തിരിച്ചടുക്കുന്ന തരത്തിലായിരിക്കണം.എന്നാൽ വാടക രജിസ്റ്റർപ്രകാരം ആകെയുള്ള 85 മുറികളിൽ 20 എണ്ണം മാത്രമാണ് നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബാക്കിയുള്ളവ ഒഴിഞ്ഞ് കിടക്കുന്നു. മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിടുന്നത് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുവെന്ന് മാത്രമല്ല, മുറികൾ ഉപയോഗശൂന്യമായി കിടക്കുന്നത് മുറികളുടെ ഷട്ടറുകളും മറ്റും തുരുമ്പെടുത്ത് നശിക്കുന്നതിനും ഇടയാക്കുന്നു. ധനകാര്യസ്ഥാപനത്തിൽ നിന്ന് 2013-14 ൽ വായ്പയെടുത്ത് വായ്പയും പലിശയുമുൾപ്പെടെ ഓരോവർഷവും വൻതുക ധനകാര്യസ്ഥാപനത്തിന് തിരിച്ചടവ് നടത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും 2021 വർഷത്തിലും സെൻട്രൽ മാർക്കറ്റ് പൂർണ്ണ തോതിൽ പ്രവർത്തനം തുടങ്ങാത്തത് പൊതു പണം വിനിയോഗിക്കുന്നതിലെ ഗുരുതരമായ വീഴ്ചയാണ് കാണിക്കുന്നത്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം AE-58/2019-20/ബി1 തീയ്യതി.31/12/2021 ന് നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ അപാകങ്ങൾ പൂർണ്ണമായി

പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊണ്ടതായി അറിയിച്ചിട്ടില്ല.

1-33 കൗൺസിലിനെ തെറ്റിദ്ധരിപ്പിച്ച് കെട്ടിടനിർമ്മാണം നിജസ്ഥിതി അറിയിക്കേണ്ടതാണ്.

ഫയൽ നമ്പർ.EDZ/E1/6005/19

എടക്കാട് വില്ലേജിൽ RS 66/4 ൽ നവാസ് കച്ചേരി മുതൽപേർ ഉടമകളായ സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കി കെട്ടിടനമ്പർ 35/1450 (1 മുതൽ 5) അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടം അനധികൃത കെട്ടിട നിർമ്മാണമെന്നും ചട്ടങ്ങൾ ലംഘിച്ചുള്ളതാണെന്നും പറഞ്ഞ് മേയർക്ക് നൽകിയ പരാതിയെ തുടർന്ന് നടത്തിയ തുടർഅന്വേഷണത്തിൽ കെട്ടിട നിർമ്മാണം നടത്തിയത് കൗൺസിലിനെ തെറ്റിദ്ധരിപ്പിച്ചതാണെന്ന് കാണുകയുണ്ടായി.

മേൽ സ്ഥലത്തുണ്ടായിരുന്ന കെട്ടിടം റോഡ് വികസനത്തിന് സ്ഥലം നൽകിയത് മൂലം പൊളിച്ച് മാറ്റേണ്ടി വരികയും ബാക്കിയുള്ള സ്ഥലത്ത് കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾ പ്രകാരം കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതിനാൽ കൗൺസിൽ ടിയാന്റെ അപേക്ഷ പൂർണമായും പഠിക്കാതെ ചട്ടങ്ങളിൽ ഇളവ് നൽകാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും (സിആർ.6/26.09.2017)ആയത് പ്രകാരം കെട്ടിട നിർമ്മാണചട്ടം 3(സി)യിൽ ഇളവ് നൽകി പ്രസ്തുത സ്ഥലത്ത് കെട്ടിടനിർമ്മാണം നടത്താൻ സ.ഉ(സാ)1617/2018 തസ്വഭവ തീയതി.14.06.2018 പ്രകാരം അനുമതി നൽകുകയും ഉണ്ടായി. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും കെട്ടിടം നിർമ്മിക്കുകയുമാണ് ഉണ്ടായത്.

കൗൺസിൽ തീരുമാനവും സർക്കാർ ഉത്തരവും സംസ്കാരിക സ്ഥാപനം പുതുക്കിപ്പണിയുക എന്ന ലക്ഷ്യത്തോടെയാണ് നൽകിയതെങ്കിൽ ടിയാൻ സമർപ്പിച്ച പ്ലാനും നിർമിച്ച കെട്ടിടവും വാണിജ്യ ആവശ്യത്തിനായുള്ള കെട്ടിടമായിരുന്നു എന്നത് പരാതി പരിശോധനയിൽ സത്യമാണെന്ന് കണ്ടതിനെ തുടർന്ന് 26/11/19 ലെ EDZ/E1/6005/19 നമ്പർ ഉത്തരവ് പ്രകാരം എടക്കാട് സോണൽ അസിസ്റ്റന്റ് എൻജിനീയർ ഒക്യുപെൻസി റദ്ദ് ചെയ്യുകയുണ്ടായി.

ഉദ്യോഗസ്ഥതലത്തിലെ വീഴ്ച മൂലമാണ് ഇത്തരം ഒരു സ്ഥിതിവിശേഷം സംജാതമായത് എന്നു കരുതേണ്ടിയിരിക്കുന്നു.

പെർമിഷൻ കൊടുക്കാൻ വേണ്ടി സർക്കാരിലേക്ക് അഭ്യർത്ഥിക്കുകയും, സർക്കാർ പെർമിഷൻ ലഭിച്ച ശേഷം ആ ഉത്തരവ് നടപ്പിലാക്കാൻ കൗൺസിലിന് പറ്റുകയും ചെയ്യാത്ത സവിശേഷ സാഹചര്യമാണ് നഗരസഭയിൽ ഉരുത്തിരിഞ്ഞുവന്നത്.

ഫയൽ പരിശോധനയിൽ കെട്ടിട ഉടമയുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കണ്ണൂർ SR ഓഫീസിലെ 155/2014 നമ്പർ ആധാരത്തിൽ പോലും തർക്കം നിലനിൽക്കുന്നുണ്ട് എന്നിരിക്കെ ഇതൊന്നും പരിശോധിക്കാതെ കെട്ടിടാനുമതി നൽകുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് .

കെട്ടിട നിർമ്മാണത്തിനെതിരെ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്നും പരാതിക്കാരനെ കേൾക്കാതെ ഒക്യുപെൻസി റദ്ദ് ചെയ്ത നഗരസഭയുടെ നടപടിയിൽ ഹൈക്കോടതി അതൃപ്തി പ്രകടിപ്പിക്കുക കൂടിയുണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി, വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി ഹൈക്കോടതിയുടെ അന്തിമവിധി എന്നിവ സംബന്ധിച്ച വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-34 ക്ലോസ് ചെയ്ത അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ നിന്നും നീക്കം ചെയ്യുന്നില്ല.

നഗരസഭയുടെ വിവിധ അക്കൗണ്ടുകൾ ക്ലോസ് ചെയ്തുവെങ്കിലും (B17 ഷെഡ്യൂൾ പ്രകാരം) ആയത് വാർഷിക ധനകാര്യ പത്രികയിൽ നിന്നും [ RP40(a), RP40(b) ] നീക്കം ചെയ്തിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | അക്കൗണ്ട് വിവരം (കോഡ്) |
|---|---|
| 1 | Nationalised Bank - Municipal Fund-6 (450210600 |
| 2 | Nationalised Banks-municipal Fund-7 (450210700) |

| | |
|---|---|
| 3 | SBT Own Fund Puzhathi (450210800) |
| 4 | NMG Bank- Ownfund Puzhathi (450220200) |
| 5 | Dhanalakshmi Bank- Dead A/c (450220400) |
| 6 | SBT -Ownfund Muncipality (450220600) |
| 7 | PNB A/c Own Fund Muncipality |
| 8 | Scheduled Co-operative Banks- Muncipal Fund (450230100) |
| 9 | Chova Co-operative Distress Relief Edakkad (450230200) |
| 10 | Pallikunnu Service Co-operative Bank Distress Pallikunnu (450230400) |
| 11 | Co-operative Bank - Own Fund Puzhathi (450230500) |
| 12 | Service Co-operative Bank - Ownfund- Chelora (450230600) |
| 13 | Service Co-operative -Distress Relief Chelora (450230700) |
| 14 | Elayavoor Service Co-operative Bank (450230800) |
| 15 | Treasury Tsb A/c - Chelora (450250600) |
| 16 | TSB A/c Edakkad (450250700) |
| 17 | TSB A/c Elayavoor (450250800) |
| 18 | Nationalised Banks- Specialfunds-3 (450410300) |
| 19 | Other Scheduled Banks- Special Funds-1 (450420100) |
| 20 | Syndicate Bank MGNREGS Pallikunnu (450420200) |
| 21 | Syndicate Bank (SGRY Old) Pallikunnu (450420300) |
| 22 | NMG Bank- Saksharatha -Puzhathi (450420500) |
| 23 | Nationalised Banks- Grant Funds-2 (450610200) |
| 24 | SBT -Nrga Edakkad (450610400) |
| 25 | SBT -Pyka Edakkad (450610500) |
| 26 | SBT-mp Fund Edakkad (450610600) |
| 27 | Syndicate Bank-saksharatha Chelora (450620100) |
| 28 | Syndicate Bank Mp Fund - Chelora (450620200) |
| 29 | Syndicate Bank MNREGS Chelora (450620300) |
| 30 | Syndicate Bank Anganavadi Posakaharam Central Share (450620400) |
| 31 | Syndicate Bank- Pensions Chelora (450620500) |
| 32 | Union Bank- MPLAD Elayavoor (450620600) |
| 33 | Syndicate Bank- Saksharatha-elayavoor (450620700) |
| 34 | Syndicate Bank MLA Elayavoor (450620800) |
| 35 | Union Bank- MGNREGAS Elayavoor (450620900) |
| 36 | Kararinakam Co-op Bank Saksharatha Edakkad (450630100) |
| 37 | Elayavoor Service Co-op Bank President Relief (450630200) |
| 38 | Treasury MF A/c II Maintenance Fund (450650100) |
| 39 | MF/MCF II(b) Development Fund (Scp) (450650101) |
| 40 | Treasury MF A/c III Maintenance Fund (450650200) |
| 41 | TPA 772 Edakkad (450650300) |
| 42 | Treasury Tsb A/c Pallikunnu (450650500) |
| 43 | Treasury Tsb A/c Puzhathi (450650800) |

B17 പ്രകാരം നിലവിലുള്ള അക്കൗണ്ടുകളെക്കാൾ (31 അക്കൗണ്ടുകൾ) അധികം അക്കൗണ്ടുകൾ ഇത്തരത്തിൽ നിലനിൽക്കുന്നു. ഇത് അഭിലഷണീയമല്ല. മേൽ അക്കൗണ്ടുകൾ നിലനിൽക്കുന്നത് സംബന്ധിച്ചും ധനകാര്യ പത്രികയിൽ നിന്നും നീക്കം ചെയ്യുന്നതിൽ പ്രായാസം നേരിടുന്നുവെങ്കിൽ (സോഫ്റ്റ് വെയർ സംബന്ധിച്ച്) ആയത് സംബന്ധിച്ചും വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-35 ഉപയോഗ ശൂന്യമായി നിലനിൽക്കുന്ന ബാങ്ക് അക്കൗണ്ടുകൾ

കണ്ണൂർ നഗരസഭയിലെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B 17 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ പറയുന്ന അക്കൗണ്ടുകൾ ഉപയോഗ്യശൂന്യമായി നിലനിൽക്കുന്നു.

| അക്കൗണ്ട് (കോഡ്) | 2014-15 നീക്കിയിരിപ്പ് | 2015-16 നീക്കിയിരിപ്പ് | 2016-17 നീക്കിയിരിപ്പ് | 2017-18 നീക്കിയിരിപ്പ് | 2018-19 നീക്കിയിരിപ്പ് | 2019-20 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കാനറബാങ്ക്-ഡെഡ് അക്കൗണ്ട് (450220500) | 10552.70 | 10552.70 | 10552.70 | 10552.77 | 10552.77 | 10552.77 |
| പള്ളിക്കുന്ന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(450230300) | 10758036.67 | 61791.67 | 4000.67 | 4000.67 | 4000.67 | 4000.67 |
| ട്രഷറിപി.ഡി (450250200) | 78719 | 78719 | 78719 | 78719 | 78719 | 78719 |
| എൻ.എം.ജി-എം.ജി.എൻ.ആർ .ഇ.ജി.എസ് (450420400) | 202392 | 7232 | 7232 | 7232 | 7232 | 7232 |
| വി.പി.എഫ്.എ, പള്ളിക്കുന്ന് (450650400) | 1216 | 1216 | 1216 | 1216 | 1216 | 1216 |

മേൽ അക്കൗണ്ടുകളിൽ ഇടപാടില്ലാതെ ഒരേ നീക്കിയിരിപ്പ് തന്നെ വർഷങ്ങളായി കാണുന്നു. അക്കൗണ്ടുകൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം പരിശോധിച്ച് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കേരള പബ്ലിക്ക് ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) അമെൻഡ്മെന്റ് ആക്ട് 2000 (1989 ലെ കേരള ഗ്രന്ഥശാല സംഘം ആക്ട് സെക്ഷൻ 48 ഭേദഗതി) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സമയബന്ധിതമായി ഗ്രന്ഥശാല സംഘത്തിന് ഒടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ (എൽ) വകുപ്പ് 20-09-2006 ൽ പുറപ്പെടുവിച്ച 10088/എൽ 3/05 തസ്വഭവ നമ്പർ മാർഗ്ഗ നിർദേശം അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി (എപ്രിൽ 30 നകവും, സെപ്റ്റംബർ 30 നകവും ) സംസ്ഥാനലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് 2018-19, 2019-20 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കോർപ്പറേഷൻ 2018-19, 2019-20 സാമ്പത്തിക വർഷം ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കിയിട്ടില്ലെന്ന് വ്യക്തമാകുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| 31.03.2019ലെ നീക്കിയിരിപ്പ് B-9 (2018-19) | 2019-20ലെ വരവ് (RP 29) | ആകെ | 2019-20 ൽ ഒടുക്കിയത് | 31.03.2020 ലെ നീക്കിയിരിപ്പ് (B-9(2019-20) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | (RP - 29) | |
| 77,52,393.4 | 51,63,787 | 1,29,16,180 | 0 | 1,29,16,180 |

31.03.2020 ൽ ലൈബ്രറി സെസ് ഇനത്തിൽ 1,29,16,180/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ആയത് 30.04.2020 തീയതിക്കകം അടവാക്കേണ്ടതായിരുന്നു. കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 48(3) പ്രകാരം, ലൈബ്രറി സെസ് തുക യഥാസമയം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത് പ്രസ്തുത സ്ഥാപനത്തിലെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും ബാധ്യതയായി കണക്കാക്കണമെന്നും 2% തുക പലിശ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ലൈബ്രറി സെസ് തുക സമയബന്ധിതമായി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-37 വാഹന രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ 2000 അനുസരിച്ച് ഓരോ വാഹനത്തിനും വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ നിശ്ചിത മാതൃകയിലുള്ള ഫോർമാറ്റ് പ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്. ഫോർമാറ്റിന്റെ മാതൃക മേൽ ചട്ടത്തിന്റെ അനുബന്ധം (1) മുതൽ (5) വരെയായി നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ രജിസ്റ്റർ നിശ്ചിതമാതൃകയിലില്ലാത്തതും അവശ്യ വിവരങ്ങൾ പോലും ചേർക്കാത്തതുമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ വാഹനം പർച്ചേസ് ചെയ്ത വിവരങ്ങൾ പോലും കൃത്യമായി എഴുതി ചേർത്തിട്ടില്ല. നഗരസഭ കൌൺസിലിന്റെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട സെക്ഷനുകൾക്ക് നൽകി രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക.1-55 കാണുക)

1-38 കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ ലഭ്യമല്ല. ഭൂനികുതി അടവാക്കുന്നില്ല.

ഫയൽ നമ്പർ ഇ4 -10859/17

ബാലൻസ് ഷീറ്റിലെ ബി11 ഫിക്സഡ് അസറ്റ് സ്റ്റേറ്റ് മെന്റ് പ്രകാരം മുനിസിപ്പൽ കോർപ്പറേഷനിൽ കോഡ് നം.410100100 ൽ 5,09,33,966(അഞ്ചു കോടി ഒമ്പത് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി തൊള്ളായിരത്തി അറുപത്തി ആറ്) രൂപയുടെ ഭൂമി കൈവശമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 42,01,024 (കോഡ്.410100102) രൂപ വിലമതിക്കുന്ന പാർക്കും, 24,37,965(കോഡ്-410100200) രൂപ വിലമതിക്കുന്ന കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഭൂമിയുമായി ആകെ 5,75,72,955 രൂപ വിലമതിക്കുന്ന ഭൂമി നഗരസഭയുടെ കൈവശമുണ്ട്.

മേൽ ഫയൽ ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കിയപ്പോൾ കൈവശമുള്ള ബഹുഭൂരിപക്ഷം സ്ഥലങ്ങളുടെയും ഭൂനികുതി വർഷങ്ങളായി അടവാക്കുന്നില്ല എന്ന് കാണുകയുണ്ടായി. ആവസാനമായി നികുതി ഒടുക്കിയ വിവരമോ, ഭൂമി ആർജിച്ചരീതിയോ ഫയലിൽ പൂർണമായി ലഭ്യമല്ല. നഗരസഭയുടെ മാലിന്യ സംസ്കരണ കേന്ദ്രമായ ചേലോറ ട്രഞ്ചിംഗ് ഗ്രൌണ്ടിന്റെ നികുതിപോലും വർഷങ്ങളായി ഒടുക്കാറില്ല എന്ന് കാണുന്നു. 2019 ൽ ഇ4/10859/17 ഫയൽ പ്രകാരം ഇതിനുള്ള ശ്രമങ്ങൾ ആരംഭിച്ചെങ്കിലും ഒന്നും പൂർത്തിയായതായി കാണുകയുണ്ടായില്ല. കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി കയ്യേറുകയോ അന്യാധീനപ്പെടുകയോ ചെയ്താൽ അത് മനസ്സിലാക്കാനുള്ള യാതൊരു രേഖകളും കോർപ്പറേഷന്റെ കൈയ്യിലില്ല എന്നത് ഗുരുതരമായ പ്രശ്നമായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭാ കൌൺസിൽ അടിയന്തിര പ്രാധാന്യം നൽകി ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ കാലികമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. (വിശദ വിവരങ്ങൾക്ക് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക.1.56 കാണുക)

1-39 അനർഹർക്ക് സാമൂഹ്യക്ഷേമ പെൻഷൻ തുടർനടപടികൾ- അറിയിക്കേണ്ടതാണ്

| | |
|---|---|
| ഫയൽ നമ്പർ | PZ/B2/1462/19 |
| നഗരസഭ കൗൺസിൽ തീരുമാനം | 6/19.2.2020 |

പുഴാതി സോണലിൽ അനർഹരായവർക്ക് ക്ഷേമപെൻഷൻ നൽകുന്നതായി വിജു പി എന്നയാൾ മുഖ്യമന്ത്രിക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 17/02/19ന് നടന്ന ഹിയറിങ്ങിൽ പരാതിയിൽ പലതും വാസ്തവമാണെന്നും ധാരാളം അനർഹർ ക്ഷേമപെൻഷൻ കൈപ്പറ്റുന്നതായും കാണുകയുണ്ടായി.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ | പേര് | കാലയളവ് | കൈപ്പറ്റിയ | വിലാസം | പെൻഷൻ | അനർഹതക്ക് |
|---|---|---|---|---|---|---|

| നം | | | തുക | | ഐഡി | കാരണം |
|---|---|---|---|---|---|---|
| 1 | രമണി രാജൻ | 04/2015 മുതൽ 07/2019 വരെ | 58700 | രാംനിവാസ് പൊടിക്കുണ്ട് | 111330200926 | ടിയാരിയുടെ ഭർത്താവ് ആദായനികുതി ഒടുക്കുന്നു |
| 2 | മധുസൂദനൻ സി | 04/2017 മുതൽ 09/2019 വരെ | 40600 | സിനി രാമതെരു | 112590201969 | 1000ccയിൽ അധികമുള്ള സ്വകാര്യ വാഹന ഉടമ |
| 3 | ബാലൻ.പി | 04/2015 മുതൽ 09/2019 വരെ | 58600 | ദീപം, പൊടിക്കുണ്ട് | 112590201969 | 1000ccയിൽ അധികമുള്ള സ്വകാര്യ വാഹന ഉടമ |
| 4 | ശ്രീധരൻ.കെ.പി | 04/2015 മുതൽ 07/2019 വരെ | 57800 | രശ്മി രാമതെരു | 111330200856 | 1000ccയിൽ അധികമുള്ള സ്വകാര്യ വാഹന ഉടമ |
| 5 | രാംദാസ് കൊങ്ങിണി | 04/2015 മുതൽ 09/2019 വരെ | 60300 | രാംനിവാസ് പൊടിക്കുണ്ട് | 111330201257 | വരുമാനം സംബന്ധിച്ച് ഉറപ്പുവരു ത്താൻ സാധിക്കാത്തതിനാൽ വരു മാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാ ൻ നിർദേശിച്ചെങ്കിലും സഹകരിക്കു കയുണ്ടായില്ല. |
| | | | 276000 | | | |

സർക്കുലർ നം. 90/2019(SFCB)Fin 18/11/2019 പ്രകാരം ക്ഷേമ പെൻഷനുള്ള അർഹത നിർണ്ണയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മേൽപ്പറഞ്ഞവരെല്ലാം അനർഹരാണ്. ഇവർ എത്രകാലമായി അനർഹമായി തുക കൈപ്പറ്റുന്നു, ഇവരിൽനിന്ന് തുക തിരിച്ചു പിടിച്ചതിന്റെ വിശദവിവരങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ് എന്നും ക്ഷേമപെൻഷൻ സംബന്ധിച്ച അർഹത നിർണ്ണയിക്കേണ്ട അന്വേഷണ ഉദ്യോഗസ്ഥന്മാർ ഇത്തരം ഗുരുതര വീഴ്ച വരുത്തിയത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ എന്നും പുഴാതി സോണലിൽ സംഭവിച്ച ഇപ്രകാരമുള്ള ഗുരുതര അപാകതകൾ മറ്റു സോണലുകളിലും പഴയ മുനിസിപ്പൽ പ്രദേശത്തും ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും നഗരസഭാ സെക്രട്ടറിയോട് ഓഡിറ്റ് അന്വേഷണം AE-27/2019-20/ബി1 തീയതി : 02/12/2021 പ്രകാരം ആവശ്യപ്പെട്ടതിന് പുഴാതി സോണൽ ഓഫീസർ ബി3 5015/21 തീയതി 16/12/2021 പ്രകാരം 17/01/2022 ന് നൽകിയ മറുപടിയിൽ, പരാമർശിച്ച 5 പേർ വിവിധ കാലയളവുകളിലായി 276000/- രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും അവരുടെ പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരിച്ചു പിടിച്ചതായി പരാമർശിച്ചിട്ടില്ല. ഇത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. സമൂഹത്തിലെ നിരാലംബർക്ക് നൽകുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ തികച്ചും അനർഹർ കൈപ്പറ്റി എന്ന് കൃത്യമായി തെളിയിക്കപ്പെട്ടിട്ടും രണ്ടരവർഷത്തിലേറെ ആയിട്ടും തുക തിരിച്ചു പിടിക്കാൻ യാതൊരു വിധ നടപടിയും സ്വീകരിക്കാത്തത് വിശദീകരിക്കേണ്ടതാണ്. CR 6/19-02-2020 പ്രകാരം പെൻഷൻ റദ്ദ് ചെയ്യാൻ തീരുമാനിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

അനർഹർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ശുപാർശ ചെയ്ത അന്വേഷണ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുടർനടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ക്ഷേമപെൻഷൻ കൈപ്പറ്റുന്നവരിൽ പുഴാതി സോണലിലും മറ്റ് സോണലുകളിലും പഴയ മുനിസിപ്പൽ പ്രദേശത്തും ഇത്തരം അനർഹർ കടന്നുകൂടിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോധ്യപ്പെടാൻ നടപടി സ്വീകരിച്ചിരുന്നോ എന്ന് ഓഡിറ്റ് എൻക്വയറി പ്രകാരം അന്വേഷിച്ചുവെങ്കിലും മറുപടിയിൽ ഇത് സംബന്ധിച്ച യാതൊരു പരാമർശവും ഉണ്ടായില്ല.

അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റുന്നവരുണ്ടോ എന്ന് അടിയന്തിരമായി അന്വേഷണം നടത്തുകയും അനർഹർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ശുപാർശ ചെയ്ത ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ആയത് ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

1-40 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- പെൻഷണർ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം- അപാകങ്ങൾ

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ജനന-മരണ രജിസ്റ്ററുകൾ, വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ രജിസ്റ്ററുകളുമായുംസാമൂഹ്യ ക്ഷേമ പെൻഷൻ സോഫ്റ്റ് വെയറായ സേവനയുമായും ഒത്തുനോക്കിയപ്പോൾ, മുനിസിപ്പൽ കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ പെൻഷണർമാർ മരണപ്പട്ടതിനു ശേഷവും നൽകിയതായി കാണുന്നു. സ.ഉ(പി) നം.31/2000/തൊഴിൽ തീയതി.14.03.2000, സ.ഉ(പി)നം.11/2003/തൊഴിൽ തീയതി.23.08.2003 എന്നിവ പ്രകാരം പെൻഷണർ മരണപ്പെട്ടാൽ മരണം നടന്ന മാസം വരെയുള്ള കുടിശ്ശിക മാത്രമേ അവകാശികൾക്ക് നൽകാൻ പാടുള്ളൂ. മരണപ്പെട്ടതിന് ശേഷവും പെൻഷൻ നൽകുന്നത് അനധികൃതമാണ്.

വിവിധ ക്ഷേമ പെൻഷനുകൾ പെൻഷണർമാർ മരണപ്പെട്ടതിനു ശേഷവും വിതരണം ചെയ്തതിന്റെ വിവരം താഴെ പട്ടികയിൽ കോളം 6 ൽ ചേർക്കുന്നു. ഇത് പ്രകാരം ആകെ 67,800/- രൂപ (15,900+45,900 +4,800+1,200/-രൂപ) അധികം നൽകിയിട്ടുണ്ട്.

മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതുണ്ട്. മേൽ കാണിച്ചതു പ്രകാരം അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

മാത്രമല്ല, പെൻഷണർമാർ മരണപ്പെട്ട വിവരം നഗരസഭയിൽ രജിസ്റ്റർ ചെയ്തതിനുശേഷവും ആയതു പരിഗണനയിലെടുത്ത് പെൻഷൻ വിതരണം നിർത്തൽ ചെയ്യുന്നതിനു പകരം ടി.പെൻഷണർമാരുടെ പേരിൽ താഴെ കാണിച്ച പ്രകാരം "പെൻഷൻ കൈപ്പറ്റിയ" കാലയളവിനു ശേഷം 2022 ജനുവരി വരെ വിവിധ അക്കൗണ്ടുകളിലായി പെൻഷൻ തുക തടഞ്ഞുവെച്ചിട്ടുമുണ്ട്. വിശദ വിവരം ചുവടെ പട്ടികയിൽ കോളം 7 ൽ കൊടുക്കുന്നു. (85,200+4,43,400+42,200+45,800 = 6,16,600.00 )

മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാലാണ് ഹോം ഡെലിവറിയായും, ബാങ്ക് വഴിയും വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ തടഞ്ഞുവച്ചിട്ടുള്ളത് എന്നാണ് സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും വ്യക്തമായത്. ഇപ്രകാരം തടഞ്ഞുവെച്ചിട്ടുള്ള തുക ഡി ബി ടി അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-40-1 വികലാംഗ പെൻഷൻ

| ക്രമ നം | പെൻഷണറുടെ പേര്/ ആധാർ നമ്പർ | പെൻഷൻ ഐഡി | മരണ രജിസ്റ്റർ പ്രകാരം മരണപ്പെട്ട തീയതി | ബാങ്ക് / അക്കൗണ്ട് നം. | അധികം നൽകിയ തുക | ഏതു മാസം മുതൽ ഏതു മാസം വരെ | തടഞ്ഞു വെച്ച തുക | ഏതു മാസം മുതൽ ഏതു മാസം വരെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | 7 | |
| 1 | മുഹമ്മദലി സി.എച്ച് 234312077211 | (102220 400213) | 06-12-2018 | കേരള ഗ്രാമീൺ (ബാങ്ക്A/c. 404311010 22629) | 8100.00 | ജനുവരി 2019 - ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019 – ജനുവരി 2022 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | കെ. ശ്രീനിവാസൻ (395111 876236 ) | (1022204 00177) | 18-01-2019 | കേരള ഗ്രാമീൺ ബാങ്ക് (A/c.4043110 003315) | 7800.00 | ഫെബ്രുവരി 2019- ജൂലൈ 2019 | 43000.00 | ആഗസ്റ്റ്2019- ജനുവരി2022 |
| | ആകെ | | | | 15900.00 | | 85200.00 | |

1-40-2 വാർദ്ധക്യകാല പെൻഷൻ

| ക്രമനം | പെൻഷണറുടെ പേര്/ ആധാർ നമ്പർ | പെൻഷൻ ഐഡി | മരണ രജിസ്റ്റർ പ്രകാരം മരണപ്പെട്ട തീയതി | ബാങ്ക് / അക്കൗണ്ട് നം. | അധികം നൽകിയ തുക | ഏതു മാസം മുതൽ ഏതു മാസം വരെ | തടഞ്ഞു വെച്ച തുക | ഏതു മാസം മുതൽ ഏതു മാസം വരെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | 7 | |
| 1 | ലീലാവതി (242151 850111) | (102220 201527) | 19-03-2019 | സിന്റിക്കറ്റ് ബാങ്ക് (A/c.4242221 0006525) | 1200 | ഏപ്രിൽ 2019 | 45800 | മെയ് 2019- ജനുവരി 2022 |
| 2 | കുമാരൻ.സി (717980 732415) | (111320 201359) | 21-01-2019 | സിന്റിക്കറ്റ് ബാങ്ക് (A/c.421522 00100220) | 4500 | ഫെബ്രുവരി 2019 ഏപ്രിൽ 2019 | - | Suspend |
| 3 | കൃഷ്ണൻ.ടി (21790 8102111) | (111320 200517) | 29-03-2019 | എസ്ബിഐ (A/c.2013 5421234) | 4800 | ഏപ്രിൽ 2019 - ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019- ജനുവരി 2022 |
| 4 | മജീദ്.കെ.പി (281067 098311) | (102220 201629) | 10-03-2019 | എസ്ബിഐ (A/c.34767 694346) | 4800 | ഏപ്രിൽ 2019 – ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019- ജനുവരി 2022 |
| 5 | ബാലൻ.ടി. (414499 581860) | (1113702 02499) | 08-01-2019 | എസ്ബിഐ (A/c.20198 434920) | 7000 | ഫെബ്രുവരി 2019- ജൂലൈ | 42200 | ആഗസ്റ്റ് 2019- ജനുവരി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 2019 | | 2022 |
| 6 | രവീന്ദ്രൻ. എൻ.കെ (2612287 43666) | (1114102 01767) | 04-01-2019 | സിന്റിക്കറ്റ് ബാങ്ക് (A/c.424122 00185260) | 7000 | ഫെബ്രുവരി 2019- ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019- ജനവരി 2022 |
| 7 | ഗംഗാധരൻ. പി (214376 607901) | (1114102 02342) | 03-05-2019 | കേരള ഗ്രാമീൺ ബാങ്ക് (A/c.405011 00006855) | 2400 | ജൂൺ 2019- ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019- ജനവരി 2022 |
| 8 | അഹമ്മദ്കുട്ടി. വി.പി (473669 373894) | (102220 200801) | 07-05-2019 | കേരള ഗ്രാമീൺ ബാങ്ക് (A/c.4043110 1020870) | 2400 | ജൂൺ 2019- ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019- ജനവരി 2022 |
| 9 | വിൻസെന്റ് കോട്ടായി (513166 946223) | (1022202 00533) | 17-05-2019 | കോർപ്പറേഷൻ ബാങ്ക് (A/c.00270010 1001156) | 3000 | ജൂൺ 2019- ജൂലൈ 2019 | 46000 | ആഗസ്റ്റ് 2019- ജനവരി 2022 |
| 10 | കുഞ്ഞിരാമൻ. കെ.വി (874782 966021) | (1114102 02203) | 24-01-2019 | കേരള ഗ്രാമീൺ ബാങ്ക് (A/c.4050110 1013782) | 4400 | ഫെബ്രുവരി 2019- ഏപ്രിൽ 2019 | 49200 | മെയ് 2019- ജനവരി 2022 |
| 11 | കെ.പവിത്രൻ (285800 782353) | (1113712 02034) | 29-01-2019 | എസ്ബിഐ (A/c.67355 887386) | 4400 | ഫെബ്രുവരി 2019- ഏപ്രിൽ 2019 | 49200 | മെയ് 2019- ജനവരി 2022 |
| | ആകെ | | | | 45900 | | 443400 | |

1-40-3 വിധവ പെൻഷൻ

| ക്രമനം | പെൻഷണറുടെ പേര് | പെൻഷൻ ഐഡി | മരണ രജിസ്റ്റർ പ്രകാരം മരണപ്പെട്ട തീയതി | ബാങ്ക് / അക്കൗണ്ട് നം. | അധികം നൽകിയ തുക | ഏതു മാസം മുതൽ ഏതു മാസം വരെ | തടഞ്ഞുവെച്ച തുക | ഏതു മാസം മുതൽ ഏതു മാസം വരെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | 7 | |
| 1 | നബ്രോൻ രോഹിണി 999309948471 | 111320600108 | 28-03-2019 | കേരള ഗ്രാമീണ് ബാങ്ക് (A/c.4576101004182) | 4800 | ഏപ്രിൽ 2019 - ജൂലൈ 2019 | 42200 | ആഗസ്റ്റ് 2019 - ജനുവരി 2022 |
| | ആകെ | | | | 4,800 | | 42200 | |

1-40-4 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

| ക്രമനം | പെൻഷണറുടെ പേര് | പെൻഷൻ ഐഡി | മരണ രജിസ്റ്റർ പ്രകാരം മരണപ്പെട്ട തീയതി | ബാങ്ക് / അക്കൗണ്ട് നം. | അധികം നൽകിയ തുക | ഏതു മാസം മുതൽ ഏതു മാസം വരെ | തടഞ്ഞുവെച്ച തുക | ഏതു മാസം മുതൽ ഏതു മാസം വരെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | 7 | |
| 1 | സുധ.പി.കെ 364178169608 | 111380500276 | 30-03-2019 | ഹോം ഡെലിവറി | 1200 | ഏപ്രിൽ2019 | 45800 | മെയ് 2019 - ജനുവരി 2022 |
| | ആകെ | | | | 1,200 | | 45800 | |

1-41 കരാർ ലംഘിച്ച കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടിയില്ല. നഷ്ടോത്തരവാദം ഈടാക്കിയില്ല.

| | |
|---|---|
| ഫയൽ നമ്പർ | ഇ1/26007/19 |
| നഗരസഭ കൗൺസിൽ തീരുമാനം | 24/19.2.2020 |
| പ്രൊജക്റ്റ് നമ്പർ | 304/2020 |
| പ്രൊജക്റ്റിന്റെ പേര് | അറക്കൽ ഡിവിഷൻ-ആസാദ് റോഡ് ഡ്രെയിനേജ് നിർമ്മാണം |

10,00,000 രൂപ അടങ്കലുള്ള മേൽ പ്രോജക്റ്റ് 7.76% പെർഫോമൻസ് ഗ്യാരണ്ടിയോടുകൂടി അബ്ദുൾഅലി സിഎച്ച് എന്നയാൾ കരാർ ഏറ്റെടുത്തിരുന്നു. 04 -11- 2019 ന് സെലക്ഷൻ നോട്ടീസ് ലഭിച്ച ടിയാൾ 07-01- 21 ന് നൽകിയ കത്ത് പ്രകാരം കരാറിൽ നിന്ന് പിൻവാങ്ങുകയുണ്ടായി. CR 24 / 19.02.2020 പ്രകാരം കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടി കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ പ്രവർത്തി റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചിരുന്നു .ഈ പ്രവർത്തി റീ ടെണ്ടർ ചെയ്തതിന്റെയും ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കിയ ഇ.എം.ഡി അടക്കമുള്ള നഷ്ടപരിഹാരത്തിന്റെയും വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കണം എന്നാവശ്യപ്പെട്ട് നൽകിയ AE-26/19-20 ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി പ്രസ്തുത പ്രോജക്റ്റ് 2020-21 കാലയളവിൽ 780769.75 രൂപക്ക് റീടെണ്ടർ ചെയ്ത് 51061.25 രൂപ അധികം ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചു എന്നതാണ്. ഈ പ്രോജക്റ്റുമായി

ബന്ധപ്പെട്ട് ഒന്നാമത്തെ കരാറുകാരൻ 22,200 രൂപ മാത്രമാണ് EMD ഇനത്തിൽ നഗരസഭയിൽ ഒടുക്കിയിട്ടുള്ളതെന്നും വിശദീകരിക്കുകയുണ്ടായി. കരാർ ഒപ്പിടാതെ ടെണ്ടറിൽ നിന്ന് പിൻവാങ്ങിയതിനാൽ 5% EMD യും ടിയാൻ ഒടുക്കിയിട്ടില്ല എന്ന് വിശദീകരിക്കപ്പെട്ടു. ആദ്യം അടച്ച EMD യായ 22,200 രൂപ കണ്ടുകെട്ടുകയും ടിയാൻ പിൻവാങ്ങിയതിനാൽ നഗരസഭക്ക് സംഭവിച്ച നഷ്ടമായ 51061.25 രൂപ അടിയന്തിരമായി ടിയാനിൽ നിന്നും ഈടാക്കുകയും ചെയ്യേണ്ടതാണ്. 02/12/2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 07/12/2021 ലെ ഇ1-26007/19 നമ്പർ കത്ത് പ്രകാരം ടിയാനോട് തുക തിരിച്ചടക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതായി വിശദീകരിക്കപ്പെട്ടെങ്കിലും ഓഡിറ്റ് തീയതി വരെ നഗരസഭാ ഫണ്ടിന് നഷ്ടമായ തുക കരാറുകാരൻ തിരിച്ചടവാക്കിയില്ല.

## 1-42 തെരുവുവിളക്കുകൾക്ക് എ.എം.സി - നഗരസഭ ഫണ്ടിനു ചോർച്ച വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 711/19-20 (സ്പിൽ ഓവർ) |
| ഫയൽ | ഇ5-16428/(3) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| തനതു ഫണ്ട് | 10,74,000 | ഇല്ല |
| മെയിന്റനൻസ് ഗ്രാന്റ് | 2990670 | 2990670 |
| ആകെ | 4064670 | 2990670 |

മേൽ പ്രോജക്റ്റ് പ്രകാരം പഴയ നഗരസഭാ പ്രദേശത്തും കൂട്ടിച്ചേർക്കപ്പെട്ട 5 പഞ്ചായത്ത് (5 സോണൽ ഓഫീസ്) പരിധികളിലുമായി തെരുവ് വിളക്ക് റിപ്പയർ നടത്തുന്നതിനായി ടെൻഡർ വിളിച്ച് സ്വകാര്യവ്യക്തികൾക്ക് കരാർ നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.09.2011 ലെ നം.3055/ഡിഎ3/11 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്.

ഇതിൽ എളയാവൂർ സോണലിൽ നടപ്പാക്കിയ ഈ പ്രോജക്റ്റ് ഓഡിറ്റ് വിശദപഠനത്തിന് വിധേയമാക്കിയപ്പോൾ നഗരസഭയുടെ ഫണ്ടിൽ ചോർച്ച വരുന്നതായി കാണുകയുണ്ടായി .

പദ്ധതി നടപ്പാക്കുന്നതിന് മുമ്പായി നഗരസഭയും കെഎസ്ഇബിയും ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം എളയാവൂർ സോണലിനു കീഴിലെ കണ്ണൂർ, കാടാച്ചിറ, ഏച്ചൂർ, താഴെചൊവ്വ തുടങ്ങിയ ഇലക്ട്രിക്കൽ സെക്ഷനുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തിയപ്പോൾ ലഭിച്ച തെരുവു വിളക്കുകളുടെ എണ്ണം താഴെ പറയുന്നു.

| Corporation Division | Tube | SVL (Sodium Vapour Lamp) | CFL | Incandescent Lamp | LED | Highmast Lamp |
|---|---|---|---|---|---|---|
| 21 | 167 | 6 | 1 | | | |
| 22 | 134 | 3 | 3 | | | |
| 23 | 202 | 10 | 2 | | | |

| | | | | | | |
|---|---|---|---|---|---|---|
| 24 | 140 | 0 | 1 | | | |
| 25 | 153 | 14 | 0 | 1 | 1 | |
| 26 | 107 | 37 | 0 | 0 | 4 | |
| 27 | 128 | 10 | 1 | 1 | 0 | |
| 28 | 144 | 8 | 0 | 0 | 0 | 1 |
| 29 | 141 | 10 | 12 | 0 | 3 | 0 |
| ആകെ | 1316 | 98 | 20 | 2 | 8 | 1 |

ടെണ്ടർ ഏറ്റെടുത്ത അൾട്രാ ഇലക്ട്രിക്കൽ കോൺട്രാക്ടേർസ്, കണ്ണൂർ എന്ന സ്ഥാപനത്തിലേക്ക് ഒരു വർഷം നൽകേണ്ട കരാർ തുക നിശ്ചയിച്ചത് താഴെ കാണിക്കും വിധമാണ്.

| ഇനം | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| ട്യൂബ് | 1337 | 540 | 721980 |
| ഇൻകാൻഡസന്റ് | 1 | 400 | 400 |
| എസ്.വി.എൽ | 98 | 1445 | 141610 |
| സി.എഫ്.എൽ | 22 | 600 | 13200 |
| | | ആകെ | 877190 |

ഇത് 8,75,000 രൂപയായി നിജപ്പെടുത്തി നാല് തവണയായി കരാറുകാരന് താഴെ കാണിച്ച പ്രകാരം തുക നൽകുകയുണ്ടായി.

| ബിൽ നമ്പർ / തീയതി | തവണ | അറ്റ തുക | നികുതി കുറവ് | ആകെ |
|---|---|---|---|---|
| 600/16.01.19 | 1 | 144875 | 7625 | 152500 |
| 1273/23.03.19 | 2 | 274750 | 14250 | 285000 |
| 326/14.07.19 | 3 | 207810 | 10940 | 218750 |
| 638/22.10.19 | 4 | 207811 | 10939 | 218750 |
| | | | ആകെ | 875000 |

കരാറുകാരന് ഓരോ മൂന്ന് മാസം കണക്കുകൂട്ടി ഓരോ പാർട്ട് ബിൽ തുക നൽകുമ്പോഴും കരാർ കാലയളവിൽ ടിയാൻ ഓരോ വാർഡിലും ചെയ്ത റിപ്പയർ പ്രവൃത്തികൾ സംബന്ധിച്ച് അതാത് വാർഡ് കൌൺസിലർമാർ രേഖാമൂലം സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. ഇതിൻ പ്രകാരം എളയാവൂർ സോണലിലെ ഒമ്പത് വാർഡുകളിലെ കൌൺസിലർമാർ നൽകിയ റിപ്പയർ പ്രവൃത്തികളുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| വാർഡ് | ട്യൂബ് | സി.എഫ്.എൽ | സോഡിയം വേപ്പർ ലാമ്പ് | ലാമ്പ് |
|---|---|---|---|---|
| 21 | 98 | 0 | 0 | 0 |
| 22 | 93 | 0 | 0 | 0 |
| 23 | 149 | 7 | 7 | 0 |
| 24 | 161 | 0 | 0 | 0 |
| 25 | 182 | 3 | 10 | 3 |
| 26 | 74 | 2 | 13 | 0 |
| 27 | 103 | 1 | 1 | 0 |
| 28 | 92 | 1 | 0 | 4 |
| 29 | 126 | 6 | 0 | 0 |
| ആകെ | 1078 | 20 | 31 | 7 |

മേൽ സാക്ഷ്യപത്രം പ്രകാരം കരാറുകാരന് നൽകേണ്ടിയിരുന്ന തുക താഴെ കാണിക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| ട്യൂബ് | 1078 | 540 | 582120 |
| സി.എഫ്.എൽ | 20 | 600 | 12000 |
| എസ്.വി.എൽ | 31 | 1445 | 44795 |
| ലാമ്പ് | 7 | 400 | 2800 |
| | ആകെ | | 641715 |

അതായത് കരാറുകാരൻ നിശ്ചയിച്ച നിരക്ക് പ്രകാരം ഈ കാലയളവിൽ എളയാവൂർ സോണലിൽ 6,41,715 രൂപയുടെ പ്രവൃത്തി മാത്രമാണ് നടന്നത് എന്ന് കാണാവുന്നതാണ്. എന്നാൽ കരാർ നിബന്ധന പ്രകാരം ടിയാന് 8,75,000 രൂപ നഗരസഭ നൽകുകയും ചെയ്തിട്ടുണ്ട്. 2,33,285/- രൂപ കരാറുകാരന് നഗരസഭ അധികം നൽകിയിട്ടുണ്ട്.

കരാർ നിബന്ധനയിൽ ചെയ്ത പ്രവൃത്തിക്ക് കൂലി എന്ന നിബന്ധന വെക്കാതെ എത്ര കുറവ് പണിചെയ്താലും മുഴുവൻ തുക നൽകേണ്ടി വന്നത് കരാർ നിബന്ധനയിലെ ഗുരുതരമായ വീഴ്ച മൂലമാണ്. ഒന്നുകിൽ കരാർ തുക അല്ലെങ്കിൽ ചെയ്ത പ്രവൃത്തിക്ക് ആനുപാതികമായ തുക ഏതാണോ കുറവ് അതേ കരാറുകാരന് നൽകൂ എന്ന

വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്താത്തതിനാലാണ് നഗരസഭ ഫണ്ടിന് മേൽ കാണിച്ച പ്രകാരം അനാവശ്യമായ ചെലവ് വന്നത് എന്നത് ഓഡിറ്റ് നിരീക്ഷിക്കുന്നു.

എളയാവൂർ സോണലിലെ പരിശോധനയിൽ മാത്രം വർഷം ഏകദേശം 2.5 ലക്ഷം രൂപ ഈ ഇനത്തിൽ അധിക ചെലവ് വന്നുവെന്നിരിക്കെ മറ്റ് നാല് സോണൽ ഓഫീസ് മേഖലയിലും, പഴയ മുനിസിപ്പൽ പ്രദേശത്തും ഇതേ രൂപത്തിലുള്ള അധികച്ചെലവ് വന്നു കാണാൻ സാധ്യത ഏറെയാണ്.
ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് തെരുവ് വിളക്ക് സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയത് പ്രകാരം നിശ്ചയിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണത്തിന് മാത്രമേ തുക നൽകാൻ പറ്റൂ എന്നിരിക്കെ ചില വാർഡുകളിൽ സംയുക്ത പരിശോധനയിൽ കണ്ടതിനേക്കാൾ കൂടുതൽ എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തു കാണുന്നുണ്ട് എന്നതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഉദാ-

| വാർഡ് | സംയുക്ത പരിശോധന (ട്യൂബ് ) | കൌൺസിലർ സർട്ടിഫിക്കറ്റ് പ്രകാരം (ട്യൂബ് ) | അധികം (ട്യൂബ് ) |
|---|---|---|---|
| 24 | 140 | 161 | 21 |
| 25 | 153 | 182 | 29 |
| | | ആകെ | 50 എണ്ണം |

മേൽ പട്ടിക പ്രകാരം അധികം വന്ന 50 ട്യൂബിന്റെ ചെലവായി 27,000/- രൂപ ( 50 X 540 = 27,000 രൂപ) അധിക ചെലവായി നൽകിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇക്കാര്യം സംബന്ധിച്ച് ഗൗരവപൂർവ്വം പരിശോധന നടത്തി ദുർവ്യയം നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും ഓരോ പ്രാവശ്യവും പാർട്ട് ബിൽ നൽകുമ്പോൾ അതാത് കൗൺസിലർമാർ നൽകിയ റിപ്പയർ സർട്ടിഫിക്കറ്റിൽ പറഞ്ഞ പ്രവൃത്തിക്ക് ആനുപാതികമായി മാത്രമേ തുക നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-43 വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുന്നതിൽ വീഴ്ച, തീരുമാനങ്ങൾ നടപ്പിലാക്കുന്നുമില്ല

കോർപ്പറേഷനിൽ 2019-20ൽ കുറഞ്ഞത് 17 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതുണ്ട്. (സ.ഉ(കൈ)17/18 തസ്വഭവ തീയതി.02.01.2018 പ്രകാരം 16 എണ്ണവും സ.ഉ(സാ)2710/18/തസ്വഭവ തീയതി.23.10.2018 പ്രകാരം ഒരെണ്ണവും.) ഓഡിറ്റിന്റെ ഭാഗമായി അഞ്ച് എണ്ണം പരിശോധിക്കുകയുണ്ടായി. കണക്കുകൾ രേഖകൾ തയ്യാറാക്കൽ - (കൺവീനർ സെക്രട്ടറി) (സ.ഉ(കൈ) നമ്പർ 17/ 2018 തസ്വഭവ തീയതി 02.02.2018)(അനുബന്ധം 1.2)സാമൂഹ്യ നീതി(കൺവീനർ സി.ഡി.പി.ഒ), മൃഗസംരക്ഷണം - ക്ഷീര വികസനം(കൺവീനർ,സീനിയർ വെറ്ററിനറി സർജൻ) പാർപ്പിടം(കൺവീനർ - UAPA പ്രൊജക്ട് ഓഫീസർ), കുടിവെള്ളം(കൺവീനർ-കോർപ്പറേഷൻ എൻജിനീയർ) എന്നിവ പരിശോധിക്കു കയുണ്ടായി.

2019 20 വാർഷിക പദ്ധതി രൂപീകരണവുമായി മേൽ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു .

മേൽ ഉത്തരവ് ഖണ്ഡിക.3.1.2 ൽ 2.2(12)പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ക്വാറം 3ൽ ഒന്നാണ് . കൺവീനറുടെ ഹാജറും നിർബന്ധമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ എത്ര അംഗങ്ങളുണ്ട് എന്ന് രേഖപ്പെടുത്താത്തതിനാൽ ക്വാറം തികഞ്ഞുവോ എന്ന് വ്യക്തമല്ല. പല യോഗങ്ങളിലും കൺവീനർമാർ ഹാജരായി

ഒപ്പിട്ടതായി കാണുകയുമുണ്ടായില്ല.

10.12.2018 ന് ചേർന്ന മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച വർക്കിങ്ങ് ഗ്രൂപ്പ് 2019-20 വാർഷിക പദ്ധതിയിലേക്കായി പാൽ ഉൽപാദന ബോണസ്, കന്നുകുട്ടി പരിപാലനം, കാലിത്തീറ്റ വിതരണം, മുട്ടക്കോഴി വളർത്തൽ, ആട് വിതരണം പദ്ധതി തുടങ്ങി 18 പദ്ധതികൾ പരിഗണനക്കായി നിർദ്ദേശിച്ചിരുന്നു. എന്നാൽ 3 പദ്ധതികൾ മാത്രമാണ് അംഗീകരിച്ചത്. അതിൽ തന്നെ നടപ്പാക്കിയത് ഒരെണ്ണം മാത്രം. അതും നിർവ്വഹണോദ്യോഗസ്ഥന് പ്രത്യേക ഉത്തരവാദിത്തങ്ങൾ ഒന്നുമില്ലാതെ പദ്ധതി നടപ്പിൽ വരുത്തുന്ന ഏജൻസിക്ക് നിശ്ചിത തുക കൈമാറുക എന്ന കന്നുകുട്ടി പരിപാലന പ്രോജക്ട് മാത്രം. മൃഗസംരക്ഷണവും കാലി വളർത്തലും തൊഴിലായി സ്വീകരിച്ചവർക്ക് താങ്ങും തണലുമായി പദ്ധതികൾ നടപ്പിലാക്കേണ്ട മൃഗസംരക്ഷണ വകുപ്പ് ഒരു പദ്ധതിയും നടപ്പിലാക്കാതെ പിൻതിരിഞ്ഞു നിന്നത് ശരിയായ നടപടിയല്ല എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ് കമ്മിറ്റിയായി, പ്രോജക്ടുകൾ നടപ്പിൽ വരുത്തുന്നതിലെ നേട്ടം/കോട്ടം വിലയിരുത്തണമെന്നകാര്യം കൃത്യമായി പാലിക്കപ്പെടുന്നില്ല. നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യം അവർക്ക് ലഭിക്കാതെ പോകുന്ന സാഹചര്യം കൗൺസിൽ ഗൗരവപൂർവം പരിഗണിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിലും ഇത്തരം നിർവ്വഹണ അപാകത കാണാവുന്നതാണ്.

1-44 തനത് ഫണ്ട് വകയിരുത്തൽ-ഭൂരിപക്ഷം പ്രോജക്ടിലും തുക ചെലവഴിക്കുന്നില്ല

2019-20 പദ്ധതി മാർഗ്ഗരേഖയായ സ.ഉ(കൈ) 17/2018 തസ്വഭവ തീയതി.02.02.2018 ഖണ്ഡിക 5 (1) ൽ തനത് ഫണ്ട് ശ്രോതസ്സായി എങ്ങിനെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ നഗരസഭ നടപ്പാക്കിയ തനത് ഫണ്ട് ശ്രോതസ്സായി വകയിരുത്തിയ ബഹുഭൂരിപക്ഷം പ്രോജക്ടുകളിലും തനത് ഫണ്ട് ഒരു രൂപ പോലും വിനിയോഗിച്ചതായി കാണുകയുണ്ടായില്ല. പദ്ധതിവിഹിതം മാത്രം ചെലവഴിച്ച് നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടുകളിൽ തനത് ഫണ്ട് ശ്രോതസ്സായി കാണിച്ചതെന്തിന് എന്ന് വിശദീകരിക്കേണ്ടതാണ്.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇംപ്ലിമെന്റിങ്ങ് ഓഫീസർ | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തനത് ഫണ്ട് | ചെലവ് | ശതമാനം |
|---|---|---|---|---|---|
| 1 | UAPA പ്രോജക്ട് ഓഫീസർ | 12 | 5827640 | - | 0% |
| 2 | മെഡിക്കൽ ഓഫീസർമാർ(സിഎച്ച്സി) | 2 | 100000 | - | 0% |
| 3 | പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ്.എസ് | 2 | 88930 | - | 0% |
| 4 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 40000 | - | 0% |
| 5 | സീനിയർ വെറ്ററിനറി സർജൻ | 4 | 350000 | - | 0% |
| 6 | ഹെൽത്ത് ഓഫീസർ | 23 | 1542868 | - | 0% |
| 7 | സെക്രട്ടറി | 15 | 758342 | | |

| | | | | | |
|---|---|---|---|---|---|
| 8 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 42 | 9796218 | 575260 | 5.87% |

പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് ആവശ്യമായ ആകെ തുക വകയിരുത്തിയ ശേഷം അതിനായി തനത് ഫണ്ട് തുക ചെലവഴിക്കാതെ പദ്ധതിവിഹിതം മാത്രം ചെലവഴിക്കുന്നത് പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഗുണമേന്മയെ ബാധിക്കും എന്നത് തീർച്ചയാണ്. അല്ലാത്തപക്ഷം തനത് ഫണ്ട് വെറുതെ വകയിരുത്തുന്നതാണോ എന്ന് വിശദീകരിക്കേണ്ടതാണ്.

ഉദാഹരണം പ്രോജക്ട് നമ്പർ 646/19-20 (S/O) ഭിന്നശേഷിക്കാർക്കായുള്ള ഉപകരണങ്ങളുടെ വിതരണം ആകെ വകയിരുത്തിയത് 654933(പ്ലാൻ)+500000(തനത് ഫണ്ട്)=1154933ചെലവഴിച്ചത് 653392. തനത് ഫണ്ട് പേരിന് വകയിരുത്തിയ ശേഷം പദ്ധതി ഫണ്ടിന് ലിമിറ്റ് ചെയ്ത് ചെലവഴിക്കുന്നത് വഴി എന്താണോ പ്രോജക്ട് കൊണ്ട് വിഭാവനം ചെയ്തത്, എത്ര പേർക്കാണ് നേട്ടം കിട്ടേണ്ടത്, ആയത് ലഭിക്കാതെ വരുന്ന സാഹചര്യമാണ് നിലനില്ക്കുന്നത് .ഇതിൽ ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-45 പദ്ധതി മാർഗ്ഗരേഖ നിർദ്ദേശം നടപ്പാക്കിയില്ല

സ.ഉ(കൈ) 17/2018 തസ്വഭവ തീയതി02.02.2018പ്രകാരം പുറപ്പെടുവിച്ച നഗരസഭകൾക്കായുള്ള പദ്ധതി പ്രവർത്തനങ്ങൾക്കുള്ള മാർഗനിർദേശങ്ങളിൽ ഖണ്ഡിക 2.2 പ്രകാരം പൊതു മുൻഗണന എന്നപേരിൽ 22 ഇനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് ഇതിൽ ക്രമനമ്പർ 10 ആയി നിർദ്ദേശിച്ചിട്ടുള്ള വിഷയമാണ് ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത്. ഹെൽത്ത് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകമായ പദ്ധതികൾ രൂപീകരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ ജീവിതനിലവാരം മെച്ചപ്പെടുത്തൽ, സാമൂഹ്യനീതി ഉറപ്പാക്കൽ എന്നിവക്കാവശ്യമായ പ്രോജക്ട് നിർബന്ധമായും നടപ്പിലാക്കേണ്ടതുണ്ട്.ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസറായുള്ള ഈ പ്രോജക്ടിൽ (72/2019-20) (ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ മെഡിക്കൽ ക്യാമ്പ്, തിരിച്ചറിയൽ കാർഡ് വിതരണം) പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്ന് 1,75,000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രോജക്ട് നടപ്പാക്കിയതായി കാണുകയുണ്ടായില്ല.

## 1-46 കൗൺസിൽ തീരുമാനം നടപ്പിലാക്കുവാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി- മറുപടിയോ ഫയലോ ഹാജരാക്കിയില്ല.

എ) പുഴാതി സോണൽ ഓഫീസ് സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക

| | |
|---|---|
| കൗൺസിൽ തീരുമാനം | 64(39)/29.06.2018 |
| ഫയൽ നമ്പർ | ഇ9 - 279/15 |

പുഴാതി സോണൽ ഓഫീസ് പ്രദേശത്ത് സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കര കുടിശ്ശികയായി താഴെ കാണിച്ചവിധം 64,59,638/- രൂപ കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നു.

| | |
|---|---|
| 04/2017 മുതൽ 02/2018 വരെ വെള്ളക്കര കുടിശ്ശിക | 4935213 |
| 05/2017 മുതൽ 02/2018 വരെ പിഴ | 2499182 |
| ആകെ | 7434395 |
| ഇക്കാലയളവിൽ ഒടുക്കിയത് | 974757 |
| ബാക്കി | 6459638 |

ഇത്രയും ഭീമമായ തുക കുടിശ്ശിക വന്നതിനെ കുറിച്ച് മേൽ കൗൺസിൽ തീരുമാന പ്രകാരം ചർച്ച ചെയ്യുകയും കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനമാക്കി കുടിശ്ശിക വന്നത് ആരുടെ വീഴ്ച കാരണമാണെന്ന് പരിശോധിച്ച റിപ്പോർട്ട് നൽകാനും സോണൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.ഇത് സംബന്ധിച്ച് തുടർ നടപടികളുടെ വിശദവിവരവും ഫയലും ഹാജരാക്കാനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (89/07.02.2022) പ്രകാരം നഗരസഭ സെക്രട്ടറിക്ക് നൽകിയെങ്കിലും നഗരസഭയുടെ ഭാഗത്ത് നിന്ന് മറുപടി ഒന്നുംതന്നെ ഉണ്ടായില്ല.

(ബി) പ്രധാനമന്ത്രി ആവാസ് യോജന - തുടർ നടപടി സംബന്ധിച്ച് .

പ്രധാനമന്ത്രി ആവാസ് യോജനയിൽ അംഗമായ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒന്നോ അതിലേറേയോ ഗഡുക്കൾ കൈപ്പറ്റിയ ശേഷം പദ്ധതി തുടർന്നുകൊണ്ട് പോകുന്നില്ലെന്ന് പറഞ്ഞ് പിൻവാങ്ങിയിരുന്നു. അവരുടെ പരാതി കൌൺസിൽ ചർച്ച ചെയ്യുകയും അവർ കൈപ്പറ്റിയ തുക തിരിച്ച് ഈടാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൌൺസിൽ തീരുമാനം | ഫയൽ നമ്പർ | തുക |
|---|---|---|---|---|
| 1 | സുരേഷ്.ടി.കെ | 1/19.11.2018 | എച്ച്1 13660/18 | രേഖപ്പെടുത്തിയില്ല |
| 2 | ബാലകൃഷ്ണൻ.കെ | 18/02.03.2019 | എച്ച്1 20032/18 | 40,000 |
| 3 | നജ്മ.എ.പി | 77/17.06.2019 | എച്ച്1/28016/18 | 30,000 |
| 4 | ജാനറ്റ്. ഇ | 77/17.06.2019 | എച്ച്1/2016/18 | 40,000 |
| 5 | ഷൈൻ.എൻ.എ | 59/29.06.2018 | എച്ച്1/25593/17 | 1,20,000 |

പ്രസ്തുത തുക തിരിച്ചടച്ചതിന്റെ വിശദവിവരവും ഫയലും ഹാജരാക്കാനായി ഓഡിറ്റ് അന്വേഷണകുറിപ്പ് 90/07.02.22 പ്രകാരം നഗരസഭ സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രതികരണം ഒന്നും തന്നെ ഉണ്ടായില്ല.

(സി) അങ്കണവാടിക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങൽ

| | |
|---|---|
| കൌൺസിൽ തീരുമാനം | 9/21.03.2019 |
| ഫയൽ | ഇ4-24142/16 |

ചേലോറ ഡിവിഷനിൽ വരുന്ന ഒറയിൽ അങ്കണവാടിക്ക് വേണ്ടി കെട്ടിടം പണിയാൻ സർവ്വേ.നമ്പർ.120/4 ൽ ഉൾപ്പെട്ട 2.5 സെന്റ് സ്ഥലം കലക്ടറുടെ വാലേഷൻ തുകയായ 100202/cent+ Solatium 30% ഉൾ പ്പെടെ 1,30,262/- രൂപക്ക് വാങ്ങുവാൻ മേൽ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു.ഈ പ്രോജക്ട് നടപ്പാക്കിയതിന്റെയും ആസ്തി രജിസ്റ്ററിൽ പ്രസ്തുത വിവരം ചേർത്തതിന്റെയും വിശദവിവരം ഹാജരാക്കാനും സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തിയായോ, ഇല്ലെങ്കിൽ നിലവിലെ സ്ഥിതി എന്ത് എന്നീ വിവരങ്ങളും ഫയലും ഹാജരാക്കാനായി നഗരസഭ സെക്രട്ടറിക്ക് 93/07.02.22 പ്രകാരം ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയെങ്കിലും നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രതികരണമൊന്നും തന്നെ ഉണ്ടായില്ല.

(ഡി) ലൈസൻസികൾക്ക് കിസ്തിളവ് നൽകൽ - വിശദവിവരം ഹാജരാക്കിയില്ല .

1)കൌൺസിൽ തീരുമാനം.20/05.05.2018 ഫയൽ- ആർ9-30052/16

2)കൌൺസിൽ തീരുമാനം-9/02.03.2019 ഫയൽ- ആർ10-3574/17

സ്റ്റേഡിയം കോർണറിൽ പണി കഴിപ്പിച്ച കംഫർട്ട് സ്റ്റേഷൻ 26.05.17 മുതൽ 30.03.2018 വരെയുള്ള 310 ദിവസത്തേക്ക് ഫീസ് പിരിക്കാൻ ലൈസൻസായി 1,60,500 രൂപ നഗരസഭയിൽ ഒടുക്കുകയുണ്ടായി
ശരാശരി 1,60,500/310 = 518/day.പ്രതിദിനം 518 രൂപ വരുമെന്നിരിക്കെ കംഫർട്ട് സ്റ്റേഷൻ ഇക്കാലയളവിൽ 24 ദിവസം റിപ്പയറിങ്ങിന് വേണ്ടി പൂട്ടിക്കിടന്നതായതിനാൽ പ്രസ്തുത 24 ദിവസത്തെ 24x518 = 12432/- രൂപ തിരിച്ച തരണമെന്ന് ലൈസൻസി ആവശ്യപ്പെട്ട കയുണ്ടായി.

Ii) മേൽ ഖണ്ഡികയിലെ അതേ രീതിയിൽ പഴയ ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ 2,46,000/- രൂപക്ക് ലൈസൻസെടുത്ത ലൈസൻസി അഷറഫ് കംഫർട്ട് സ്റ്റേഷൻ 12.05.17 മുതൽ 10.10.2017 വരെ പൂട്ടിക്കിടന്ന 152 ദിവസത്തെ ഫീസായ 102448 (152 X 674) കിസ്തിളവ് നൽകണമെന്ന് ആവശ്യപ്പെട്ടും അപേക്ഷ നൽകിയിരുന്നു.

1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും കരാറുകാർക്കും ലൈസൻസികൾക്കും) കിസ്തിളവ് നൽകൽ ചട്ടങ്ങൾ ചട്ടം 4 പ്രകാരം 10,000/- രൂപയിൽ കൂടുതൽ കിസ്തിളവ് നൽകുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്.

ലൈസൻസി ഫീ തിരിച്ചു നൽകിയതിന്റെയും ആയതിന് സർക്കാർ നൽകിയ അനുമതിയുടെയും വിശദവിവരങ്ങളും ഫയലും ആവശ്യപ്പെട്ട് നഗരസഭ സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണ കുറിപ്പ് (94/07.02.22 പ്രകാരം) നൽകിയെങ്കിലും നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രതികരണം ഒന്നും തന്നെ ഉണ്ടായില്ല.

ഇ) ഭവന നിർമ്മാണ ധനസഹായം – അനർഹർ കൈപ്പറ്റിയ ധനസഹായം തിരിച്ചടച്ചതിന്റെ വിശദവിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| CR | 18/02.03.2019 |
| ഫയൽ | എച്ച്1-20032/18 |

സൂചന കൗൺസിൽ തീരുമാന പ്രകാരം സർക്കാർ ഉദ്യോഗസ്ഥനായ ബാലകൃഷ്ണൻ.കെ, തറമ്മൽ ഹൗസ്,കുറ്റിക്കകം, എടക്കാട് എന്നയാൾ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ഒന്നാം ഗഡുവായ 40,000/- രൂപ അനർഹമായി കൈപ്പറ്റിയത് 12 ശതമാനം പലിശസഹിതം തിരിച്ചു പിടിക്കാൻ തീരുമാനിച്ചിരുന്നു. കൗൺസിൽ തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തുക തിരിച്ച് പിടിച്ചതിന്റെ വിശദവിവരം അറിയിക്കേണ്ടതാണ്. സർക്കാരുദ്യോഗസ്ഥനാണ്, അനർഹനാണ് എന്നറിഞ്ഞിട്ടും ടിയാൻ സർക്കാറിൽ നിന്ന് ഒന്നാം ഗഡു കൈപ്പറ്റിയത് ഗുരുതരമായ കൃത്യവിലോപമാണ്. ആയതിനാൽ പ്രസ്തുത വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഫീൽഡ് തലത്തിൽ പരിശോധന സമിതി ഉണ്ടായിരിക്കെ ഇത്തരം അനർഹർ ലിസ്റ്റിൽ കയറിപ്പറ്റിയതിനെകുറിച്ച് വിശദീകരണം തേടിയിരുന്നോ? ഇത് ശ്രദ്ധയിൽപ്പെട്ട ശേഷം ഇത്തരം അനർഹർ വേറെയാരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നുറപ്പുവരുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? തുടങ്ങിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (ഓഡിറ്റ് അന്വേഷണം 64) മറുപടി ലഭ്യമാക്കിയില്ല.

1-47 അമൃത് പദ്ധതി - സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

കേന്ദ്രസർക്കാർ പദ്ധതിയായ അടൽ മിഷൻ ഫോർ റിജുവനേഷൻ & അർബൻ ട്രാൻഫർമേഷൻപദ്ധതിയുടെഗുണഭോക്താക്കളായികേരളത്തിലെ9നഗരങ്ങളുൾപ്പടെഇന്ത്യയിലാകമാനം 500 നഗരങ്ങളെയാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തത്.കേരളത്തിൽ നിന്ന് തെരഞ്ഞെടുത്ത9നഗരങ്ങളിൽ കണ്ണൂർ നഗരസഭയും ഉൾപ്പെടുന്നു. നഗരസഭകളിൽ ശുദ്ധജല വിതരണം ഉറപ്പ് വരുത്തുക, ശുദ്ധമായ ഭൂഗർഭജലം നഗരങ്ങളിൽ നിലനിർത്തുന്നതിന് സീവറേജ്,സെപ്റ്റേജ് സംവിധാനം ഒരുക്കുക,അന്തരീക്ഷമലിനീകരണം കുറക്കുന്നതിന് മോട്ടോർ വാഹനത്തിന്റെ ഉപയോഗം കുറച്ച് സൈക്കിൾ പോലുള്ള വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക,നഗരങ്ങളെ ഹരിതാഭമാക്കുന്നതിന് പാർക്കുകൾ സൗന്ദര്യവൽക്കരിക്കുക നടപ്പാതകൾ നിർമ്മിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.പദ്ധതിയുടെ നടത്തിപ്പിനായി ആകെ ചെലവ് തുകയുടെ 50% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവും 20% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തത്.

2015-16 ൽ ആരംഭിച്ച പദ്ധതിയുടെ നടത്തിപ്പിനായി കോർപ്പറേഷൻസെക്രട്ടറിയുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്ക് കണ്ണൂർ ശാഖയിലും , ഇന്ത്യൻ ബാങ്ക്, കണ്ണൂർ റയിൽവേ സ്റ്റേഷൻ റോഡ് ശാഖയിലും അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

2015-16 ൽ തുടങ്ങി 2019-20 ൽ പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നതെങ്കിലും 2019-20 ൽ പൂർത്തിയാകാത്തതിനെ തുടർന്ന് 2021-22 വരെ ദീർഘിപ്പിക്കുകയുണ്ടായി. കണ്ണൂർ നഗരസഭയിൽ ആകെ 38 പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് അംഗീകാരം ലഭിച്ചത് ഇതിൽ നാളിതുവരെയായി 24 പദ്ധതികൾ ലക്ഷ്യം കൈവരിക്കുകയുണ്ടായി. ഇതിൽ 12 എണ്ണം കേരള ജല അതോറിറ്റി വഴിയും,12എണ്ണം യു.എൽ.ബി വഴിയുമാണ് നടപ്പിലാക്കിയത്. 14 പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതിക്കായി ആകെ വകയിരുത്തിയ225.65 കോടി രൂപയിൽ 145.26 കോടി രൂപ നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ട്.അതായത് 64.37%ചെലവുകൾ നടത്തിയിട്ടുണ്ട്.

യു.എൽ.ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നായ മൾട്ടിലെവൽ കാർപാർക്കിന്റെ പ്രവർത്തി മൂന്ന് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നടത്താനാണ് ഉദ്ദേശിച്ചത് എന്നാൽ ഡിറ്റൈൽഡ് പ്രൊജക്ട് റിപ്പോർട്ടിൽ ഫയർഫൈറ്റിംഗിനെപറ്റി പറയാത്തതിനാലും,രണ്ട് പ്രവർത്തികൾ മാത്രമാണ് തുടങ്ങാൻ തീരുമാനിച്ചത് . ഇതിൽ സ്റ്റേഡിയം കോർണ്ണറിൽ ആരംഭിക്കുന്ന സമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തിമാത്രമാണ് ഇതുവരെയായി നടന്നത് .ബാങ്ക് റോഡിൽ ആരംഭിക്കുന്ന സമുച്ചയത്തിന്റെ വെറ്റഡ് ഡ്രോയിംഗ് ലഭിക്കാത്തതിനാൽ പ്രവർത്തി നാളിതുവരെയായി ആരംഭിച്ചിട്ടുമില്ല.

സീവറേജ് ആന്റ് സ്പ്റ്റേജ് മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ കണ്ണൂർ പടന്ന പാലത്ത് നിർമ്മിക്കുന്ന സീവറേജ് പദ്ധതിയുടെ പ്രവർത്തനവും ആരംഭദശയിൽ തന്നെ നിൽക്കുകയാണ്. സ്പ്റ്റേജ് മേഖലയിൽ ഉള്ള ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ 50 സെന്റ് സ്ഥലത്ത് സ്ഥാപിക്കുന്ന സ്പ്റ്റേജ് പ്ലാന്റിന്റെ പ്രവർത്തനവും വിവിധ കാരണങ്ങളാൽ പ്രാരംഭഘട്ടത്തിൽ തന്നെ തുടരുകയാണ്. അമൃത് പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ AE-61 /2019-20 ബി.1തീയ്യതി 7.1.2022 ന് ഹാജരാക്കിയ മറുപടിയിൽ പ്രാരംഭ ഘട്ടത്തിലുള്ള പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ നഗര സഭയ്ക്ക് കഴിഞ്ഞിട്ടില്ല. പദ്ധതികൾ സമയ ബന്ധിതമാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-48 ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശം നടപ്പിലാക്കിയത് സംബന്ധിച്ച്

| | |
|---|---|
| നഗരസഭ കൗൺസിൽ തീരുമാനം | 48/16.12.2019 |
| ഫയൽ നമ്പർ | C3 31650/19 |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദുരന്തനിവാരണ പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും നടത്തേണ്ടുന്നത് തദ്ദേശസ്വയംഭരണ(ഡി എ) വകുപ്പിന്റെ 4/12/19 ലെ സ.ഉ(കൈ)156/19 നമ്പർ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പ്രകാരം, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പരിശീലനം സിദ്ധിച്ചവരും പ്രദേശത്തെ ഭൂഘടനയെക്കുറിച്ച് അറിവുള്ളവരുമായ 8ൽ കുറഞ്ഞ അംഗങ്ങളെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ ദുരന്ത മുന്നറിയിപ്പ് നൽകാനും ദുരിതാശ്വാസക്യാമ്പുകളുടെ രൂപീകരണത്തിനും മറ്റുമായി കോർപ്പറേഷൻ തലത്തിൽ 4 എമർജൻസി റെസ്പോൺസ് ടീം, കോർപ്പറേഷൻ തലത്തിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുന്നതിനും 20 അംഗങ്ങളുള്ള Local Response Group എന്നിവ രൂപീകരിക്കേണ്ടതുമായിട്ടുണ്ട്. മാത്രവുമല്ല, Local Response Group തയ്യാറാക്കുന്ന അവസ്ഥാരേഖയെ അടിസ്ഥാനമാക്കി വാർഡ്സഭയുടെ നിർദ്ദേശങ്ങൾ കൂടി ക്രോഡീകരിച്ച് കരട് ദുരന്തനിവാരണ പദ്ധതി ചർച്ച ചെയ്യുന്നതിനായി വാർഷിക പദ്ധതി വികസന സെമിനാറിന് മുമ്പായി പ്രത്യേക വികസന സെമിനാർ വിളിച്ചു ചേർക്കേണ്ടതുമാണ്.

ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കോർപ്പറേഷനിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (AE- 32/2019-20/ബി1 തീയതി : 04/12/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-49 നഗരവൽക്കരണം - കൗൺസിൽ തീരുമാനത്തിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്

30.09.2019 ലെ 37-)ം നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം കണ്ണൂർ കോർപ്പറേഷന്റെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിലെ പ്രധാന പാർക്കുകൾ, സ്ഥലങ്ങൾ, റോഡുകൾ, അതിർത്തി എന്നിവയുടെ പേര് കാണിക്കുന്ന ബോർഡുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുവാനും നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറയും അപകടകരമായ വളവുകളിൽ മിററുകൾ സ്ഥാപിക്കുവാനും കവലകളിൽ കോർപ്പറേഷന്റെ റോഡ് മാപ്പ് സ്ഥാപിക്കുവാനും നഗരത്തിൽ ഗതാഗത തടസമില്ലാതെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ ഫീസ് വാങ്ങി തുക നിശ്ചയിച്ച് സ്വകാര്യവ്യക്തികൾക്ക് വണ്ടി താവളത്തിന് അനുമതി നൽകാനും, അതുപോലെ തന്നെ കസാനക്കോട്ട അങ്കണവാടിയോട് അനുബന്ധിച്ച് ഒഴിഞ്ഞുകിടക്കുന്ന ഭാഗത്ത് കുട്ടികളുടെ പാർക്ക് സ്ഥാപിക്കാനും, നഗരത്തിലെ ഷി - ടോയ്‌ലറ്റ് സൗകര്യം വർധിപ്പിക്കാനും തീരുമാനം എടുത്തിരുന്നു.

07/09/2019 ന് ചേർന്ന താലൂക്ക് വികസന സമിതി യോഗ നടപടിക്കുറിപ്പ് പ്രകാരം ടൗൺ സ്ക്വയറിനടുത്ത് ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്താൻ നഗരസഭയോട് അഭ്യർത്ഥിച്ചതിൻ പ്രകാരം ടൗൺസ്ക്വയറിനടുത്ത് സ്ഥലം അനുവദിക്കാൻ റവന്യൂ വകുപ്പിനോടും പോലീസ് മൈതാനിയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കാൻ സ്ഥലം ലഭ്യമാക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിനോടും അഭ്യർത്ഥിക്കാൻ CR 4/4.11.19പ്രകാരം കൗൺസിൽ തീരുമാനിച്ചിരുന്നു. മേൽ കൌൺസിൽ തീരുമാനങ്ങൾ നടപ്പാക്കാനായി സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി,കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ-ന് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (AE- 33/2019-20/ബി1 തീയതി : 04/12/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-50 സ്കൂൾകെട്ടിടം കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ ജാഗ്രത കുറവ് . 342706രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 598/20 |
| പ്രൊജക്റ്റിന്റെ പേര് | സ്കൂൾ കെട്ടിടങ്ങളുടെ വാടക |
| ചെലവ് തുക | 342706രൂപ(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |
| ബിൽ നമ്പർ/തിയതി | 370822 /3.8.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഡീഷണൽ സെക്രട്ടറി,കണ്ണൂർ നഗരസഭ |

കോർപ്പറേഷൻ എളയാവൂർ സോണലിൽ സ്ഥിതിചെയ്യുന്ന ഏക സർക്കാർ എൽ പി സ്കൂൾ ആയ താഴെചൊവ്വ ഗവൺമെന്റ് എൽ പി എസ്, ഐഡിയൽ ഇസ്ലാമിക് ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 22.1.2019ലെ സർക്കാർ ഉത്തരവ് 263/19, കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ G2 10784/18 Kdis 8.3.19, കോർപ്പറേഷന്റെ 30.4.2019 ലെ 49 മത് തീരുമാനം എന്നിവ പ്രകാരം 1.4.2017 മുതൽ 31.3.2019 വരെയുള്ള 24 മാസത്തെ സ്കൂൾ കെട്ടിടത്തിന്റെ പുതുക്കിയ വാടക സൂചന ബിൽ പ്രകാരം നൽകിയിട്ടുണ്ട്.കോർപ്പറേഷൻ സ്കൂൾ കെട്ടിടത്തിന്റെ പുതുക്കിയ വാടക ട്രസ്റ്റിന് നൽകാൻ തീരുമാനിക്കുമ്പോൾ ട്രസ്റ്റിനോട് ഒരു കാര്യം നിർദ്ദേശിച്ചിരുന്നു. സ്കൂൾകെട്ടിടം നിലം ടൈൽ പാകാനും പെയിന്റിങ് അടക്കമുള്ള എല്ലാ അറ്റകുറ്റപ്പണികളും അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് നടത്താനും.
ഇത് കാണിച്ച് എളയാവൂർ സോണൽ ഓഫീസർ ELA 414/16 തീയതി 25.5.2019 പ്രകാരം ട്രസ്റ്റിന് കത്തു നൽകുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ ട്രസ്റ്റിന്റെ ഭാഗത്തുനിന്ന് തുടർ നടപടികളൊന്നും ചെയ്തതായി കാണുകയുണ്ടായില്ല. 9.10.2019 ന് നടന്ന എളയാവൂർ സോണൽ തല റിവ്യൂ മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യുകയും സ്ഥാപനത്തിന്റെ ശോചനീയാവസ്ഥ ഹെഡ്മിസ്ട്രസ്സ് യോഗത്തിൽ അറിയിക്കുകയും ചെയ്തു .യോഗം എടുത്ത തീരുമാനപ്രകാരവും വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 12.12.2019 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും, സ്കൂളിൽ നടന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു അടിയന്തിര റിപ്പോർട്ട് നൽകാൻ റവന്യൂ ഓഫിസറെ ചുമതലപ്പെടുത്തുകയുണ്ടായി. 20.12.2019 ന് റവന്യൂ ഓഫീസർ നൽകിയ പരിശോധനാ റിപ്പോർട്ടിൽ സ്കൂളിലെ പാചകപ്പുര മാത്രം സിമന്റ് തേച്ച് വൃത്തിയാക്കിയിട്ടുണ്ടെന്നും മറ്റു പ്രവർത്തികൾ ഒക്കെ മധ്യവേനലവധിക്കാലത്ത് നടത്താമെന്ന് ട്രസ്റ്റ് സമ്മതിച്ചതായും അറിയിച്ചിട്ടുണ്ട്.
മധ്യവേനലവധിക്കാലത്ത് നിലം ടൈൽ ഇടുന്നത് അടക്കമുള്ള പ്രവർത്തികൾ നടന്നുവോ എന്ന കാര്യം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് വിശദീകരിക്കേണ്ടതാണ്.ഇതേ കാലയളവിൽ ആണ് സുൽത്താൻ ബത്തേരി സർവ്വജനിക് ഹയർ സെക്കൻഡറി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി സ്കൂളിൽ വച്ച് പാമ്പ് കടിയേറ്റ് മരണപെട്ട ദുഃഖകരമായ സംഭവമുണ്ടായത്. ഈ സാഹചര്യത്തിൽ സ്കൂളിന്റെ സുരക്ഷ, ഭൗതികസാഹചര്യം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഡി എ1/ 361/2019 ത സ്വ ഭ വ 23.11.2019 സർക്കുലർ പ്രകാരം സർക്കാർ കർശന നിർദേശം നൽകിയിരുന്നു.

സ്കൂളിലെ ഭൗതികസാഹചര്യം മോശമാണെന്ന് കോർപ്പറേഷനും വിദ്യാഭ്യാസ വകുപ്പിനും നേരത്തെ അറിയാമായിരുന്നിട്ടും സംസ്ഥാനത്ത് ഇങ്ങനെ ഒരു സാഹചര്യം ഉണ്ടായിട്ടും ഭരണാധികാരികൾ ആവശ്യമായ ജാഗ്രത പാലിച്ചില്ല. ട്രസ്റ്റ് അധികൃതർ സമയബന്ധിതമായി ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാതെ ഇരുന്നിട്ടും സ്ഥാപനത്തിന് വാടക നല്കുക ഉണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

1-51 മുൻകൂർ അനുമതി നൽകിയാൽ തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ തന്നെ അജണ്ട അംഗീകരിച്ചിരിക്കണം എന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പദ്ധതി നടപ്പിലാക്കാനുള്ള കാലതാമസം ഒഴിവാക്കാൻ സ്ഥാപന അധ്യക്ഷന്മാർ ചില തീരുമാനങ്ങൾക്ക് മുൻകൂർ അനുമതി നൽകാറുണ്ട്. എന്നാൽ ഇങ്ങനെ മുൻകൂർ അനുമതി നൽകി അംഗീകാരം നൽകുന്ന പല പദ്ധതികളും കൗൺസിൽ അംഗീകാരം വാങ്ങുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ത.സ്വ.ഭ.വ 21/02/19 ന് ഇറക്കിയ ഇഎം2/206/2017 സർക്കുലറിൽ ഇപ്രകാരം മുൻകൂർ അനുമതി ലഭിക്കുന്ന ചെലവനുമതികൾ നിർബന്ധമായും തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ അജണ്ടയായി വയ്ക്കേണ്ടതാണ് എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കണ്ണൂർ കോർപ്പറേഷൻ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി ഓഡിറ്റിൽ കാണുകയുണ്ടായി.

ഉദാ : ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം (പ്രോജക്ട് നമ്പർ 1281/19-20)

ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് ആവശ്യമായ ഡാറ്റാ കലക്ഷൻ ഫോറങ്ങളും മറ്റും പ്രിന്റ് ചെയ്യുന്നതിന് അംഗീകൃത പ്രസ്സിൽ നിന്നും കൊട്ടേഷനുകൾ ക്ഷണിക്കാൻ 21/11/2019 മാണ് മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ നഗരസഭ കൗൺസിൽ ഇതിന് അംഗീകാരം നൽകിയത് 14/01/2020 ലെ 11-)ം നമ്പർ തീരുമാനപ്രകാരമാണ്.

21/11/19 ന് ശേഷം കൗൺസിൽ 04/12/19, 16/12/19, 24/12/19 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടും അംഗീകാരം നൽകിയത് 14/01/20 ലാണ് എന്നത് മേൽ നിർദ്ദേശത്തിന്റെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച് വിശദീകരിക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

AE-63/2019-20/ ബി1 തീയതി : 05/ 01/2022

1-52 പി. എം.എ. വൈ പദ്ധതിയിലേക്ക് തുക വക മാറ്റാത്തത് സംബന്ധിച്ച്

| | |
|---|---|
| കൗൺസിൽ തീരുമാനം | 23/19.2.2020 |
| ഫയൽ നമ്പർ | CDS 20938/09 |

ഇ.എം.എസ് ഭവന പദ്ധതിക്ക് വേണ്ടി ഭവന നിർമ്മാണ ആവശ്യത്തിലേക്ക് നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ജനറൽ വിഭാഗത്തിനായി 85,89,420 രൂപയും (യുഎപിഎ പ്രോജക്ട് ഓഫീസർ) എസ് സി വിഭാഗത്തിനായി 97,50,000 രൂപയും (എസ് സി ഡി ഒ) നിക്ഷേപിച്ചിരുന്നു. ഗുണഭോക്താക്കൾ പലരും ഭവനനിർമ്മാണം ഉപേക്ഷിച്ചതിനാലും മറ്റും 30 /11/ 2019 ന് അക്കൌണ്ടിൽ 1,55,15,704 രൂപ നീക്കിയിരിപ്പുള്ളതായി കണ്ടെത്തുകയുണ്ടായി.
സർക്കാർ ഉത്തരവ് 464 / 11 തസ്വഭവ 14/02/2011 പ്രകാരം ഈ പദ്ധതി 31/03/2012 ന് അവസാനിച്ചതായി അറിയിച്ചിട്ടുണ്ട്. ബാക്കി തുക സർക്കാർ അനുമതിയോടെ പി എം എ വൈ പദ്ധതിയിലേക്ക് വക മാറ്റാനും അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 31/03/2012 ന് അവസാനിച്ചു എന്ന് പറഞ്ഞ പദ്ധതിയിലെ തുക 30/ 11/ 2019 ന് പോലും വകമാറ്റിയില്ല എന്ന് കാണുന്നതിലെ നിജസ്ഥിതി, തുക വക മാറ്റാൻ സർക്കാർ അനുമതി തേടിയതിന്റെ വിശദാംശങ്ങൾ, തുക വകമാറ്റിയതിന്റെ വിശദ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 02/12/2021 ന് AE-28/2019-20/ബി1 പ്രകാരം യു പി ഇ സി പ്രോജക്ട് ഓഫീസർ, കണ്ണൂർ നഗരസഭക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-53 ആറ്റടപ്പ അർബൻ ഡയാലിസ് സെന്റർ, മേയറുടെ പരാതിയിൽ തുടർ നടപടി സ്വീകരിച്ചില്ല.

ഫയൽ. EDZ/R1/6153/18

ബഹുമാനപ്പെട്ട കണ്ണൂർ കോർപ്പറേഷൻ മേയർ 12.02.2020 ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് അയച്ച കത്തിൽ എടക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് പൂർത്തീകരിച്ച ഡയാലിസിസ് സെന്റർ ആവശ്യമായ യാതൊരു പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാതെയാണെന്നും, ആവശ്യത്തിന് സ്റ്റാഫ് പോലുമില്ലാതെ ഡയാലിസിസ് യൂനിറ്റ് സ്ഥാപിച്ച് മരുന്ന സ്റ്റോക്ക് ചെയ്തിട്ടിരിക്കുകയാണെന്നും, ഓപ്പറേറ്റ് മെഷീൻ ഉപയോഗ ശൂന്യമായ അവസ്ഥയിലേക്ക് പോകുകയാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. സ്റ്റോക്ക് ചെയ്ത മരുന്നുകൾ പലതും എലി കടിച്ച് നശിച്ചു കൊണ്ടിരിക്കുകയാണെന്നും പ്രസ്തുത കത്തിൽ പറഞ്ഞിട്ടുണ്ട്.

26.02.2020 ന് ഇ2/ആർ161C3/18 നമ്പർ കത്തായി മേയർ വിജിലൻസ് ഡി.വൈ.എസ്.പിക്കയച്ച കത്തിലും തുടർ നടപടി ഒന്നുമില്ലാത്തതിനാൽ 05.08.2020-ന് അയച്ച ഓർമ്മക്കുറിപ്പിലും ഡയാലിസിസ് സെന്ററുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് അഭ്യർത്ഥിച്ചെങ്കിലും തുടർ നടപടി ഒന്നും തന്നെ സ്വീകരിച്ചതായി കാണുകയുണ്ടായില്ല. 13.04.2020 ന് ഇതേ നമ്പറായി മേയർ എടക്കാട് പി.എച്ച്.സി , മെഡിക്കൽ ഓഫീസർക്കയച്ച കത്തിൽ ഡയാലിസിസ് സെന്ററിലെ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു.

13.04.2020 ന് 20/17 നമ്പർ കത്തായി മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫിസർക്ക് അയച്ച കത്തിൽ (പകർപ്പ് മേയർക്ക് ലഭിച്ചിട്ടുണ്ട്) എൻ.എച്ച്.എം കണ്ണൂരിന്റെയും, കണ്ണൂർ കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന അർബൻ ഡയാലിസിസ് സെന്ററിന്റെ ഉപകരണങ്ങൾക്കോ മരുന്നുകൾക്കോ പ്രസ്തുത സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററുമായി യാതൊരുവിധ ബന്ധമില്ലെന്നും ആരും അതിന് ചുമതലപ്പെടുത്തിയിട്ടില്ലെന്നും അറിയിച്ചതായി കാണുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ 23.10.2017 ലെ നം.സി1825/17 നമ്പർ കത്ത് പ്രകാരം എടക്കാട് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്കയച്ച കത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുമതിക്ക് വിധേയമായി കോർപറേഷന്റെയും, എൻ.എച്ച്. മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഡയാലിസ് കേന്ദ്രം അവിടെ തുടങ്ങാമെന്ന് പറഞ്ഞിരുന്നുവെങ്കിലും 2020 വരെയും ആരോഗ്യ ഡയറക്ടറിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല എന്നു പറയുന്നു.

കോർപറേഷൻ മേയർ ജില്ലാ മെഡിക്കൽ ഓഫീസർക്കയച്ച കത്തിൽ 69,04,374/- രൂപയുടെ (വർഷം, തീയ്യതി, ബിൽ നമ്പർ ലഭ്യമായിട്ടില്ല) മരുന്നുകളും ഡയാലിസിസ് ഉപകരണങ്ങളും ഡയാലിസിസ് സെന്ററിന് കൈമാറിയതായി കാണുന്നു. മേയറുടെ അഭ്യർഥന പ്രകാരം 2020-ൽ നടത്തിയ സ്റ്റോക്ക് വെരിഫിക്കേഷനിൽ, കൈപ്പറ്റിയ ഉപകരണങ്ങളും മരുന്നുകളും പലതും വാറന്റി കഴിഞ്ഞതായും, ചിലവ ഉപയോഗിച്ചിട്ടില്ലെന്നും -കാണുകയുണ്ടായി. എടക്കാട് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക്, ഇത്രയും ബൃഹത്തായ സ്ഥാപനം നോക്കി നടത്താൻ ആരോഗ്യ വകുപ്പ് ഡയറക്ടർ 2020 വരെ (പിന്നീട് നൽകിയോ എന്ന് വ്യക്തമല്ല) അനുമതി നൽകിയിട്ടില്ല എന്നിരിക്കെ കോർപ്പറേഷൻ പ്രോജക്ട് വച്ചത് ആരെ ഇംപ്ലിമെന്റിങ്ങ് ഓഫീസറാക്കിയിട്ടാണ് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

ഉപകരണങ്ങൾ പലതും എലി കടിച്ചും കാലഹരണപ്പെട്ടും നശിച്ചതായി മേയർ തന്നെ വിജിലൻസിന് പരാതി നൽകിയിട്ടും ചെലവ് ചെയ്തതിന്റെ നിജസ്ഥിതി അന്വേഷിച്ച് പുറത്തു കൊണ്ടുവരാൻ നഗരസഭാ തുടർ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി AE 30/19-20 തീയതി 04/12/2021 , AE 37/19-20 തീയതി 22/12/2021 ക്ക് എടക്കാട് സോണൽ ഓഫീസർ നമ്പർ-NIL, തീയതി 14/12/2021. EDZ/G1/6108/2021 തീയതി 24.12.2021 പ്രകാരം 18/01/2022 ന് നൽകിയ മറുപടി പ്രകാരം കോർപ്പറേഷൻ ഫണ്ടിൽ നിന്നല്ല, മറിച്ച് നാഷണൽ ഹെൽത്ത് മിഷൻ ( NHM) പദ്ധതി പ്രകാരം അവരാണ് തുക ചെലവഴിച്ചതെന്നും ആയതിനു ശേഷം ഡയാലിസിസ് സെന്റർ കോർപ്പറേഷന് കൈമാറുകയാണ് ഉണ്ടായതെന്നും വിശദീകരിക്കുകയുണ്ടായി. കോർപ്പറേഷൻ റാംപ് നിർമാണത്തിനായി 2 ലക്ഷം രൂപ വകയിരുത്തി ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്ന പ്രോജക്ട് നടപ്പാക്കുക മാത്രമാണ് ഉണ്ടായതെന്നും വിശദീകരിക്കുകയുണ്ടായി.

14/12/2021 ലെ മറുപടിയിൽ ഡയാലിസിസ് സെന്റർ കോവിഡ് രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിലേക്കായി പ്രവർത്തിക്കുകയാണ് ഉണ്ടായതെന്നും കോവിഡ് ശമനം വന്നതിനു ശേഷം സ്ഥാപനം കോർപ്പറേഷന് കൈമാറുകയാണ് ഉണ്ടായതെന്നും 2021 ഒക്ടോബർ 31 മുതൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നും അറിയിക്കുകയുണ്ടായി.

സമൂഹത്തിലെ പാവപ്പെട്ടവരായ വൃക്ക രോഗികൾക്ക് സമാശ്വാസമായ ഡയാലിസിസ് സെന്റർ അടിയന്തിരമായി തുറന്നു പ്രവർത്തിക്കുവാൻ ആവശ്യമായ നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

## 1-54 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ സംവിധാനം- സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | |
|---|---|
| നഗരസഭ കൗൺസിൽ തീരുമാനം | 7/04.02.2019 |
| ഫയൽ നമ്പർ | H3 20248/19 |

കണ്ണൂർ നഗരസഭയിൽ അനധികൃതമായി അസമയത്ത് മാലിന്യം തള്ളുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ പ്രതികളെ

പിടിക്കാനായി, കെൽട്രോണിന്റെ സഹായത്തോടെ നഗരസഭ പ്രദേശത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ സംവിധാനം (Edge Eye) സ്ഥാപിക്കാൻ മേൽ കാണിച്ച പ്രകാരം കൌൺസിൽ തീരുമാനമെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ഏതൊക്കെ പോയിന്റുകളിൽ ക്യാമറ സ്ഥാപിച്ചു, ചെലവ് തുക, വാർഷിക മെയിന്റനൻസ് എന്നിവ സംബന്ധിച്ച വിവരം) അറിയിക്കണം എന്നാവശ്യപ്പെട്ട കൊണ്ട് ഹെൽത്ത് സൂപ്പർവൈസർ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ- ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ AE- 31/2019-20/ബി1 തീയതി 04/12/2021 ) ഹെൽത്ത് സൂപ്പർവൈസർ 18/01/2022 ന് നൽകിയ മറുപടി പ്രകാരം സാങ്കേതിക കാരണങ്ങളാൽ ഡി.പി.സി അംഗീകാരം ലഭിക്കാതെ വന്നതിനാൽ മേൽ പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കുകയുണ്ടായില്ല എന്ന് അറിയിക്കുകയുണ്ടായി. അനധികൃത മാലിന്യം തള്ളൽ നഗരസഭ നേരിടുന്ന ഗുരുതര പ്രശ്നമായി നഗരസഭ കൗൺസിൽ വിലയിരുത്തുകയും ജനങ്ങളിൽ നിന്നും നിരന്തര വിമർശനം ഏറ്റുവാങ്ങുകയും പത്ര മാധ്യമങ്ങളിൽ ഈ വിഷയം ഗുരുതര മാലിന്യ പ്രശ്നമായി നിരന്തരം ചർച്ച ചെയ്യുകയും ചെയ്തിരിക്കെ, ഇക്കാര്യത്തിൽ നഗരസഭ അടിയന്തിര നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

1-55 പെരുമഴക്കാലത്ത് നടക്കുന്ന മഴക്കാല പൂർവ്വ ശുചീകരണം.

| | |
|---|---|
| ഫയൽ | എച്ച്4-12273/16 |
| വൗച്ചർനമ്പർ | വൌച്ചർ നമ്പർ.699/10.06.19<br>( പഞ്ചാബ് നാഷണൽ ബേങ്ക്- ചെക്ക് നമ്പർ 960370)-13,75,000 |

ഇതിൽ 55 വാർഡുകളിലേക്കുള്ള 20,000രൂപ (55 X20000 = 11,00,000) പ്രകാരം 11,00,000/- രൂപ ശുചിത്വമിഷൻ ഫണ്ടും 5,000 രൂപ (55 X5000 = 2,75,000 )വീതം 2,75,000/- രൂപ നഗരസഭയുടെ തനത് ഫണ്ടുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.05.2019 ലെ ജി.ഒ(ആർടി)923/19 പ്രകാരമാണ് ഭരണവകുപ്പ് ഈ പദ്ധതിക്ക് ചെലവനുമതി നൽകിയിട്ടുള്ളത്.പഞ്ചാബ് നാഷണൽ ബാങ്ക് അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെട്ട തുക എല്ലാ വാർഡ്തല കൺവീനർ/ചെയർമാന്റെ ജോയിന്റ് അക്കൌണ്ടിൽ 11.06.2019-ന് വരവ് വന്നിട്ടുണ്ട്.

02.05.2019 ന് തന്നെ സർക്കാർ ഉത്തരവിറക്കിയത് മഴക്കാല പൂർവശുചീകരണം , മഴക്കാല പൂർവകാലഘട്ടത്തിൽ (ജൂണിനു മുമ്പ്) ചെയ്ത് തീർക്കണം എന്നതിനാലാണ്. ജല സ്രോതസ്സുകളിലും, ഡ്രൈനേജുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ സ്വാഭാവിക ജല പ്രവാഹത്തിന് തടസ്സം നിൽക്കുമെന്നതിനാൽ അത്തരം അവസ്ഥ സംജാതമാകുന്നത് ഒഴിവാക്കാനും മലിനജലം കെട്ടിക്കിടന്ന് കൊതുക്/രോഗാണുക്കൾ എന്നിവ ഉണ്ടാകുന്നത് തടയുകയും അതുവഴി സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നത് തടയുകയുമാണ് മുഖ്യ ലക്ഷ്യം.

മെയ് മാസത്തിൽ തന്നെ ചെയ്താലേ പദ്ധതി യഥാർത്ഥ ലക്ഷ്യം കാണുകയുള്ളൂ എന്ന ഉത്തമബോധ്യത്തോടെ സർക്കാർ ഉത്തര വിറക്കിയിട്ടും ഒരു മാസം കഴിഞ്ഞ് ഇടവപ്പാതി തുടങ്ങിയ ശേഷമാണ് ഇത് സംബന്ധിച്ച നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായത് എന്നത് ശരിയായ നടപടിയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. (ചില വാർഡുകളിൽ വാർഡ്തല സമിതി വേനൽക്കാലത്ത് തന്നെ പ്രവൃത്തി ചെയ്യിച്ച് പണം ജൂൺ മാസത്തിൽ നൽകിയത് അഭിനന്ദനാർഹവുമാണ്.) തനത് ഫണ്ട് മുൻകൂർ ചെലവഴിക്കാൻ അനുമതി നേരത്തെ തന്നിട്ടും, നഗരസഭയുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായത് എന്തുകൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

55 വാർഡുകളിൽ പല വാർഡുകളിലും വാർഡ്തല സമിതി രൂപീകരിച്ച് നിർവഹണ ചുമതല ബന്ധപ്പെട്ട ജീവനക്കാരെ എൽപ്പിച്ചത് തന്നെ ജൂലൈ ആഗസ്റ്റ് മാസങ്ങളിലാണ്. (ഉദാ-താളിക്കാവ് 19.07.2019, മൈതാനപ്പള്ളി അർബൻ പി.എച്ച്.സിക്ക് കീഴിലുള്ള ഒമ്പത് ഡിവിഷൻ 07.08.19, 40 മത് ഡിവിഷൻ കൺവീനറെ നിയമിച്ചത് 26.08.2019) ഇത് ആരോഗ്യ വിഭാഗത്തിൽ നിന്നുള്ള ജാഗ്രതക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു.

55 വാർഡുകളിൽ തെരഞ്ഞെടുത്ത ഏതാനും ഡിവിഷനുകളിലെ മഴക്കാല പൂർവ ശുചീകരണ ചെലവ് രേഖകളും മിനുട്സും പരിശോധിച്ചതിൽ കണ്ട ചില അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഭൂരിപക്ഷം ഡിവിഷനുകളിലും മഴക്കാല പൂർവ്വ ശുചീകരണം നടന്നത് പെരുമഴക്കാലത്താണ് .

| | |
|---|---|
| ഉദാ ഡിവിഷൻ.8 പ്രവൃത്തി നടന്നത് | 06/2019, 07/2019, 08/2019, 11/2019 |
| ഡിവിഷൻ.11 പ്രവൃത്തി നടന്നത് | 07/2019, 08/2019, 10/2019 |

| | |
|---|---|
| ഡിവിഷൻ.13 പ്രവൃത്തി നടന്നത് | 07/2019, 08/2019 |
| ഡിവിഷൻ.51 പ്രവൃത്തി നടന്നത് | 11/2019 |

2) ഒരു പ്രവൃത്തിയും നടന്നില്ല .

| | |
|---|---|
| ഡിവിഷൻ 52 താളിക്കാവ് പാസ് ബുക്ക് പ്രകാരം 01.04.2019 മുന്നിരിപ്പ് | 14971 .00 |
| വരവ് | 26,120.00(25000+1120(പലിശ) ) |
| ആകെ | 41091 |
| ചെലവ് | ഇല്ല |
| 31.03.20 നീക്കിയിരിപ്പ് | 41091 |

തുക അനുവദിച്ചിട്ടും പ്രവൃത്തി നടക്കാത്തതിനെപറ്റി വാർഡ്തല സമിതിയോട് വിശദീകരണം തേടേണ്ടതാണ്.

3) നോമിനൽ മസ്റ്റർ റോൾ ഹാജരാക്കിയില്ല .

പല ഡിവിഷനുകളിലും പ്രവൃത്തി ഏറ്റെടുത്തത് ഒരേ വ്യക്തികളാണ് എന്ന സംശയം ഉളവായതിനാൽ എ.രവീന്ദ്രൻ, കെ.വിനോദ് കുമാർ, ടി.ലക്ഷ്മണൻ, പി.ഭരതൻ എന്നീ പേരുകൾ ആവർത്തിച്ച് വ്യത്യസ്ത ഡിവിഷനുകളിലെ വൌച്ചറുകളിൽവരുന്നതിനാൽ നോമിനൽ മസ്റ്റർ റോൾ പ്രകാരം ക്രോസ് വെരിഫിക്കേഷൻ ആവശ്യമാണെങ്കിലും ചില വാർഡുകളിൽ എൻ.എം.ആർ ഹാജരാക്കുകയുണ്ടായില്ല. ഇക്കാര്യം പ്രത്യേകം പരിശോധി ക്കേണ്ടതാണ്.

ഉദാ- വാർഡ് 49, 51, 53

4) മുൻ വർഷങ്ങളിൽ പ്രവൃത്തി നടക്കാതെ വിനിയോഗ സാക്ഷ്യപത്രം നൽകി .

| | |
|---|---|
| ഡിവിഷൻ 42 നീർച്ചാൽ വെസ്റ്റ്) പാസ് ബുക്ക് പ്രകാരം 01.04.19 ന് മുന്നിരിപ്പ് | 63208.20 |
| വരവ് | 26354 (25000 + 1354 പലിശ) |
| ആകെ | 89562.20 |
| ചെലവ് | 73000.00 |
| നീക്കിയിരിപ്പ് | 16562.00 |

ഇതിൽ നിന്നും 2017-18, 2018-19 രണ്ട് വർഷങ്ങളിൽ ഡിവിഷനുകളിൽ യാതൊരുവിധ പ്രവർത്തനവും നടന്നില്ല എന്ന് തീർച്ചയാണ്. പ്രവൃത്തി പൂർണമായും നടത്തിയതിന്റ വിനിയോഗ സർട്ടിഫിക്കറ്റ് വാർഡ്തല സമിതി നൽകി ആയത് ശുചിത്വമിഷൻ അംഗീകരിച്ചാലെ ഗ്രാന്റ് അവർ നൽകൂ എന്നിരിക്കെ ഇവിടെ ഗ്രാന്റ് പൂർണമായും വീണ്ടും ലഭിച്ചു എന്നതിൽ നിന്ന് പ്രവൃത്തി നടത്താതെ വ്യാജമായി വിനിയോഗ സാക്ഷ്യപത്രം ശുചിത്വമിഷൻ നൽകിയതിനാലാണ് വീണ്ടും ഗ്രാന്റ് ലഭിച്ചത് എന്ന് ഉറപ്പിക്കാവുന്നതാണ്. ഇത്തരം പ്രവണതകൾ തികച്ചും തെറ്റായ കീഴ് വഴക്കമാണ്. നഗരസഭ കൌൺസിൽ ഇക്കാര്യം പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

ഡിവിഷൻ 40 (പടന്ന)യിലും ഇതേ പ്രവണത ആവർത്തിച്ചു കാണുന്നു.

| | |
|---|---|
| 01.04.2019 ന് മുന്നിരിപ്പ് | 27,422 |

| | |
|---|---|
| വരവ് | 37085 (25000 +10000(NHM)+ 2085 (പലിശ) |
| ആകെ | 64507 |
| ചെലവ് | 30600 |
| നീക്കിയിരിപ്പ് | 33907 |

ഈ വർഷം ചെലവായ 30,600 ൽ 10,000 NHM ഫണ്ട് കഴിച്ച് ബാക്കി 20,600 രൂപ മാത്രമാണ് ശുചിത്വമിഷൻ ഫണ്ട് എന്നതും, 33,907/- രൂപ നീക്കിയിരിപ്പ് വരുന്ന എന്നത് മുൻവർഷങ്ങളിലും പൂർണ്ണമായി തുക വിനിയോഗിക്കാതെ വിനിയോഗ സാക്ഷ്യപത്രം നൽകി എന്നതിന്റെ സൂചനയാണ്.45 (താണ) ഡിവിഷനിലും 01.04.2019 ലെ മുന്നിരിപ്പ് 28,078 രൂപയാണ് എന്നതും ഇതേ പ്രവണതയുടെ സൂചകമാണ്.

5) പൂർണ്ണമായും തുക ചെലവഴിക്കാതെ മുഴുവൻ തുകയും കൈപ്പറ്റി .

| | |
|---|---|
| വാർഡ് 46 തെക്കി ബസാർ 01.04.2019 മുന്നിരിപ്പ് | 195 |
| വരവ് | 25973 |
| ആകെ | 26168 |
| ചെലവ് | 8400 |
| ബാക്കി | 17768 |

25,000 രൂപ 11.06.18 ന് ഡിവിഷൻ തല സമിതിയുടെ അക്കൌണ്ടിൽ വരവ് വന്നു. ചെലവാക്കിയത് 8,400 മാത്രം. ശുചിത്വമിഷൻ 25,000/- രൂപ നഗരസഭക്ക് തിരിച്ച് നൽകി എന്നതിൽ നിന്നും പ്രവൃത്തി നടത്താതെ 25,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ശുചിത്വമിഷന് നൽകിയത് കൊണ്ട് മാത്രമാണ് എന്ന് ഉറപ്പിക്കാവുന്നതാണ്.മേൽ അപാകങ്ങളിലേക്ക് നഗരസഭാ കൌൺസിലിന്റെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

മഴക്കാല പൂർവ ശുചീകരണം കൃത്യസമയത്തും പൂർണമായും നടന്നു എന്നും ചെലവ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.എല്ലാ ഡിവിഷനുകളിലെയും ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല. അപാകതകൾ പല ഡിവിഷനുകളിലും ആവർത്തിക്കാൻ സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ പൂർണ്ണ പരിശോധന ഓഡിറ്റ് ശുപാർശ ചെയ്യുന്നു.ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണത്തിനും കൂടുതൽ പരിശോധനക്കുമായി ചെലവ് തുകയായ 13,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-56 ലൈഫ് മിഷൻ - തറവിസ്തീർണ്ണം കൂടി എന്ന കാര്യത്തിൽ ആനുകൂല്യം നിഷേധിച്ചത് തിരികെ നൽകിയില്ല.

| | |
|---|---|
| കൗൺസിൽ തീരുമാനം | 47/19.02.2020 |
| ഫയൽ നമ്പർ | H7 (CDS)-21302/15 |

ലൈഫ് മിഷൻ പദ്ധതി പ്രകാരം 60 ച.മീ തറവിസ്തീർണ്ണമുള്ള വീടുകൾക്ക് മാത്രമാണ് അനുമതി നൽകുന്നതെങ്കിലും, അർഹരായ ഗുണഭോക്താവ് മറ്റ് വരുമാന സ്രോതസ്സ് കണ്ടെത്തി കൂടുതൽ തറവിസ്തീർണ്ണമുള്ള വീട് നിർമിച്ചിട്ടുണ്ടെങ്കിലും ആയതിനും ആനുകൂല്യം നൽകണമെന്ന് സ.ഉ (സാധാ)2903/19 ത സ്വ ഭ വ തിയതി 20.12.19 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിൽ സീത.കെ.കണ്ടത്തിൽ എന്ന വ്യക്തിക്ക് നൽകിയ ആനുകൂല്യം ഇക്കാരണത്താൽ (25000 രൂപ മുതലും 12489 രൂപ പലിശയും സഹിതം) 37489 രൂപ 9390111774/25.09.19 പ്രകാരം നഗരസഭയിലേക്ക് തിരിച്ചൊടുക്കിയതായി കാണുകയുണ്ടായി.

ഉത്തരവ് വരുന്നതിനു മുമ്പാണ് തുക തിരിച്ചു പിടിച്ചതെങ്കിലും ഉത്തരവ് വന്ന ശേഷം ഗുണഭോക്താവിന് തുക തിരിച്ചു നൽകിയോ എന്നത് സംബന്ധിച്ച AE 29/19-20 തീയതി 02.12.21 ന് നഗരസഭ നൽകിയ മറുപടിയിൽ വേറെ ആരിൽ നിന്നും തുക തിരിച്ചു പിടിച്ചിട്ടില്ല എന്നും തിരിച്ചു പിടിച്ച വ്യക്തിക്ക് ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചു നല്കിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. ഇക്കാര്യം നഗരസഭ കൗൺസിൽ പരിഗണിക്കേണ്ടതും ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണെന്നും ഓഡിറ്റ് നിർദേശിക്കുന്നു.

### 1-57 തെരുവ് വിളക്ക് ചാർജ് – ഇൻ വോയിസ് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| ഫയൽ | E9(E5)455/06 |
| കൺസ്യൂമർ നമ്പർ | 15386 |

മീറ്റർ സ്ഥാപിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് എന്ന നിലയിൽ ഓഡിറ്റ് കാലയളവിൽ കണ്ണൂർ നഗരസഭാ പരിധിയിൽ (5 സോണൽ ഓഫീസ് ഒഴികെ) മാത്രം 76,38,599 രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. പ്രതിമാസം 6,94,410 രൂപയാണ് കെ.എസ്.ഇ.ബി ബിൽ വഴി ആവശ്യപ്പെടുന്നത്. ഈ തുകയിൽ എങ്ങിനെ എത്തിചേർന്നു എന്ന് കാണിക്കുന്ന ഇൻ വോയിസ് (തെരുവ് വിളക്കുകളുടെ ടൈപ്പ്, എണ്ണം, പ്രതിമാസ നിരക്ക്) ഓഡിറ്റിനു ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഇക്കാലയളവിൽ നഗരസഭാപരിധിയിൽ ധാരാളം ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിച്ചിട്ട ണ്ടെന്നിരിക്കെ ഇത്തരം വിളക്കുകൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങളിലെ നിലവിലുള്ള തെരുവ് വിളക്കുകൾ റദ്ദ് ചെയ്യുന്ന കാര്യം സംബന്ധിച്ച സ.ഉ(അ) 27/2017 ഫിൻ 26/2/2017 ലെ ഉത്തരവ് നഗരസഭാ പരിധിയിൽ പ്രാവർത്തികമാക്കിയില്ല എന്നു കാണാവുന്നതാണ്. (04/19 ലും 03/20 ലും ഒടുക്കുന്നത് ഒരേ നിരക്കാണ് എന്നത് ഇത് സ്ഥിരീകരിക്കുന്നു.) ഇപ്രകാരം നഗരസഭാ പരിധിയിൽ തെരുവ് വിളക്ക് ചാർജ്, വിളക്കുകളുടെ എണ്ണം കൃത്യമായി പരിശോധിക്കാതെയാണ് ഒടുക്കുന്നത് എന്ന് കാണാവുന്നതാണ്.

ഇതേ പ്രശ്നം തന്നെ സോണൽ ഓഫീസ് പരിധിയിലും ആവർത്തിക്കുന്നതായി കാണാവുന്നതാണ്.

പുതുതായി സ്ഥാപിക്കുന്ന ഹൈ മാസ്റ്റ്/മിനി മാസ്റ്റ് ന് ചാർജ് ഒടുക്കുക എന്നാൽ അവിടെ പ്രവർത്തിക്കുന്ന നിലവിലുള്ള വിളക്കുകളുടെ ചാർജ് ഒഴിവാക്കാതിരിക്കുക എന്ന രീതി നഗരസഭാ ഫണ്ടിന്റെ ചോർച്ചക്കു കാരണമാകുന്നുണ്ട്.

നഗരസഭാ ഫണ്ടിൽ അനാവശ്യമായ ചോർച്ച ഉണ്ടാവുന്ന ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും മീറ്ററില്ലാതെ തെരുവ് വിളക്ക് ചാർജ് ഒടുക്കുന്ന 6 പ്രദേശങ്ങളിലും ഇൻ വോയിസ് പ്രകാരം ആവശ്യപ്പെടുന്ന തെരുവ് വിളക്ക് ചാർജ് എങ്ങിനെ കണക്ക് കൂട്ടി എന്ന് കാണിക്കുന്ന വ്യക്തമായ കണക്കുകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ,ബിജു.പി.വി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-AE. 79/2019-20/ബി1 തീയതി.24.01.2022) മറുപടി ലഭ്യമാക്കിയില്ല.

### 1-58 തെരുവ് വിളക്ക് ചാർജ് - കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

കണ്ണൂർ കോർപ്പറേഷൻ പ്രദേശത്ത് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ടോ, ഇപ്പോഴും തെരുവ് വിളക്കുകളുടെ ചാർജ് തുക ഒടുക്കുന്നത് കെ.എസ്.ഇ.ബി നൽകുന്ന ഇൻ വോയിസ് അടിസ്ഥാനത്തിലാണോ, മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് ഏതൊക്കെ ഭാഗങ്ങളിൽ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ.ബിജു.പി.വി ക്ക് AE.78/2019-20/ബി1 തീയതി.24.01.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.02.2019 ലെ സർക്കുലർ ഡിഎ1/17/2019 നിർദ്ദേശ പ്രകാരം തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കുന്നിടത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ വിവര ശേഖരണം നടത്തേണ്ടതായിട്ടുണ്ട്. ഇത്തരം ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ എന്നും ഇതേ ഓഡിറ്റ് എൻക്വയറിയിൽ അന്വേഷിക്കുകയുണ്ടായി.ആയതിനും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇതിൽ നിന്നും വ്യക്തമാകുന്നത് കണ്ണൂർ നഗരസഭയിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചത് സംബന്ധിച്ച് വ്യക്തമായ വിവരം ഇല്ല എന്നാണ്.

അതു പോലെ തന്നെ സ.ഉ(അ)27/2017 ഫിൻ.26.02.2017 ലെ ഉത്തരവ് പ്രകാരം മിനിമസ്റ്റ്/ഹൈമസ്റ്റ് ലൈറ്റ്

സ്ഥാപിക്കുന്നിടത്ത് നിലവിലുള്ള തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നത് ഒഴിവാക്കേണ്ടതായിട്ടുണ്ട്. കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ നിലവിൽ എത്ര ഹൈമാസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും ആയത് സ്ഥാപിച്ചപ്പോൾ അതുവരെ നിലവിൽ ഉണ്ടായിരുന്ന എത്ര തെരുവ് വിളക്കുകൾ ഒഴിവാക്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങളും അറിയിക്കാൻ മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിനും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1-59 2003 ലെ സർക്കാർ നിർദ്ദേശം ഇനിയും നടപ്പാക്കിയില്ല - ഫിലമെന്റ് ബൽബുകൾക്കും പ്രതിമാസ തെരുവ് വിളക്ക് ചാർജ് – നഗരസഭാ ഫണ്ട് ചോരുന്നു. അടിയന്തിര പരിഹാരം കാണേണ്ടതാണ്.

| | |
|---|---|
| സോണൽ | എളയാവൂർ സോണൽ പരിധി |
| ഫയൽ നമ്പർ | EZ/A/1695/16 |
| കൺസ്യൂമർ നമ്പർ- | 1166571001152 |

പഴയ മുനിസിപ്പൽ പ്രദേശത്തും അഞ്ച് സോണലുകളിലുമായി പ്രതിമാസ തെരുവ് വിളക്ക് ചാർജായി വൻ തുകയാണ് നഗരസഭ ചെലവിടുന്നത്. മീറ്ററില്ലാത്ത തെരുവുവിളക്കുകൾക്കും മീറ്റർ സ്ഥാപിച്ച തെരുവ് വിളക്കുകൾക്കുമായി പ്രതിമാസം 15 ലക്ഷത്തിനടുത്ത് രൂപ നഗരസഭ ചെലവഴിക്കുന്നതായി കാണാവുന്നതാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനത്തെ സംബന്ധിച്ച് അനിവാര്യ ചുമതലയാണെങ്കിലും നഗരസഭ ഫണ്ടിന്റെ അനാവശ്യ ചോർച്ച തടയാൻ ആവശ്യമായ മുൻകരുതലുകൾ ഒന്നും നടക്കുന്നില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ കാണുകയുണ്ടായി. 02/12/2003 ലെ വൈദ്യുതി വകുപ്പിന്റെ ജി.ഒ(എംഎസ്) 34/2003 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ട്രീറ്റ് ബൾബുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി നൽകാൻ സർക്കാർ അനുമതി നൽകിയിരുന്നു. കെ.എസ്.ഇ.ബി സെക്രട്ടറി 23/02/2004 ലെ BO(FB)No 496/2004 പ്രകാരം ഇത് പ്രാവർത്തികമാക്കാനുള്ള മാർഗ്ഗരേഖയും നിർ ദ്ദേശിച്ചിരുന്നു.

കാലമേറെ കഴിഞ്ഞിട്ടും ഇതിന് ഒരു നടപടിയും സ്വീകരിക്കാതെ 2022 ൽ പോലും വർഷങ്ങൾക്കു മുമ്പുള്ള അതേ ഇൻ വോയിസിൽ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് തദ്ദേശ ഭരണ സ്ഥാപനത്തിനും കെ.എസ്.ഇ.ബിക്കും ഉറപ്പുള്ള സാദാ ബൾബ് ഉൾ പ്പെടുന്ന വിളക്കുകൾക്ക് കൂടി ആവർത്തന ചെലവോടെ എല്ലാ മാസവും ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

തദ്ദേശ ഭരണ സ്ഥാപനവും കെ.എസ്.ഇ.ബിയും ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രകാശിക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയതിന് യാതൊരു വിലയും കൽപ്പിക്കാതെ പ്രകാശിക്കാത്ത ബൾബുകൾക്ക് പോലും പ്രതിമാസ തുക ഒടുക്കുന്ന രീതിയാണ് നടന്നു കാണുന്നത്.ഇത് സംബന്ധിച്ച് എളയാവൂർ സോണൽ മേഖലയിലെ തെരുവ് വിളക്ക് തുക ഒടുക്കൽ സംബന്ധിച്ച് ഓഡിറ്റ് വിശദ പരിശോധന നടത്തുകയുണ്ടായി.ഓഡിറ്റ് കാലയളവിൽ 1166571001152 എന്ന കൺസ്യൂമർ നമ്പറിൽ എളയാവൂർ സോണൽ ഓഫീസിൽ നിന്ന് തെരുവു വിളക്ക് ചാർജായി 17,15,442/- രൂപ ഒടുക്കിയതായി കാണുകയുണ്ടായി. 1,47,361/- രൂപയാണ് ഒരു മാസം ഒടുക്കുന്നത്. (ചില കാലയളവിൽ നേരിയ വ്യത്യാസമുണ്ട്)

സ്ഥാപനത്തിൽ നിന്ന് ഹാജരാക്കിയ ബില്ലിന്റെ കൂടെയുള്ള ഇൻ വോയിസ് പരിശോധനക്ക് വിധേയമാക്കിയപ്പോൾ 49 എണ്ണം മീറ്റർഡ്/ബില്ലുകളും (ഹൈമസ്റ്റ്/സെമിമാസ്റ്റ്..) മീറ്റർ സ്ഥാപിക്കാത്തത് എന്ന പേരിൽ മേൽപ്പറഞ്ഞ കൺസ്യൂമർ നമ്പറും അടക്കം 50 എണ്ണമാണ് ചേർത്തു കാണുന്നത്. ഈ ബില്ലിലെ വിശദ വിവരം തേടി നഗരസഭ ഓഫീസിലും സോണൽ ഓഫീസിലും ബന്ധപ്പെട്ടപ്പോൾ മറുപടിയൊന്നും തന്നെ പറയാൻ ഉണ്ടായില്ല. (കെ.എസ്.ഇ.ബി ആവശ്യപ്പെടുന്ന തുക നിജസ്ഥിതി പരിശോധിക്കാതെ അവർക്ക് നൽകുന്നു എന്ന് മാത്രം)

എളയാവൂർ സോണൽ ഓഫീസിന്റെ പരിധിയിൽ ഏച്ചൂർ, താഴചൊവ്വ, കാടാച്ചിറ, തയ്യിൽ, കണ്ണൂർ തുടങ്ങിയ സബ് സ്റ്റേഷനു കീഴിൽ തെരുവ് വിളക്കുകൾ പ്രകാശിക്കുന്നുണ്ടെങ്കിലും ബിൽ തരുന്നത് താഴെ ചൊവ്വ സബ് സ്റ്റേഷനിൽ നിന്നാണ്. വിശദ വിവരം അറിയാനായി ഓഡിറ്റ് താഴെ ചൊവ്വ സബ് സ്റ്റേഷനിൽ 0497 2726160 എന്ന നമ്പറിൽ ബന്ധപ്പെട്ടപ്പോൾ ലഭിച്ച മറുപടി പ്രകാരം എല്ലാ സബ് സ്റ്റേഷനിലെയും ബിൽ കൂടി സെൻട്രലൈസ്ഡ് ആയി താഴെ ചൊവ്വയിൽ നിന്നും നൽകുകയാണ് എന്ന് വിശദീകരിക്കുകയുണ്ടായി. പ്രതിമാസം 1,47,361/- രൂപ ചാർജ് ഇനത്തിൽ കണക്ക് കൂട്ടുന്നത് എങ്ങിനെ എന്ന് അവർ വിശദീകരിക്കുകയുണ്ടായി.

| ക്രമ നമ്പർ | ഇനം | എണ്ണം | പ്രതിമാസ ചാർജ് | ആകെ |
|---|---|---|---|---|
| 1 | 40W Tube | 533 | 73 | 38909 |
| 2 | 40W Bulb | 208 | 73 | 15184 |
| 3 | 2x11W CFL | 26 | 35 | 910 |
| 4 | 250W SVL | 21 | 492 | 10332 |
| 5 | 150W SVL | 48 | 294 | 14112 |
| 6 | 2 X 40W Tube | 462 | 147 | 67914 |
| | | | ആകെ | 147361 |

മേൽ പട്ടിക പരിശോധിച്ചാൽ തദ്ദേശ ഭരണ സ്ഥാപനത്തിൽ 208 40W Bulb പ്രവർത്തിക്കുന്നതായി കാണാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനത്തിൽ ഒറ്റ ബൾബു പോലും കാണാനുണ്ടാവില്ല എന്നിരിക്കെ ഈ തുക ഈടാക്കുന്നത് നഗരസഭയുടെ ഫണ്ട് ചോർച്ചക്കു കാരണമാകുന്നു.2018-19 ൽ തദ്ദേശ ഭരണ സ്ഥാപനവും കെ,എസ്.ഇ.ബിയും നടത്തിയ സംയുക്ത പരിശോധനയിൽ തദ്ദേശ ഭരണ സ്ഥാപനത്തിൽ 1078, 40W ട്യൂബും. 20സി.എഫ്.എൽ ഉം, 31 എസ്.വി.എൽ ഉം 7 ഇൻകാന്റസന്റ് ലാമ്പും മാത്രമാണ് ഉള്ളത് എന്ന് കണ്ടെത്തുകയുണ്ടായി. ഇതിന്റെ ചുവടുപിടിച്ചാണ് അതേ വർഷം തെരുവ് വിളക്കുകൾ റിപ്പയറിന് എ.എം.സി ക്ക് നൽകിയിട്ടുള്ളത് . നാമമാത്രമായ 7 ഫിലമന്റ് ബൾബുകൾ മാത്രമാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയിട്ടും 208 ബൾബുകൾക്ക് തുക ഒടുക്കുന്ന കാര്യത്തിൽ മാറ്റം വരുത്താൻ ഒരു നടപടിയും സ്വീകരിക്കാത്തത് വികസനാവശ്യത്തിനുള്ള ഫണ്ട് ചോർച്ച വരുന്നതിനു കാരണമാകുന്നു. ആയത് തടയാൻ അടിയന്തിര നടപടി അനിവാര്യമാണ്.

ഒരു 40W Bulb ന് തെരുവ് വിളക്ക് ചാർജായി പ്രതിദിനം 73 രൂപ വരുമ്പോൾ അതേ വെളിച്ചം തരുന്ന 12W LEDക്ക് കേവലം 14 രൂപ മാത്രമാണ് നിരക്ക് എന്നിരിക്കെ ബൾബുമാറ്റി പരമാവധി എല്ലാം LED ആക്കിയിട്ടും നിലവിലും ബൾബിന്റെ നിരക്ക് നൽകുന്നത് ഗുരുതരമായ ഫണ്ട് ചോർച്ചക്ക് കാരണമാകുന്നു.കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച അറിവ് പ്രകാരം കെ.എസ്.ഇ.ബി(നിലവിലും 1/2022) പ്രതിമാസ നിരക്ക് 1,47,361 നിശ്ചയിച്ച ശേഷം മീറ്റർഡ് തെരുവ് വിളക്കിലെ യഥാർത്ഥ നിരക്ക് കണക്കുകൂട്ടിയശേഷം വ്യത്യാസം വരുന്ന തുക മീറ്ററില്ലാത്തതും/ പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്ക് ചാർജ്ജായി രേഖപ്പെടുത്തുന്ന തികച്ചും അശാസ്ത്രീയമായ രീതിയാണ് തുടരുന്നത് എന്ന് കാണുവാൻ കഴിഞ്ഞു.

ധാരാളം ഹൈമാസ്റ്റ്/സെമി ഹൈ മാസ്റ്റ് വിളക്കുകൾ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പുതുതായി വന്നിട്ടും സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലങ്ങളിലെ സാദാതെരുവുവിളക്കുകൾ മാറ്റി വൈദ്യുത ചാർജ്ജ് കുറക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർ ദ്ദേശം നൽകിയിട്ടും ഒരു നടപടിയും സ്വീകരിക്കാതെ വർഷങ്ങൾക്കുമുമ്പ് അപ്രത്യക്ഷമായ വൻവില ചാർജായി വരുന്ന ഫിലമെന്റ് ബൾബിന്റെ തെരുവു വിളക്ക് ചാർജ് നൽ കേണ്ടി വരുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി/നഗരസഭ കൌൺസിൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.ഒരു സോണൽ ഓഫീസ് പരിധിയിൽ മാത്രം ഇത്രയും വലിയ ഫണ്ട് ചോർച്ച സംഭവിക്കുന്നു എന്നിരിക്കെ 5 സോണൽ ഓഫീസ് പരിധിയും പഴയ മുനിസിപ്പൽ പരിധിയും പരിഗണിച്ചാൽ വികസനാവശ്യത്തിനു വേണ്ടി ചെലവഴിക്കേണ്ട വൻ തുക നഗരസഭാ ഫണ്ടിൽ നിന്നും ചോരുന്നു എന്നത് ഗുരുതരമായ വീഴ്ചയാണ്. പ്രശ്നപരിഹാരത്തിന് അടിയന്തിര നടപടി അനിവാര്യമാണ്.

പ്രശ്ന പരിഹാരത്തിന് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ 5 സോണൽ ഓഫീസിലും പഴയ മുനിസിപ്പൽ പ്രദേശത്തും തെരുവ് വിളക്ക് ചാർജായി (മീറ്റർ വെക്കാത്തത് മാത്രം) ചെലവഴിച്ച 1,10,85,574/- രൂപയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൌച്ചർ നമ്പർ/തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 21900094/06.04.2019 | 1,33,849 |
| 2 | 21900118/09.04.2019 | 98,257 |
| 3 | 21900163/17.04.2019 | 1,09,368 |
| 4 | 21900325/08.05.2019 | 6,94,410 |
| 5 | 21900327/08/05/2019 | 66,031 |
| 6 | 21900381/10.05.2019 | 1,33,849 |
| 7 | 21900398/10.05.2019 | 1,11,763 |
| 8 | 21900690/06.06.2019 | 6,94,410 |
| 9 | 21900713/09.06.2019 | 66,031 |
| 10 | 21901208/05.07.2019 | 6,94,410 |
| 11 | 21901236/05.07.2019 | 1,08,512 |
| 12 | 21901584/07.08.2019 | 6,94,410 |
| 13 | 21901613/08.08.2019 | 1,22,945 |
| 14 | 21901808/03.09.2019 | 6,91,710 |
| 15 | 21901827/04.09.2019 | 72,801 |
| 16 | 21901908/05.09.2019 | 1,47,554 |
| 17 | 21901928/07.09.219 | 1,20,226 |
| 18 | 21901931/07.09.2019 | 1,49,522 |
| 19 | 21902085/11.10.2019 | 86,264 |
| 20 | 21902126/16.10.2019 | 1,47,507 |
| 21 | 21902128/16.10.2019 | 1,17,469 |
| 22 | 21902146/18.10.2019 | 72,801 |
| 23 | 21902814/13.12.2019 | 72,849 |
| 24 | 21904549/06.12.2019 | 2,50,207 |
| 25 | 21904550/06.12.2019 | 6,94,410 |
| 26 | 21904589/09.12.2019 | 1,17,469 |
| 27 | 21904620/11.12.2019 | 1,15,454 |
| 28 | 21904621/11.12.2021 | 1,47,361 |
| 29 | 21903022/09.01.2020 | 6,94,410 |
| 30 | 21903051/10.01.2020 | 1,18,766 |
| 31 | 21903055/10.01.2020 | 93,402 |
| 32 | 21903056/10.01.2020 | 48,238 |
| 33 | 21903111/14.01.2020 | 1,83,312 |
| 34 | 21903155/17.01.2020 | 72,825 |
| 35 | 21903157/17.01.2020 | 1,47,361 |
| 36 | 21903233/22.01.2020 | 40,258 |
| 37 | 21903413/10.02.2020 | 1,17,469 |
| 38 | 21903423/10.02.2020 | 2,56,415 |
| 39 | 21903425/11.02.2020 | 1,15,971 |
| 40 | 21903429/11.02.2020 | 6,94,410 |
| 41 | 21903430/11.02.2020 | 70,082 |

| | | |
|---|---|---|
| 42 | 21903443/12.02.2020 | 1,47,361 |
| 43 | 21903448/12.02.2020 | 40,683 |
| 44 | 21903453/12.02.2020 | 72,921 |
| 45 | 21903458/12.02.2020 | 34,868 |
| 46 | 21903459/12.02.2020 | 20,979 |
| 47 | 21902575/23.11.2019 | 34,970 |
| 48 | 21903845/10.03.2020 | 6,94,540 |
| 49 | 21903904/13.03.2020 | 1,56,298 |
| 50 | 21903905/13.03.2020 | 98,566 |
| 51 | 21903906/13.03.2020 | 57,587 |
| 52 | 21903908/13.03.2020 | 1,19,162 |
| 53 | 21903938/16.03.2020 | 73,708 |
| 54 | 21903951/16.03.2020 | 1,49,163 |
| | ആകെ | 1,10,85,574 |

ബന്ധപ്പെട്ട സോണൽ ഓഫീസർമാർ/നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-60 പാലിയേറ്റിവ് കെയർ-വാഹനവാടക ക്വട്ടേഷൻ ക്ഷണിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 14/20 |
| പ്രൊജക്റ്റിന്റെ പേര് | പെയിൻ & പാലിയേറ്റീവ് |
| അടങ്കൽ | 29,97,070/- (വികസന ഫണ്ട് ) |
| ചെലവ് | 24,38,209/- |
| ബിൽ നം.&തീയതി, തുക | 1) 3/19-20, തീയതി 02-08-2019, 327110/- |
| | 2) 4/19-20, തീയതി 19-08-2019, 169480/- |
| | 3) 5/19-20, തീയതി 04-09-2019, 166420/ |
| | 4) 8/19-20, തീയതി 02-11-2019, 169120/- |
| | 5) 9/19-20,തീയതി 02-11-2019, 169040/- |
| | 6) 11/19-20,തീയതി 06-01-2020, 338400/- |

| | |
|---|---|
| | 7) 12/19-20,തീയതി 13-02-2020, 167360/- |
| | 8) 13/19-20,തീയതി 04-03-2020, 589739/- |
| | 9) 14/19-20,തീയതി 10-03-2020, 169640/- |
| | 10) 15/19-20,തീയതി 19-03-2020, 171900/- |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 2019-20 സാമ്പത്തിക വർഷം, മെഡിക്കൽ ഓഫീസർ, സി എച്ച് സി, എളയാവൂർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം പെയിൻ & പാലിയേറ്റീവ് കെയറിനുവേണ്ടി, വികസനഫണ്ടിൽ നിന്ന് മേൽകാണിച്ച 1മുതൽ 10 വരെയുള്ള ബില്ലുകൾ പ്രകാരം 24,38,209/- രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ ബിൽ നം. 8 ഒഴികെയുള്ള ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് കോർപ്പറേഷൻ പരിധിയിലെ എളയാവൂർ, പള്ളിക്കുന്ന്,പുഴാതി, ചേലോറ എന്നീ പിഎച്ച്സി കളിലെ യഥാക്രമം റജ്ജ.കെ.എം, എം.സദാനന്ദൻ, അഖിലേഷ്.കെ, ഉനീഷ് കുമാർ.സി.വി എന്നിവർക്ക് പാലിയേറ്റീവ് വാഹനവാടക ഇനത്തിൽ ഏപ്രിൽ 2019 മുതൽ ഫെബ്രുവരി 2020 വരെ ഒരു ദിവസം 1100/- രൂപ നിരക്കിൽ മൊത്തം 7,71,100/- രൂപ നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ(സാധാ)നം.553/2019 /തസ്വഭവ, തീയതി 07/03/2019 ലെ ഖണ്ഡിക 2.8.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന് സ്റ്റോർ പർച്ചേസ് മാനദണ്ഡമനുസരിച്ച് വാഹനം ദിവസ വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും. കാലാവധി അവസാനിക്കുന്നതിന് മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി.യുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

2019-20 വർഷത്തിൽ പാലിയേറ്റീവ് വാഹനം വാടകയ്ക്ക് എടുത്ത വകയിൽ താഴെ പറയുന്ന പ്രകാരം 7,71,100/- രൂപ വാഹന വാടകയായി നല്കിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ഏത് മാസത്തെ വാഹന വാടക എന്നത് | ബിൽ നം /തുക | വാഹന വാടക കൈപ്പറ്റിയതിന്റെ വിവരം | | | |
|---|---|---|---|---|---|
| | | എളയാവൂർ പാലിയേറ്റീവ് | പള്ളിക്കുന്ന് പാലിയേറ്റീവ് | പുഴാതി പാലിയേറ്റീവ് | ചേലോറ പാലിയേറ്റീവ് |
| | | വാഹനവാടക കൈപ്പറ്റിയത് -റജ്ജ.കെ.എം | വാഹനവാടക കൈപ്പറ്റിയത് -എം.സദാനന്ദൻ | വാഹനവാടക കൈപ്പറ്റിയത് -അഖിലേഷ്.കെ | വാഹനവാടക കൈപ്പറ്റിയത് -ഉനീഷ് കുമാർ.സി.വി |
| ഏപ്രിൽ, മെയ്/2019 | 3/19-20 327110/- | 35200/- | 35200/- | 35200/- | 33,000/- |
| ജൂലൈ/2019 | 4/19-20 169480/- | 17600/- | 17600/- | 17600/- | 18700/- |
| ജൂൺ/2019 | 5/19-20 166420/- | 17600/- | 17600/- | 17600/- | 16500/- |
| ആഗസ്റ്റ്/2019 | 8/19-20 169120 | 17600/- | 17600/- | 17600/- | 17600/- |
| സെപ്റ്റം ബർ/2019 | 9/19-20 169040/- | 17600/- | 17600/- | 17600/- | 17600/- |
| ഒക്ടോബർ, നവംബർ /2019 | 11/19-20 338400/- | 35200/- | 35200/- | 35200/- | 35200/- |

| | | | | | |
|---|---|---|---|---|---|
| ഡിസംബർ /2019 | 12/19-20 167360/- | 17600/- | 17600/- | 17600/- | 15400/- |
| ജനവരി /2020 | 14/19-20 169640/- | 17600/- | 17600/- | 17600/- | 17600/- |
| ഫെബ്രുവരി /2020 | 15/19-20 171900/- | 17600/- | 17600/- | 17600/- | 18700/- |
| ആകെ | | 193600/- | 193600/- | 193600/- | 190300/- |

മുകളിൽ പ്രതിപാദിച്ചതു പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന വാടകയിനത്തിൽ 7,71,100/- രൂപ (193600+193600+193600+190300=7,71,100/-) നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-61 എസ്.എസ്.എ വിഹിതം നൽകൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, കണ്ണൂർ നഗരസഭ |
| പ്രൊജക്റ്റ് നമ്പർ | 15/19-20 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ (ജനറൽ) |
| അടങ്കൽ | 6918536 രൂപ (വികസന ഫണ്ട് -ജനറൽ) |
| ബിൽ തുക | 6918536 രൂപ |
| ബിൽ നമ്പർ/തീയ്യതി | 753425/28.10.19 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, കണ്ണൂർ നഗരസഭ |
| പ്രൊജക്റ്റ് നമ്പർ | 16/19-20 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ(എസ്.സി.പി) |
| അടങ്കൽ | 480000 രൂപ (എസ്.സി.പി) |
| ബിൽ തുക | 480000 രൂപ |
| ബിൽ നമ്പർ/തീയ്യതി | 753428/28.10.19 |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ 15/19-20 പ്രകാരം പിൻവലിച്ച തുക | 6918536രൂപ |
| പ്രൊജക്റ്റ് നമ്പർ 16/19-20 പ്രകാരം പിൻവലിച്ച തുക | 480000 രൂപ |
| എസ്.എസ്.എ വിഹിതമിനത്തിൽ കോർപ്പറേഷൻ സെക്രട്ടറി ആകെ കൈമാറിയ തുക | 7398536രൂപ |

മേൽ രണ്ടു പ്രൊജക്ടുകൾ പ്രകാരം കൈമാറിയ തുകക്ക് (Canara Bank South Bazar Account-1139101070109)എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ (ജില്ല എസ്.എസ്.എ പ്രൊജക്റ്റ് ഓഫീസ്)എന്നിവരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.

എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസർ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകിയ 29/10/2019 ലെ നം.എ/എൻ/എസ്/ജി/19 SSK കത്തിൽ സമഗ്ര ശിക്ഷാ അഭിയാൻ 2019-20 വർഷത്തെ വാർഷിക പദ്ധതി പ്രകാരം 6-14 വയസ്സിനിടയിലുള്ള മുഴുവൻ കുട്ടികൾക്കും സമഗ്ര വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് എസ്.എസ്.എ എന്നു പറഞ്ഞിട്ടുണ്ട്. ആയത് ഉറപ്പു വരുത്തുന്നതിന് കത്തിൽ 19 കാര്യങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ കത്ത് പ്രകാരം എസ്.എസ്.എ ക്ക് കോർപ്പറേഷൻ നൽകാനുള്ള തുക താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 2018-19 വരെ കുടിശ്ശിക | 4461593 |
| 2019-20 | 16322118 |
| ആകെ നൽകാനായി ആവശ്യപ്പെട്ട തുക | 20783711 |

നൽകാനായി ആവശ്യപ്പെട്ട തുകയിൽ കണ്ണൂർ കോർപ്പറേഷൻ 7398536 രൂപയാണ് പ്രൊജക്ട് ഓഫീസർ എസ്.എസ്.എക്ക് കൈമാറിയിട്ടുള്ളത്. 2019-20 വർഷത്തെ എസ്.എസ്.എ Plan Out Lay പ്രകാരം കണ്ണൂർ കോർപ്പറേഷനിൽ 4,08,05,295 രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിന്റെ 40 ശതമാനം ആണ് 2019-20 വർഷത്തെ വിഹിതമായി നഗരസഭയോട് ആവശ്യപ്പെട്ട 1,63,22,118 രൂപ.

നഗരസഭ നൽകിയ 73,98,536/- രൂപ മുഴുവൻ വിനിയോഗിച്ചു എന്ന സാക്ഷ്യപത്രം കണ്ണൂർ ജില്ല എസ്.എസ്.എ പ്രൊജക്ട് കോ-ഓർഡിനേറ്റർ നഗരസഭക്ക് നൽകിയെങ്കിലും ഇത് ഏതൊക്കെ വിധത്തിൽ വിനിയോഗിക്കപ്പെട്ടു എന്നത് സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല.ഈ പദ്ധതികളുടെ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ആകെ തുകയുടെ 40 ശതമാനം മാത്രമായിരിക്കെ 60 ശതമാനം കേന്ദ്രവിഹിതം കൂടി കൂട്ടുമ്പോൾ 1,84,96,340/- രൂപയുടെ പദ്ധതികൾ കണ്ണൂർ നഗരസഭാ പരിധിയിലെ അർഹതപ്പെട്ട വിദ്യാലയങ്ങളിൽ നടത്തിയിട്ടുണ്ട്, അർഹമായ ഭൌതിക നേട്ടം നഗരസഭയിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട് എന്നുറപ്പുവരുത്താനുള്ള നടപടികൾ ഒന്നും തന്നെ നഗരസഭയോ, വിദ്യാഭ്യാസ വർക്കിങ്ങ് ഗ്രൂപ്പോ ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ആകെ ലഭ്യമായത് പ്രോജക്ട് ഓഫീസറുടെ വിനിയോഗ സാക്ഷ്യപത്രം (അതും കൊടുത്ത 73,98,536 രൂപക്ക് മാത്രം) മാത്രമാണ്.

നഗരസഭ 73,98,536 രൂപ നൽകുമ്പോൾ പ്രോജക്ട് ഓഫീസർ 1,84,96,340 രൂപ ഈ പദ്ധതിക്കായി ചെലവഴിച്ച് നഗരസഭയുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് അതിന്റെ നേട്ടം ലഭിച്ചു എന്നുറപ്പുവരുത്തുന്ന രേഖകളും, വർക്കിങ്ങ് ഗ്രൂപ്പിന്റെ കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്താൽ ചെലവു തുകയായ 73,98,536 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 2019-20 അധ്യയന വർഷത്തിന്റെ അവസാന മാസങ്ങൾ കോവിഡ് കാരണം അടച്ചു പൂട്ടിയതാണ് എന്ന് കൂടി പരിഗണിക്കുമ്പോൾ, പ്രൊജക്ട് ഓഫീസർ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിന്റെ കൃത്യത പൂർണമായും പരിശോധനക്ക് വിധേയമാക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൌൺസിലിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.വിദ്യാഭ്യാസ വർക്കിങ്ങ് ഗ്രൂപ്പിന്റെ വിശദമായ മോണിറ്ററിങ്ങ് റിപ്പോർട്ടിന്റെ അഭാവത്തിൽ ചെലവ് തുകയായ 73,98,536 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-62 കാർഷിക മേഖലയിലെ പ്രോജക്ട് നിർവഹണത്തിൽ പ്രഥമ പരിഗണന നൽകുന്നില്ല

ഉൽപ്പാദന മേഖലയിൽ പ്രത്യേക പരിഗണ നൽകേണ്ട കാർഷിക മേഖലയിൽ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ കോർപ്പറേഷനിൽ അഞ്ച് പ്രോജക്ടുകൾ തയ്യാറാക്കുകയും ₹13886940 ഫണ്ട് വകയിരുത്തുകയും ചെയ്തു. എന്നാൽ 27/20 തെങ്ങു കൃഷി വികസനം, 657/20 അടുക്കളത്തോട്ടം, 28/20 നെൽകൃഷി വികസനം, 729/20രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ എന്നീ പ്രോജക്ടുകൾമാത്രമാണ് നടപ്പിലാക്കിയത് ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദവിവരം ചുവടെ നൽകുന്നു. പ്രോജക്ട് ആസൂത്രണത്തിൽ കാർഷിക മേഖലക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

| ക്രമ നം | പദ്ധതി | വികസനഫണ്ട് | തനത്ഫണ്ട് | ചെലവ് | |
|---|---|---|---|---|---|
| | | | | വികസനഫണ്ട് | തനത്ഫണ്ട് |
| 1 | തെങ്ങു കൃഷി വികസനം 27/20 | 6484126 | 108674 | 4497087 | 0 |

| | | | | | |
|---|---|---|---|---|---|
| 2 | നെൽകൃഷി വികസനം 28/20 | 2001140 | | 47396 | 0 |
| 3 | കുറ്റി കുരുമുളക് തൈകളുടെ വിതരണം 32/20 | 330000 | | 0 | 0 |
| 4 | ഇടവിള കൃഷി പ്രോത്സാഹനം36/20 | 500000 | | 0 | 0 |
| 5 | അടുക്കള ത്തോട്ടം657/20 | 56000 | | 56000 | 0 |
| 6 | രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ 729/20 | 35000 | 50200 | 35000 | 0 |
| | | 9406266 | 15874 | | 0 |

## 1-63 സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതിയിൽ ഉൾപ്പെടാത്ത ഇനത്തിന് ബിൽ തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ |
| ബിൽ നം.തീയ്യതി | 24/19-20 തീ.19.02.2020 ₹25000 |

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ എന്ന പദ്ധതിയിൽ മേൽ ബിൽ പ്രകാരം ₹ 25000 രൂപ മാറിയിട്ടുണ്ട്.പ്രസ്തുത പദ്ധതി ,ചെലവ് എന്നിവ സുലേഖ പത്രികയിൽ ഉൾപ്പെട്ടില്ല. ആയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-64 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ -പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ- 1,40,000/ രൂപ തടസ്സത്തിൽവെക്കുന്നു

2017-18 ൽ ആരംഭിച്ച വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതി 2018-19 ലും പൂർത്തിയാകാത്തതിനെ തുടർന്ന് 2019-20 ലും സ്പിൽ ഓവറായി തുടരുകയും 2019-20ൽ 8,93,079/-രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വാർഷീക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ കവിയാത്ത 150 പേർക്ക് വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിനിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| പദ്ധതിയുടെ പേര് | വാസയോഗ്യമല്ലാത്തവീട് വാസയോഗ്യമാക്കൽ |
|---|---|
| പ്രോജക്ട് നം | 761/20 |
| അടങ്കൽ | 9,63,079/-(വികസനഫണ്ട്) |
| ചെലവ് | 8,93,079/- |
| ബിൽനം | 6/19-20 -8.5.2019 – 82,785/- |
| | 7/19-20 -8.5.2019 – 15,15,51/- |
| | 13/19-20 -22.8.2019 – 3,44,449/- |
| | 25/19-20 -25.10.2019 – 1,74,294/- |

| | |
|---|---|
| | 29/19-20 -30.1.2020 – 1,40,000,/- |

പദ്ധതി നടത്തിപ്പിനായി 640 പേർ അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റ് 2017-18 ൽ നഗരസഭ അംഗീകരിക്കുകയും ഇതിൽ നിന്ന് 122 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വാസയോഗ്യമല്ലാത്തവീട് വാസയോഗ്യമാക്കുന്നതിനായി ധനസഹായം നൽകുകയുമാണുണ്ടായത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1.2019-20 വർഷം വികസനഫണ്ടിൽ നിന്ന് 8,93,079/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 7,53,079/- രൂപയുടെ ബിൽമാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ.1,40,000/- രൂപയുടെ ബിൽ ഹാജരാക്കിയിട്ടില്ല.

2. 8,93,079/-രൂപ 122 ഗുണഭോക്താക്കൾക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ട് വഴി 2019-20 വർഷം വിതരണം ചെയ്തതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതിനാൽ യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക എത്തിയിട്ടുണ്ടോ എന്ന് ഉറപ്പിക്കുവാൻ സാധിക്കുന്നില്ല .

3. പദ്ധതി മോണിറ്റർ ചെയ്തതിന്റെയും പദ്ധതി വിജയകരമായി പൂർത്തിയാക്കിയതിന്റെയും റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. പദ്ധതിയുടെ നിർവ്വഹണം , തുക ഗഡുക്കളായി വിതരണം ചെയ്യൽ, പ്രവർത്തിയുടെ വിവിധ ഘട്ടങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന പ്രോജക്ട് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ AE99- /2019-20 ബി.1തീയ്യതി 07.02.2022 അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കാത്തതിനാൽ ചെലവ് തുകയിൽ രേഖകൾ ലഭ്യമാക്കാത്ത 1,40,000/- രൂപ തടസ്സത്തിൽവെക്കുന്നു.

1-65 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ 2018-19- ചെലവ് രേഖകൾ പൂർണ്ണമായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല 42,84,921/- രൂപ തടസ്സത്തിൽവെക്കുന്നു

പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിക്ക് വികസനഫണ്ടിൽനിന്ന് 2019-20 വർഷം 42,84,921/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 ൽ ആരംഭിച്ച മേൽ പദ്ധതി സ്പിൽ ഓവറായി 2019-20ലും തുടരുകയാണുണ്ടായത് . പദ്ധതിനിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ 2018-19 |
| പ്രോജക്ട് നം | 559/20 |
| അടങ്കൽ | 50,00,000/-(വികസനഫണ്ട്) |
| ചെലവ് | 42,84,921/- |
| ബിൽനം | 2/19-20 -3.5.2019 – 2,10,000/- |
| | 11/19-20 -15.5.2019 – 2,30,000/- |
| | 12/19-20 -15.6.2019 – 3,10,000/- |
| | 14/19-20 -29.8.2019 – 21,83,511/- |
| | 15/19-20 -25.10.2019 –2,55,890,/- |
| | 18/19-20 -7.1.2020 – 4,87,460/- |
| | 19/19-20 -7.1.2020– 3,50,000/- |
| | 21/19-20 -30.1.2020 – 2,10,310/- |
| | 37/19-20- 9.3.2020 -- 47,750/- |

വരുമാന പരിധി രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 110 പേർക്ക് വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത് . നഗരസഭ കൗൺസിലിന്റെ 28.9.2018 ലെ 30ാം നമ്പർ തീരുമാന പ്രകാരം 563 പേർ അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റ് ഇതിനായി നഗരസഭ അംഗീകരിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ,രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1 . പദ്ധതി നിർവ്വഹണത്തിനു വേണ്ടി 2019-20 വർഷം നിർവ്വഹണോദ്യാഗസ്ഥൻ 42,84,921/-രൂപ ചെലവഴിച്ചതായി ട്രഷറി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, 33,76,861/-രൂപയുടെ ബിൽ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ 9,08,060/- രൂപയുടെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2019-20 ൽ ആകെ 42,84,921/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 76 ഗുണഭോക്താക്കൾക്ക് 12,78,501/-രൂപ വിതരണം ചെയ്തതായി മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായികാണുന്നുള്ളൂ.

3.2018-19 ൽ ആരംഭിച്ച് 2019-20 ലും സ്പിൽ ഓവറായി തുടരുന്ന പദ്ധതിക്ക് 76 ഗുണഭോക്താക്കൾക്ക് ധന സഹായം നൽകിയിട്ടുണ്ടെങ്കിലും 19 പേർ മാത്രമാണ് പദ്ധതി പൂർത്തികരിച്ചിട്ടുള്ളതെന്ന് തുക വിതരണം ചെയ്ത രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു. ബാക്കിയുള്ള 57 പേർ പണിപൂർത്തിയാക്കിയിട്ടില്ല. 2018-19 ൽ ആരംഭിച്ച പ്രോജക്ട് 2019-20 ലും പൂർത്തിയായിട്ടില്ലയെന്ന് ഇതിൽ നിന്ന് വ്യക്തമാവുന്നു.

4 . 42,84,921/-രൂപ 76 ഗുണഭോക്താക്കൾക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ട് വഴി 2019-20 വർഷം വതരണം ചെയ്തതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക എത്തിയിട്ടുണ്ടോ എന്ന് ഉറപ്പിക്കുവാൻ സാധിക്കുന്നില്ല .

5. പദ്ധതി മോണിറ്റർ ചെയ്തതിന്റെയും പദ്ധതി വിജയകരമായി പൂർത്തിയാക്കിയതിന്റെയും റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ AE98-/2019-20 ബി.1തീയ്യതി 7.2.2022 ന് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കാത്തതിനാൽ ചെലവ് തുക 42,84,921/- രൂപ തടസ്സത്തിൽവെക്കുന്നു.

1-66 പ്ലസ് ടു ക്ലാസ്സിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം- പ്രൊജക്റ്റ് നടത്തിപ്പ് സൂക്ഷമവിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ് 0011/19 |
| പ്രൊജക്ടിന്റെ പേര് | പ്ലസ്-ടു ക്ലാസിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം. |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ,ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ(ജി.വി.എച്ച്.എസ്.എസ്),കണ്ണൂർ |
| അടങ്കൽ<br>ആകെ | 600000/-(വികസന ഫണ്ട്)<br>100000/-(തനത് ഫണ്ട്)<br>700000/- |
| ചെലവ്<br>ആകെ | 600000/- (ബിൽ.2/19-20 തീയതി 29.05.2019)<br>11,070/-(തനത് ഫണ്ട്)<br>6,11,070/- |

മേൽ പ്രോജക്ട് കോർപ്പറേഷൻ പരിധിയിലെ 14 ഹയർസെക്കണ്ടറി സ്കൂളുകളിൽനടപ്പിലാക്കിയിട്ടുണ്ട്. പഠനത്തിൽ

പിന്നോക്കം നിൽക്കുന്ന ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് വൈകുന്നേരം സ്കൂൾ സമയത്തിന് ശേഷം പ്രത്യേക പരിശീലനം നടത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 40 ദിവസത്തെ പരിശീലനം നൽകാൻ തീരുമാനിച്ച ഈ പദ്ധതിക്ക് 7,00,000/- വകയിരുത്തുകയും 6,11,070/വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സ്കൂളിനും അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ,തോട്ടട | 58,035 |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,തോട്ടട | 37,440 |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പുഴാതി | 55,290 |
| ഗവണ്മെന്റ് വൊക്കേഷണൽഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസ് | 23,130 |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, ചേലോറ | 56,550 |
| സെന്റ് മൈക്കിൾസ് ആഗ്ലോഇന്ത്യൻ ഹയർ സെക്കണ്ടറി സ്കൂൾ | 14,535 |
| സി.എച്ച്.എം ഹയർ സെക്കണ്ടറി സ്കൂൾ, എളയാവൂർ | 31,320 |
| ഗവ.ടൌൺ ഹയർ സെക്കണ്ടറി സ്കൂൾ | 43,005 |
| ഗവ. സിറ്റി ഹയർ സെക്കണ്ടറി സ്കൂൾ | 48,450 |
| ദീനുൽ ഇസ്ലാം സഭ ഹയർ സെക്കണ്ടറി സ്കൂൾ | 59,175 |
| ഗവ. വൊക്കേഷണൾ ഹയർ സെക്കണ്ടറി സ്കൂൾ, സ്പോർട്സ് | 44700 |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,പള്ളിക്കുന്ന് | 66000 |
| ചൊവ്വ ഹയർ സെക്കന്ററി സ്കൂൾ,ചൊവ്വ | 45000 |
| ഗവ. വൊക്കേഷണൾ ഹയർ സെക്കണ്ടറി സ്കൂൾ,തോട്ടട | 28440 |
| ആകെ തുക | 611070 |

മേൽ പ്രോജക്ട് നടത്തിപ്പ് ഓഡിറ്റിൽ വിലയിരുത്തിയപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

I)മോണിറ്ററിംഗ് നടത്തിയിട്ടില്ല.

പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് 6ലക്ഷം രൂപ യിൽകൂടുതൽ ചെലവഴിച്ച ഒരു പ്രോജക്ട് നടത്തുമ്പോൾ അത് കാരണം വിദ്യാർത്ഥികളുടെ പഠനനിലവാരത്തിന് പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് അനിവാര്യമാണ്. എന്നാൽ പ്രസ്തുത മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പ്രോജക്ടിനായി ലഭ്യമാക്കിക്കാണുന്നില്ല. ഇക്കാരണത്താൽ പരിശീലന പരിപാടി കാരണം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെട്ടു എന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധിച്ചിട്ടില്ല.

II)ഭക്ഷണ വിതരണം അപാകങ്ങൾ -ഹാജരാക്കിയ രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല - പദ്ധതി നിർവ്വഹണം സുതാര്യമല്ല.

പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും 40 ദിവസവും ചായയും സ്നാക്ക്സുംനൽകാനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ക്വട്ടേഷൻ വിളിച്ച പ്രകാരം 15 രൂപക്ക് ഒരു കുട്ടിക്ക് ചായയും സ്നാക്ക്സും വിതരണം ചെയ്യാമെന്ന് കരാറുകാരൻ സമ്മതിക്കുകയും അപ്രകാരം തന്നെ തുക കൈപ്പറ്റുകയും ചെയ്തതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

പല സ്കൂളുകളിലും അനുവദിച്ചതിൽകൂടുതൽ ദിവസം പരിശീലന ക്ലാസ് നടത്തി കൂടുതൽ കുട്ടികൾക്ക് പരിശീലനം നൽകിയതായും എന്നാൽ 40 ദിവസത്തെ തുക മാത്രം നൽകി അനുവദിച്ച കുട്ടികൾക്ക് മാത്രമായി ചായയും സ്നാക്ക്സും നൽകിയതായും കാണുന്നു. ഇതിൽ നിന്നും ഒന്നുകിൽ കൃത്യമായി പരിശീലനം നടന്നില്ല അല്ലെങ്കിൽ കുട്ടികൾക്ക് അർഹമായ രീതിയിലുള്ള ലഘുഭക്ഷണം ലഭ്യമാക്കിയില്ല എന്നാണ് വ്യക്തമാകുന്നത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

I)ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,പള്ളിക്കുന്ന്

പ്ലസ് വൺ , പ്ലസ് ടൂ ക്ലാസിലെ 110 കുട്ടികൾക്കായി 40 ദിവസത്തേക്ക് ഈ പ്രോജക്റ്റിനു വേണ്ടി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,പള്ളിക്കുന്നിന്ഇംപ്ലിമെന്റിംഗ് ഓഫീസർ അനുവദിച്ച തുക 66,000രൂപയാണ്.(110 X40 X 15) . ഒരു കുട്ടിക്ക് ഒരു ദിവസം 15 രൂപ എന്ന നിരക്കിൽ ചായയും സ്നാക്ക്സും കൊടുക്കാമെന്ന് കരാർഏറ്റെടുത്ത ബേക്ക് ആൻഡ് ജോയ്എന്ന സ്ഥാപനം അപ്രകാരം തന്നെ തുക കൈപ്പറ്റുകയും ചെയ്തതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.(17550/-(വൗച്ചർ നം:38/18-19,dt.25.03.19) + 17550/-(വൌച്ചർ നം:39/18-19,dt.25.03.19) + 13350/-(വൗച്ചർ നം:40/18-19,dt.25.03.19) + 6480/-(വൌച്ചർ നം: 41/18-19 Dt 25.03,19).+11070/-(receipt No: 303 Dt:31/1/19).എന്നാൽ ഹാജർ പട്ടിക പരിശോധിച്ചപ്പോൾ പ്ലസ് വൺ ക്ലാസ്സിലെ 69 കുട്ടികളും പ്ലസ് ടൂ ക്ലാസ്സിലെ 58 കുട്ടികളും ഉൾപ്പെടെ ആകെ 127 കുട്ടികൾക്ക്പരിശീലന ക്ലാസ് നൽകിയതായി കാണാവുന്നതാണ്. ഇതിൽ നിന്നും ഒന്നുകിൽ പല കുട്ടികൾക്കും കൃത്യമായി ലഘുഭക്ഷണം വിതരണം ചെയ്തിട്ടില്ല, അല്ലെങ്കിൽ ഹാജർ പട്ടിക അയഥാർത്ഥമാണ് എന്ന് അനുമാനിക്കാവുന്നതാണ്.

2 സി.എച്ച്.എം.എച്ച്.എസ്.എസ് എളയാവൂർ

ഈപ്രോജക്റ്റിനു വേണ്ടി സി.എച്ച്.എം.ഹൈസ്കൂൾ,എളയാവൂരിന്ഇംപ്ലിമെന്റിംഗ് ഓഫീസർ അനുവദിച്ച തുക 31,320രൂപയാണ് . പ്രിൻസിപ്പാൾതയ്യാറാക്കിയ അവലോകന രേഖയിൽ 2018ഡിസംബർ 1മുതൽ ഫെബ്രുവരി 16വരെ 53ദിവസമായിട്ടാണ് പ്രത്യേക പരിശീലനം നടന്നതെന്ന് രേഖപ്പെടുത്തി കാണുന്നു.

പ്ലസ് ടൂ ക്ലാസ്സിലെ (സയൻസ്,കൊമേഴ്സ്.ഹ്യൂമാനിറ്റീസ് ) പരിശീലനത്തിൽ അനുവദിക്കപ്പെട്ട ആകെ കുട്ടികളുടെ എണ്ണം = 56

ഒരു കുട്ടിക്ക് ഒരു ദിവസം 15 രൂപ എന്ന നിരക്കിൽ ചായയും സ്നാക്ക്സും കൊടുക്കാമെന്ന് കരാർ ഏറ്റെടുത്ത നൌഫൽ എന്നയാൾ 41895 രൂപ കൈപ്പറ്റിയതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.41895-31320=10575 രൂപ അധികം.പദ്ധതിയിൽ വകയിരുത്തിയ 31320രൂപയിൽ അധികമായി അനുവദിച്ച 10,575രൂപയുടെ ശ്രോതസ്സ് വ്യക്തമല്ല.

3)ഗവ.ടൌൺ ഹയർ സെക്കണ്ടറി സ്കൂൾ

പ്രിൻസിപ്പാൾതയ്യാറാക്കിയ അവലോകന രേഖയിൽ 2018നവംബർ26മുതൽ ജനുവരി 31വരെ 40ദിവസമായിട്ടാണ് പ്രത്യേക പരിശീലനം നടന്നതെന്ന് രേഖപ്പെടുത്തി കാണുന്നു. പ്ലസ് ടൂ ക്ലാസ്സിലെ (സയൻസ്,കൊമേഴ്സ്.ഹ്യൂമാനിറ്റീസ് ) പരിശീലനത്തിൽ അനുവദിക്കപ്പെട്ട ആകെ കുട്ടികളുടെ എണ്ണം = 82 . ഈപ്രോജക്റ്റിനു വേണ്ടി ഗവ.ടൗൺ ഹയർ സെക്കണ്ടറി സ്കൂളിന് അനുവദിച്ച തുക 43,005രൂപയാണ് . എന്നാൽ പ്രിൻസിപ്പാൾ ഹാജരാക്കിയ രേഖകൾ പ്രകാരം 47,685 രൂപ ഇംപ്ലിമെന്റിംഗ് ഓഫീസറുടെ പക്കൽനിന്നും ലഭിച്ചതായി കാണുന്നു. ഇതിൽ അവ്യക്തതയുണ്ട് .

III)പരിശീലനത്തിന് ഏകീകൃത സ്വഭാവം ഇല്ല.

ഈ പ്രോജക്റ്റിനെകുറിച്ച് വിലയിരുത്തിയാൽ പല വിദ്യാലയങ്ങളിലും പല തീയതികളിലായാണ് പരിശീലനം നടത്തിയതെന്ന് കാണാം. ഇത്തരമൊരു പരിപാടിക്ക് ഒരു ഏകീകൃത സ്വഭാവം ആവശ്യമാണെന്നിരിക്കെ പല വിദ്യാലയങ്ങളിലും സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ വ്യത്യസ്ത തീയതികളിൽ തുടങ്ങി വ്യത്യസ്ത തീയതികളിൽ അവസാനിച്ചതായാണ് കാണുന്നത്.

| | | |
|---|---|---|
| ഉദാ- | എസ്.എൻ ട്രസ്റ്റ് ഹയർസെക്കണ്ടറി സ്കൂൾ തോട്ടട | ഡിസംബർ3മുതൽ ജനുവരി 30വരെ = 40ദിവസം |
| | ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂൾ, പൂഴാതി | നവംബർ 3മുതൽ ജനുവരി 22വരെ = 40ദിവസം |
| | ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂൾ, ചേലോറ | നവംബർ 5മുതൽ ജനുവരി 31 വരെ =42ദിവസം |
| | ഗവണ്മെന്റ് | നവംബർ27മുതൽ |

| | | |
|---|---|---|
| | വൊക്കേഷണൽഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് | ജനുവരി 31വരെ = 40 ദിവസം |

കോർപ്പറേഷൻ പരിധിയിലുള്ള സ്കൂളുകളിൽ ഒറ്റ നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തുന്ന പദ്ധതി പല സ്കൂളിൽ പല തീയ്യതികളിൽ നടത്തപ്പെടാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.മേൽപറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് AE-95/19-20/B1 തീയതി 07/02/2022 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

1-67 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - കേരള വാട്ടർ അതോറിറ്റിക്ക് ഡപ്പോസിറ്റ് – രേഖകൾ ഹാജരാക്കിയില്ല 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | 681/19-20 |
| വകയിരുത്തിയത് | 10,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 10,00,000(സുലേഖ പ്രകാരം) |
| ബിൽ നമ്പർ | ബിൽ നമ്പർ പ്രോജക്ട് ഫയൽ എന്നിവ ഹാജരാക്കിയില്ല. (ബിൽ നമ്പർ.19190147002400200951 തീയ്യതി.04.06.2019- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വൽസൻ.പി.പി(എക്സിക്യൂട്ടീവ് എഞ്ചിനീയർ) |

മേൽ പ്രോജക്ട് നടപ്പിലാക്കിയതിന് സുലേഖ പ്രകാരം 10,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ, അനുബന്ധ കാര്യങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (100/19-20) നൽകുകയും നിർവഹണ ഉദ്യോഗസ്ഥനെ നേരിട്ട് വിളിച്ച് ഫയൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-68 കുടിവെള്ള ചാർജ്, സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല 84,16,170/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 306/19-20 |
| ഫയൽ | ഇ9 -21368/19 |
| തുക വകയിരുത്തിയത് | 1,01,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എൻജിനീയർ, വൽസൻ.പി.പി |
| ചെലവ് | 8416170 (മെയിന്റനൻസ് ഗ്രാന്റ് –നോൺ റോഡ്) |

ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൌച്ചർ നമ്പർ | തുക | കാലയളവ് |
|---|---|---|---|
| 1 | 484/24.07.2019 | 3366468 (4 X 841617) | 4/2019- 07/2019 |
| 2 | 512/22.08.2019 | 841617 | 08/2019 |

| | | | |
|---|---|---|---|
| 3 | 578/25.09.2019 | 841617 | 09/2019 |
| 4 | 619/17.10.2019 | 841617 | 10/2019 |
| 5 | 776/22.11.2019 | 841617 | 11/2019 |
| 6 | 841/26.12.2019 | 841617 | 12/2019 |
| 7 | 937/27.01.2020 | 841617 | 01/2020 |
| | ആകെ | 8416170 | |

താഴെ കാണിച്ചവിധമാണ് പ്രതിമാസ തുക ഡിമാന്റ് ചെയ്തിരിക്കുന്നത്.

| പ്രദേശം | ടാപ്പുകളുടെ എണ്ണം | നിരക്ക്(പ്രതിമാസ നിരക്ക്) | ആകെ |
|---|---|---|---|
| പഴയ നഗരസഭ | 448 | 657 | 294336 |
| പള്ളിക്കുന്ന് | 124 | 657 | 81468 |
| എടക്കാട് | 196 | 657 | 128772 |
| പുഴാതി | 169 | 657 | 111033 |
| എളയാവൂർ | 209 | 657 | 137313 |
| ചേലോറ | 135 | 657 | 88695 |
| ആകെ | 1281 | | 841617 |

ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് 30.05.2009 ന് സ.ഉ(സാധാ)1275/2009 നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പൊതു ടാപ്പുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ആവർത്തന ചെലവ് വരുന്നതും പ്രതിവർഷം ഒരു കോടിയിലേറെ രൂപ ചെലവു വരുന്നതുമായ ഈ പദ്ധതി കുടിവെള്ള ക്ഷാമമനുഭവിക്കുന്നവർക്ക് കാര്യക്ഷമമായി ഉപയോഗി ക്കപ്പെടുന്നുണ്ടോ? എന്ന് നിശ്ചയിക്കേണ്ടതുണ്ട്.

ആയതിൻ പ്രകാരം പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. പരിശോധനയെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് നൽകുന്ന കുടിവെള്ള ചാർജ് നിർത്തൽ ചെയ്യേണ്ടതുമാണ്. കൂടാതെ ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ ചാർജ് നൽകാവൂ എന്ന് ഉറപ്പ് വരുത്താൻ എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കാനുള്ള നടപടിയും നഗരസഭ സ്വീകരിച്ചു കാണുന്നില്ല. പ്രോജക്ട് പ്രകാരം വകയിരുത്തിയ തുകയിൽ 16,13,830 രൂപ ബാക്കിയുണ്ടെന്നിരിക്കെ , 10 മാസത്തെ തുക മാത്രം ഒടുക്കി 2 മാസത്തെ തുക കുടിശ്ശികയാക്കി വച്ചതിന് ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം തേടേണ്ടതാണ്. (02/2020 ലെ 8,41,617/- രൂപക്കുള്ള ബിൽ, പ്രൊസീഡിങ്ങ്സ് എന്നിവ തയ്യാറാക്കിയിട്ടും തുക ഒടുക്കിയതായി കാണുന്നില്ല.)

1993 ലെ വാട്ടർ സപ്ലൈ റൂൾ ഖണ്ഡിക.7(7) പ്രകാരം പ്രതിമാസ തുക ഒടുക്കുന്നതിന് വീഴ്ച വന്നവർ ആകെ തുകയിൽ 2% പിഴ ഒടുക്കാൻ തദ്ദേശ ഭരണ സ്ഥാപനത്തിന് ബാധ്യത വരുമെന്നിരിക്കെ, ഫണ്ടുണ്ടായിട്ടും തുക ഒടുക്കാതെ വീഴ്ച വരുത്തിയവർ കാരണം കോർപ്പറേഷൻ പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന

നടത്തി പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രമാണ് തുക ഒടുക്കുന്നത് എന്ന് ഉറപ്പാക്കിയ രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 84,16,170/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-69 ഒറ്റത്തവണ മാലിന്യനിർമാർജ്ജനം- രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം | S0794/20 |
| പ്രൊജക്ടിന്റെ പേര് | ഒറ്റത്തവണ മാലിന്യനിർമാർജ്ജനം |
| അടങ്കൽ | 72500/- (വികസന ഫണ്ട് ) |
| ചെലവ് | 72500/- |
| ബിൽ നം.&തീയതി, തുക | 5/19-20,തീയതി 18-06-2019 |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 2019-20 സാമ്പത്തിക വർഷം, ഹെൽത്ത് സൂപ്പർവൈസർ, മുനിസിപ്പൽ കോർപ്പറേഷൻ, നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം, മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വീടുകളിൽനിന്ന് അജൈവമാലിന്യങ്ങൾ ശേഖരിച്ച് റീ സൈക്ലിംഗ് കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് വാഹന വാടക നൽകുന്നതിനുവേണ്ടി വികസനഫണ്ടിൽ നിന്ന് മേൽകാണിച്ച ബിൽ പ്രകാരം 72500/- രൂപ പിൻവലിച്ചിട്ടുണ്ട്.

ഈ തുക പുഴാതി സോണൽ ഓഫീസ് പരിധിയിലെ 6,7,10,12,44എന്നീ 5ഡിവിഷനുകളിലെ വാർഡ്തല ആരോഗ്യ ശുചിത്വ കമ്മറ്റി കൺവീനർമാർക്ക് അജൈവമാലിന്യങ്ങൾ നിക്കം ചെയ്യുതിനുള്ള വാഹന വാടകയിനത്തിൽ (ഓരോ ഡിവിഷനിലുമായി 14500/-രൂപ വീതം - ആകെ 72500/-രൂപ) നൽകുകയാണുണ്ടായത്.

കോർപ്പറേഷനിൽ മാലിന്യ നിക്കത്തിനായി ആവശ്യത്തിന് വാഹനങ്ങൾ ഉണ്ടായിരിക്കെ, മേൽ കാണിച്ച പ്രകാരം ഇതേ ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. 5ഡിവിഷനുകളിലും ഒരു വാഹനം തന്നെയാണ് മാലിന്യ നീക്കത്തിനായി ഉപയോഗിച്ചിട്ടുള്ളത് (KL-58-T-9700) എന്ന് കാണുന്നു. എന്നാൽ ഈ വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല . മാലിന്യം എവിടെ നിന്ന് എവിടേക്ക് നീക്കം ചെയ്തു എന്ന് തെളിയിക്കുന്ന രേഖകൾ, ഈ ആവശ്യത്തിനായി വാഹനം എത്ര പ്രാവശ്യം, എത്രദൂരം ഓടി എന്ന് തെളിയിക്കുന്ന ട്രിപ്പ് ഷീറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ കാണിച്ച രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സത്തിൽ വെക്കുന്നു.

(മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (AE-71/2019-20/ബി1 തീയതി : 13/01/2022)ക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ (എച്ച്4/18871/21 തീയതി.09.02.2021)നഗരസഭയിൽ മാലിന്യ നിർമ്മാർജനത്തിനായി നഗരസഭയുടെ എത്ര വാഹനങ്ങൾ അക്കാലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് എന്നും അത് ഏതേത് സ്ഥലങ്ങളിലാണ് അക്കാലങ്ങളിൽ ഓടിയത് എന്നും വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല മറുപടിയോടൊപ്പം മേൽ പറഞ്ഞ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. )

1-70 അംഗനവാടി പോഷകാഹാര വിതരണം ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര്.നം | അംഗനവാടി പോഷകാഹാര വിതരണം 68/20 |
| നിർവഹണം | സി.ഡി.പി.ഒ |

| | |
|---|---|
| അടങ്കൽ | 1,50,00,000/-വികസനഫണ്ട് പൊതുവിഭാഗം<br>60,00,000/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 1,50,00,000/-വികസനഫണ്ട് പൊതുവിഭാഗം<br>₹30,95,726/-കേന്ദ്രാവിഷ്കൃത ഫണ്ട് |

1.മുഴുവൻ ചെലവ് രേഖകളും ഹാജരാക്കിയിട്ടില്ല.
സുലേഖ ചെലവ് പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ ₹30,95,726 ചിലവിനത്തിൽ ₹18,52,136 രൂപയുടെ രേഖകൾ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ(ചെക്ക് നമ്പർ.395222/08.09.2019 തുക- 8,32,186, ചെക്ക് നമ്പർ.395223/19.02.2020 തുക-10,19,950 ).രേഖകളുടെ അഭാവത്തിൽ ₹12,43,590 ചെലവ് തടസ്സപ്പെടുത്തുന്നു.

2.അംഗനവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഐ.സി.ഡി.എസ് 3458/12 തീ.26.03 2013 നമ്പർ കത്ത് പ്രകാരം ലാബ് പരിശോധന നടത്തണമെങ്കിലും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല, ലാബ് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-71 പൊതുമരാമത്ത് പ്രവ്യത്തികൾ - കരാറുകാർക്ക് പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ ദീർഘീകരണം അനുവദിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ കോർപ്പറേഷൻ
ജി.ഒ.(പി)13/2012/PWD/01.02.12 കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖ. 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന്, (ഡിപ്പാർട്ട്മെന്റിലെ നിർമ്മാണ ഘട്ടത്തിലെ ഡിസൈൻ & നിർമ്മാണ പ്രശ്നങ്ങൾ മൂലമോ,) ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന, കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള Time Extension ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ലും പരമാവധി Time Extension ഒറിജിനൽ സമയത്തിന്റെ 50% ലും അധികരിക്കാവുന്നതല്ല. ഖ.2112.1പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവ്യത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി, പൂർണ്ണമായോ ഭാഗീകമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ എ ഇ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാത്ത പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവ്യത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. ആദ്യ തവണ 1% PAC Minimum 1000/- Maximum 50000/- ആദ്യതവണക്ക് ശേഷം 2% PAC Minimum 2,000/- Maximum 1,00,000/- എന്ന നിരക്കിൽ പിഴ ഈടാക്കാവുന്നതാണ്.

എന്നാൽ കണ്ണൂർ കോർപ്പറേഷനിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവ്യത്തികൾക്ക്, കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മൂലം, പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവിനേക്കാൾ അധിക സമയം പ്രവ്യത്തി പൂർത്തീകരിക്കുന്നതിന് എടുത്തതിനാൽ, പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും, ഈടാക്കിയ പിഴയിൽ കുറവ് വന്നിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| | പ്രവ്യത്തി-1 | പ്രവ്യത്തി-2 |
|---|---|---|
| ഫയൽ നമ്പർ | ഇ-1 21457/18 | വ്യക്തമല്ല |
| പ്രവ്യത്തി | വെത്തിലപ്പള്ളിഡിവിഷനിൽ അണ്ടത്തോട് ജംഗ്ഷൻ മുതൽ കല്ലേൻ ചേരിപാലം വരെ റിടാറിംഗ്, ഡ്രെയിൻകവറിംഗ് സ്ലാബ് - ബ്രാഞ്ച് റോഡ് ടാറിംഗ് | കിസാൻ റോഡ് - ഉയർത്തി ടാറിംഗ്. |

| കരാറുകാരൻ | എം.വി ഷംസുദ്ദീൻ | ധീരജ് കുമാർ |
|---|---|---|
| എഗ്രീഡ് പി എ സി | 948258/- | 549940.88/- |
| എം ബുക്ക് | 168/18-19 | 249/17-18 |
| കരാറുകാരൻ എഗ്രിമെന്റ് വെച്ച തീയതി | 27/11/2018 | 28/03/2018 |
| പൂർത്തീകരിക്കേണ്ട തീയതി | 26/03/2019 | 27/06/2018 |
| കരാർ പ്രകാരം പണി പൂർത്തീകരിക്കാൻ എടുക്കേണ്ട സമയം | 4 മാസം (120 ദിവസം) | 3 മാസം(92 ദിവസം) |
| പൂർത്തീകരിച്ച തീയതി | 28/05/2019 | 18/03/2019 |
| യഥാർത്ഥത്തിൽപൂർത്തീകരിക്കാൻ എടുത്ത സമയം | 120 (എഗ്രിമെന്റ് പ്രകാരമുള്ള ദിവസം)+ 62 ദിവസം (പണി പൂർത്തിയാക്കാൻഅധികമെടുത്ത ദിവസം) = 182 ദിവസം | 354 ദിവസം |
| ഈടാക്കേണ്ട പിഴ (കരാർ പ്രകാരം പൂർത്തിയാക്കേണ്ട കാലയളവിന്റെ ആദ്യ 25 % അധിക കാലയളവിലേക്ക്) | 948258 X 1 /100 = 9483 (പി എ സി തുകയുടെ 1%) (അധികമായി എടുത്ത ആദ്യ 30 ദിവസത്തേക്ക് - 26.04.2020 തീയതിയിലേക്ക്) | 549940.88x1 /100 = 5499(പി എ സി തുകയുടെ 1%)(അധികമായി എടുത്ത ആദ്യ 23 ദിവസത്തേക്ക് -20.07.2018 തീയതി യിലേക്ക്) |
| ഈടാക്കേണ്ട പിഴ (കരാർ പ്രകാരം പൂർത്തിയാക്കേണ്ട കാലയളവിന്റെ 25 % മുതൽ 50% വരെയുള്ള അധിക കാലയളവിലേക്ക്) | 948258 X 2 /100 = 18965 (പി എ സി തുകയുടെ 2%) (31 -)മത്തെ ദിവസം മുതൽ 60 ദിവസം വരെയുള്ള അധിക കാലയളവിലക്ക് -27.04.2020 മുതൽ 26.05.2020 തീയതിയിലേക്ക്) | 549940.88x2/100 = 10999(പി എ സി തുകയുടെ 2%)(അധികരിച്ച് എടുത്ത 24-ാമത്തെ ദിവസം മുതൽ46ദിവസംവരെയുള്ള അധിക കാലയളവിലക്ക് -20.07.2018 തീയതി മുതൽ 12.08.2018 തീയതിയിലേക്ക്) |
| ആകെ ഈടാക്കേണ്ട പിഴ | 9483 + 18965 = 28808 | 5499 +10999=16498 |
| ഈടാക്കിയ പിഴ | 9483 | ഈടാക്കിയിട്ടില്ല. |
| ഈടാക്കിയതിൽ കുറവ് വന്ന പിഴ | 28808 - 9483 = 18965 | 16498-0 =16498 |

കരാറുകാർക്ക് മരാമത്ത് മാന്വലിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ ദീർഘീകരണം നല്കുന്നത് ഒഴിവാക്കേണ്ടതും പ്രവൃത്തിയിലെ വിവിധ ഘടകങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച ശേഷം സമയ പരിധി നിശ്ചയിക്കേണ്ടതുമാണ്. മേൽ കാണിച്ചത് പ്രകാരം കരാറുകാരനിൽ നിന്നും കാലതാമസത്തിനുള്ള പിഴ ഈടാക്കുമ്പോൾ കുറവ് വന്ന തുകയായ 35463/- രൂപ (18965 + 16498) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

1-72 മരാമത്ത് പ്രവൃത്തികൾ ടെണ്ടർ കുറവ് ഈടാക്കാത്തത്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ ടെണ്ടർ കുറവ് കണക്കിലെടുക്കാതെ തുക അനുവദിച്ചത് കാരണം 2525/-രൂപ കരാറുകാരന് അധികമായി നല്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര്- | 256/19 |
| ഫയൽ നമ്പർ | ഇ1-21461/18 |
| പ്രോജക്ട് പേര്- | നീർച്ചാൽ ഡിവിഷനിൽ തയ്യിൽ കടപ്പുറം കിണർ മുതൽ കടപ്പുറം റോഡ് വരെ ഓവുചാൽ പുനരുദ്ധാരണം |
| കരാറുകാരന്റെ പേര് | വി രവീന്ദ്രൻ |
| ബിൽ നമ്പർ, തീയതി | തനത് ഫണ്ട് - 70810 (ചെക്ക് നമ്പർ - 390125 തീയതി 09.08.2019)<br>പ്ലാൻ ഫണ്ട് - 350000 (57/19-20, 25.07.2019) |
| ആകെ പ്രവൃത്തി മൂല്യം | 420810 |
| ടെണ്ടർ കുറവ് % | 0.6% |
| ഈടാക്കേണ്ട ടെണ്ടർ കുറവ് | 2525 |

ടെൻഡർ കുറവ് ഈടാക്കാതെ കരാറുകാരന് അധികം നൽകിയ തുകയായ 2525/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വരവ് വെക്കേണ്ടതാണ്.

1-73 കരാർ ചമക്കാൻ കാലതാമസം -പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ

ഈടാക്കിയിട്ടില്ല....

നിർവ്വഹണ ഉദ്യോഗസ്ഥൻ -(അസിസ്റ്റന്റ് എഞ്ചിനീയർ)

കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിർദ്ദേശിച്ച പ്രകാരമുള്ള സമയപരിധിക്കകം കരാർ ചമച്ചിട്ടില്ല. (ജി.ഒ.(പി)13/2012/PWD/01.02.12 കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖ. 2009.6). കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാറുടമ്പടി വയ്ക്കാത്തപക്ഷം 10 ദിവസം വരെ കരാർ തുകയുടെ 1% പലിശ ഈടാക്കേണ്ടതാണ്. 10 ദിവസം കഴിഞ്ഞ് കരാർ വയ്ക്കാത്ത കരാറുകാരുടെ കരാർ റദ്ദാക്കേണ്ടതാണ്.വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരെ നിശ്ചിത സമയപരിധിക്കു ശേഷം കരാർ ചമക്കാനും പ്രവൃത്തി ചെയ്യാനും അനുവദിച്ചത് ഗുരുതരമായ അപാകമാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ കരാറുകാരിൽ നിന്നും 1% പിഴ ₹10,918 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ തുക/തീയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 691/20<br>4ാംഡിവിഷനിൽമാക്കനി റോഡ് റീ ടാറിംഗ് | പി.സുഭാഷ് | 08.11.2018 | 531758.16/<br>17.12.2018 | 5,318 |
| 2 | 751/20<br>മൂന്നാം ഡിവിഷനിൽ ടാഗോർ റോഡ് റീ ടാറിംഗ് | പി.സുഭാഷ് | 18.12.2017 | 200000/<br>23.01.2018 | 2,000 |
| 3 | 788/20<br>നാലാം ഡിവിഷനിൽ രാഷ്ട്ര ദീപിക റോഡ്റീ ടാറിംഗ് | സ്വരൂപ് കൊക്കൻ | 18.12.2017 | 260000/<br>01.02.2018 | 2,600 |
| 4 | 654/20<br>കല്ലേൻ പത്മിനി വീട് മുതൽ അരിങ്ങലയിൽ അരവിന്ദാക്ഷൻ വീട് വരെ ഇന്റർ ലോക്കിങ്ങ് | സുജിൻ.ടി | 12.12.2018 | 93132/<br>11.02.2019 | 1,000 |
| | | | | ആകെ | 10,918 |

1-74 2019-20 വർഷത്തെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, എം ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള മരാമത്തുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

ഫയലുകൾ ഹാജരാക്കാത്ത മരാമത്ത് പ്രവൃത്തിയുടെ വിവരം

നിർവഹണ ഉദ്യോഗസ്ഥൻ : ഷജിൽ.പി, അസി.എഞ്ചിനീയർ

| ക്രമ | പ്രോജക്ട് | മരാമത്ത് പ്രവൃത്തിയുടെ | ചെലവഴിച്ച | ഫയലുകൾ ലഭ്യമാക്കുവാൻ |
|---|---|---|---|---|

| നം | നമ്പർ | പേര് | തുക | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 235 | ഡിവിഷൻ 32ദേവീ വിലാസം സ്കൂൾ റോഡ് കോൺക്രീറ്റ് | 3,05,450 | 2019-20വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെഎൻസി/ബി1/333/2021, തീയതി 9-8-2021 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 5, എന്നിവ പ്രകാരമുള്ളത്) 10-08-2021 ന് സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറി.തുടർന്ന്, 2019-20വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ /കെ.എൻ.എം. /ബി1/എആർ-32/19-20, തിയതി.27-08-2021 നമ്പരായി ഓഡിറ്റ് റിക്വിസിഷനും കൈമാറിയിട്ടുണ്ട്. പ്രൊജക്ട് ഫയലുകളും രേഖകളും 19-01-2022 നകം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണം നം - AE-57/2019-20 /ബി1 തീയതി : 14/01/2022 നൽകിയിരുന്നു.മറുപടി തരുകയോ ഫയലുകൾ ലഭ്യമാക്കുകയോ ചെയ്യാത്തതിനെ തുടർന്ന് വീണ്ടും ഓഡിറ്റ് അന്വേഷണം (നം - AE-109/ 2019-20/ബി1 തീയതി : 11/02/2022 )നൽകുകയുണ്ടായി. എന്നിട്ടും രേഖകൾ ലഭ്യമാക്കിയില്ല. |
| 2 | 286 | ഡിവിഷൻ 35 ൽ കാഞ്ഞങ്ങാട് പള്ളി ശ്മശാനം റോഡ് ടാറിംഗ് | 1,20,796 | |
| 3 | 361 | ഡിവിഷൻ 31 ചാലക്കുന്ന പട്ടയത്തിൽ റോഡ് ടാറിംഗ് | 55,821 | |
| 4 | 364 | ഡിവിഷൻ 33-ഊർപഴശികാവു കളത്തിൽ മുക്ക് നടപ്പാത നിർമ്മാണം | 98,204 | |
| 5 | 368 | ഡിവിഷൻ 33 –പീടികക്കണ്ടി അംഗൻവാടി ഇണ്ടേരി തോട് ടാറിങ്ങ് ബാക്കി ഭാഗം | 2,53,777 | |
| 6 | 371 | ഡിവിഷൻ 37 –പനിച്ചിയിൽ മുക്ക് ചിൽഡ്രൻസ് റോഡ് ടാറിങ്ങ് ബാക്കി ഭാഗം | 1,70,421 | |
| 7 | 382 | ഡിവിഷൻ 38 – അബ്ദുൾ റഹ് മാൻ കോളനി റോഡ് ടാറിംഗ് | 1,52,415 | |
| 8 | 641 | എടക്കാട് സോണൽ അംഗനവാടി അറ്റകുറ്റപ്പണി നമ്പർ 94 100,102 കറുവ തറ അംഗനവാടി | 1,89,737 | |
| 9 | 643 | വാർഡ് 39 ഭട്ട് പാറ അംഗൻവാടി ചുറ്റു മതിൽ നിർമ്മാണം. | 1,33,155 | |
| 10 | 652 | ഡിവിഷൻ 32 ൽ ജവഹർ കോളനി റോഡ് താറിംഗ് | 1,97,932 | |
| 11 | 669 | വാർഡ് 33 ഊർപഴശി കാവ് മുതൽ ദയാലൻ വീട്ടുവരെ ടാറിംഗ് | 5,00,601 | |
| 12 | 673 | വാർഡ് 31 ആറ്റടപ്പ ശേഖരൻ റോഡ് പഞ്ചായത്ത് കിണർ മുതൽ സത്രം വരെ ടാറിംഗ് | 7,88,979 | |
| 13 | 737 | ഗ്രേ ഗോൾഡ് നേതാജി റോഡ് ടാറിങ്ങ് | 6,21,120 | |
| 14 | 743 | തോട്ടട ഗവ.ഹയർ സെക്കന്ററി സ്കൂളിന് കഞ്ഞിപ്പുര നിർമ്മാണം | 4,53,918 | |
| 15 | 747 | മാലിന്യ സംസ്കരണ യൂണിറ്റ് | 6,03,656 | |
| 16 | 755 | സി.എച്ച്.മുക്ക് കനോത്തികാവ് റോഡ് ബാക്കി ഭാഗം താറിങ്ങ് | 3,74,649 | |
| 17 | 757 | ചാലക്കുന്ന് എളയാവൂർ | 2,03,759 | |

| | | | |
|---|---|---|---|
| | | റോഡ് റീതാറിങ്ങ് | |
| 18 | 766 | കടലായി സ്കൂൾ കടലായി നട റോഡ് റീതാറിങ്ങ് | 14,01,487 |
| 19 | 771 | ആശാൻ സ്മാരക ടച്ച് റോഡ് താറിങ്ങ് | 7,19,335 |
| 20 | 772 | ആശാൻ സ്മാരക റോഡ് റീ താറിങ്ങ് | 1,98,338 |
| 21 | 777 | സി.എച്ച് കുഞ്ഞിരാമൻ റോഡ് പുനരുദ്ധാരണം | 6,40,225 |
| 22 | 789 | ആറ്റടപ്പ പഴയ ബാങ്ക് സത്രം റോഡ് റീടാറിംഗ് | 5,16,038 |
| 23 | 790 | തോട്ടട എൻ.എച്ച്.വനിതാ ഐ.ടി.ഐ റോഡ് റീ ടാറിംഗ് | 4,49,257 |
| 24 | 791 | ചെറിയത്ത് താഴെ റോഡ് ടാറിംഗ് | 4,31,168 |
| 25 | 806 | ചാലക്കുന്ന് മുത്തപ്പൻ കാവ് നുഞ്ഞികാവ് റോഡ് റീ ടാറിംഗ് | 39,258 |
| 26 | 809 | ഭാസ്കരൻ കട-കടലായിപ്പാറ റോഡ് ടാറിംഗ് | 37,205 |
| 27 | 810 | വട്ടക്കുളം പഞ്ചായത്ത് കിണർ പ്ലാസ്റ്റിക്ക് കമ്പനി റോഡ് മുതൽ കനോത്ത് കുന്നമ്പ്രം റോഡ് റീ താറിങ്ങ് | 17,119 |
| 28 | 811 | ദിനേശ് മുക്ക് മണ്ട്യൻ മുക്ക് റോഡ് റീടാറിങ്ങ് | 36,581 |
| 29 | 812 | കുറുവ തയ്യിൽ കാവ് റോഡ് റീ താറിങ്ങ് | 30,000 |
| 30 | 813 | പീടിക കണ്ടി അംഗൻവാടി മുതൽ ഇണ്ടേരി തോട് റോഡ് ടാറിങ്ങ് | 4,55,864 |
| 31 | 814 | കിഴുന്ന കോൺഗ്രസ് ഭവൻ - പാറക്കണ്ടി ക്ഷേത്രം കടപ്പുറം റോഡ് താറിങ്ങ് &റീ താറിങ്ങ് | 10,91,761 |
| 32 | 821 | കുറുവ വയൽ റോഡ്/താറിങ്ങ്,ഡ്രയിനേജ് നിർമ്മാണം | 2,88,060 |
| 33 | 822 | കണ്ടോത്ത് സഫിയ വാട്ടർ ടാങ്ക് റോഡ് റീതാറിങ്ങ് | 4,98,705 |
| 34 | 823 | ചാല പന്ത്രണ്ട് കണ്ടി ടച്ച് റോഡ് റീതാറിങ്ങ് | 2,98,758 |
| 35 | 824 | മുപ്പത്തി ഒൻപതാം ഡിവിഷനിൽ മീത്തലെ പുറത്ത് ഭരതൻ റോഡിൽ ബാക്കി ഭാഗം താറിങ്ങ് | 74,414 |

| | | | |
|---|---|---|---|
| 36 | 825 | കടലായിപ്പാറ റോഡ് താറിങ്ങ് | 1,24,581 |
| 37 | 826 | ചാമത്താംകുണ്ട് പഴയ ബ്ലോക്ക് ഓഫീസ് റോഡ് താറിങ്ങ്, കോൺക്രീറ്റിങ്ങ് | 1,31,131 |
| 38 | 828 | ഡിവിഷൻ-37 കോൺഗ്രസ്സ് ഭവൻ ബണ്ട് കടപ്പുറം ബാക്കിഭാഗം റോഡ് ടാറിംഗ് | 5,96,426 |
| 39 | 829 | ഡിവിഷൻ 37 ചിൽഡ്രൻസ് ചട്ട് പുതിയാണ്ടി മുക്ക് പനിചിയിൽ ടാറിംഗ് | 1,95,251 |
| 40 | 830 | ഡിവിഷൻ-37 എവൻ റോഡ് മുതൽ ചിൽഡ്രൻസ് കക്കറ റോഡ് വെള്ളക്കെട്ട് ഒഴിവാക്കി റീടാറിംഗ് | 49,103 |
| 41 | 831 | ഡിവിഷൻ-31 ആറ്റടപ്പ നാലുകൂട്ട കെട്ടറക്കൽ റോഡ് റീ ടാറിംഗ് | 29,994 |
| 42 | 832 | വാർഡ്-31 റഫീക്ക് പീടിക കെട്ടറക്കൽ റോഡ് ടാറിംഗ് | 88,693 |
| 43 | 833 | ഡിവിഷൻ-31 ചാലപ്പാലം പടിഞ്ഞാറെക്കര എൽ.പി.സ്കൂൾ റോഡ് ബാക്കി ഭാഗം ടാറിംഗ്. | 2,45,118 |
| 44 | 834 | വാർഡ്-31 ആറ്റടപ്പ ചാലിൽ വീട് മുതൽ കുമാരൻ പോലീസ് വീട് വരെ ടാറിംഗ് | 49,758 |
| 45 | 835 | വാർഡ്-34 കക്കറ കോർണർ പാറപ്പള്ളി റോഡ് ടാറിംഗ് | 7,07,559 |
| 46 | 836 | വാർഡ്-34 സി.എച്ച്.മുക്ക് ഏഴര ഹാർബർ റോഡ് റീ ടാറിംഗ് | 3,11,026 |
| 47 | 839 | വാർഡ്-33 കൊശോർ മൂല കനാൽ റോഡ് ബാക്കി ഭാഗം ടാറിംഗ് | 2,47,353 |
| 48 | 840 | വാർഡ്-33 റബ്ബർ എസ്റ്റേറ്റ് റോഡ് ബാക്കി ഭാഗം റീ താറിംഗ് | 29,399 |
| 49 | 841 | വാർഡ് 33- സുഗതൻ വീട് മുതൽ റബ്ബർ എസ്റ്റിമേറ്റ് വരെ റോഡ് റീ ടാറിംഗ് | 19,887 |
| 50 | 842 | വാർഡ്-33 മാമ്പയിൽ മുക്ക് മുതൽ ശ്മശാനം വരെ റീ ടാറിംഗ് | 27,645 |
| 51 | 843 | വാർഡ് 33-കുന്നമ്മൽ പീടിക മുതൽ താഴോട്ടുള്ള റോഡ് സോളിംഗ് ടാറിംഗ് | 2,44,522 |

| | | | | |
|---|---|---|---|---|
| 52 | 844 | വാർഡ് 33-ഊർപ്പഴശി കാവ് മുതൽ കളത്തിൽ മുക്ക് വരെ ടാറിംഗ് | 2,47,538 | |
| 53 | 847 | വാർഡ് 39 കണ്ടങ്ങാട്ടു പ്രഭാകരൻ വീട് മുതൽ കരിക്കാൻ ഗോപാലൻ വീട് വരെ ടാറിംഗ് | 4,99,982 | |
| 54 | 848 | ഡിവിഷൻ-39 എം എ നഗർ കോളനി റീ ടാറിംഗ് | 47,042 | |
| 55 | 849 | വാർഡ്-39 കരിക്കൻ അജി വീട്ടു മുതൽ കുറുവ വായനശാല വരെ നടപ്പാതയും ഡ്രൈനേജ് നിർമ്മാണവും. | 1,27,734 | |
| 56 | 850 | വാർഡ് 38 കുറുവ യു.പി.സ്കൂൾ കടലായി വാട്ടർ ടാങ്ക് ക്രോസ് റോഡ് ടാറിംഗ് | 4,69,931 | |
| 57 | 851 | വാർഡ് 38 ആശാരി കാവ് ഫാറൂഖിയ സ്കൂൾ റോഡ് താറിംഗ് | 1,98,850 | |
| 58 | 852 | വാർഡ്-38 ശിവജി മുക്ക് റോഡ് ടാറിംഗ് | 5,93,151 | |
| 59 | 853 | വാർഡ് -38 ലക്ഷം വീട് വരപുറം റോഡ് റീ ടാറിംഗ് | 2,43,227 | |
| 60 | 854 | വാർഡ്-38 കണ്ടോത്ത് സഫിയ ബട്ട പാറ റോഡ് ടാറിംഗ് | 98,988 | |
| 61 | 855 | വാർഡ്-38 കുറുവ സ്കൂൾ കാട്ടാമ്പള്ളി റോഡ് സംരക്ഷണം സൈഡ് കോൺക്രീറ്റ്. | 27,923 | |
| 62 | 857 | ഡിവിഷൻ 35 അനന്തപുരി റോഡ് ടാറിംഗ് | 93,349 | |
| 63 | 858 | ഡിവിഷൻ-35-പള്ളി റോഡ് മുയ്യാരിക്കണ്ടി ടച്ച് റോഡ് ടാറിംഗ് | 2,46,774 | |
| 64 | 859 | ഡിവിഷൻ-35- ഗുഹാ റോഡ് മുതൽ കൃഷ്ണൻ നായർ വീട്ടുവരെ ടാറിംഗ് | 61,766 | |
| 65 | 860 | ഡിവിഷൻ-35-ചാലിൽ ചാമുണ്ടി ക്ഷേത്രം റോഡ് ടാറിംഗ് ബാക്കി ഭാഗം. | 92,349 | |
| 66 | 861 | ഡിവിഷൻ-35-നടാൽ വായനശാല-അജേഷ് വീട് റോഡ് ടാറിംഗ് | 27,822 | |
| 67 | 862 | ഡിവിഷൻ-36-രാജീവ് റോഡ് ടച്ച് പാറകണ്ടി ക്ഷേത്രം മീത്തലെ ചിറ | 3,18,043 | |

| | | | | |
|---|---|---|---|---|
| | | റോഡ് ടാറിംഗ് | | |
| 68 | 863 | ഡിവിഷൻ 36-പുതുക്കാടി മന്ദപ്പൻ ക്ഷേത്രം ആർ.കെ.ബേക്കറി മഹാത്മാ റോഡ് ടാറിംഗ് | 3,43,423 | |
| 69 | 864 | ഡിവിഷൻ 32 ൽ എസ്.എൻ നഗർ കോളനി റോഡ് ടാറിംഗ് | 29,081 | |
| 70 | 865 | ഡിവിഷൻ 32 ൽ ചിന്മയ തൊട്ട് കീഴ്ത്തള്ളി റോഡ് വരെ ടാറിംഗ് | 1,50,000 | |
| 71 | 866 | ഡിവിഷൻ 32 ചാല പന്ത്രണ്ട് കണ്ടി ടച്ച് കെ.വി.മുക്ക് -പദ്മാലയം റോഡ് ടാറിംഗ്. | 1,72,872 | |
| 72 | 868 | ഡിവിഷൻ 36 ൽ ഭഗവതി മുക്ക് പെരും തൃക്കോവിൽ റോഡ് റീ ടാറിംഗ് | 6,52,998 | |
| 73 | 1255 | പച്ചരിയൻ വരപ്പുറം റോഡ് താറിങ്ങ് | 5,04,108 | |
| 74 | 1256 | ഉറുമ്പച്ചാൽ കോട്ടം വലിയപുറം റോഡ് താറിങ്ങ് | 4,00,865 | |
| 75 | 1264 | എടക്കാട് പി.എച്ച്.സി പൂർത്തീകരണ പ്രവൃത്തികൾ | 1,99,950 | |
| | | ആകെ | 20410590 | |

2. നിർവഹണ ഉദ്യോഗസ്ഥൻ : ഗിരീഷ്. എ, അസി.എഞ്ചിനീയർ

| ക്രമ നം | പ്രോജക്ട് നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 127 | ഡിവിഷൻ 23 വായനശാല കനകവല്ലി റോഡ് ടാറിങ്ങും റീടാറിങ്ങും | 146798 | 2019-20വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെഎൻസി/ബി1/333/2021, തീയതി 9-8-2021 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 5, എന്നിവ പ്രകാരമുള്ളത്) 10-08-2021 ന് സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. തുടർന്ന്, 2019-20വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ /കെ.എൻ.എം. |
| 2 | 182 | ഡിവിഷൻ 7ധർമ്മസമാജം ഒണ്ടേൻ പറമ്പ് റോഡ് ഐറിഷ് ഡ്രൈൻ | 371924 | |
| 3 | 630 | മില്ലർ റോഡ്ടാറിങ്ങ് പ്രവൃത്തി പൂർത്തീകരണം | 199840 | |
| 4 | 674 | ഡിവിഷൻ23 എളയാവൂർ അമ്പലം റോഡ് മുതൽ ബദർ റോഡ് വരെ ടാറിങ്ങ് | 730856 | |
| 5 | 676 | ജേർണലിസ്റ്റ് നഗർ കത്തിരി കണക്കപ്പിള്ള | 397847 | |

| | | | | |
|---|---|---|---|---|
| | | റോഡ് ടാറിങ്ങ് | | /ബി1/എആർ-34/19-20, തിയതി.27-08-2021 നമ്പരായി നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് റിക്വിസിഷൻ നൽകുകയുണ്ടായി. എന്നിട്ടും രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പറഞ്ഞ രേഖകൾ 11-02-2022 നകം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് കൊണ്ട് നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും (നം - AE-101/2019-20/ ബി1 തീയതി : 09/02/2022) രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. |
| 6 | 712 | ബൈബിൾ ഭവൻ കപ്പണപ്പറമ്പ് റോഡ് റീടാറിങ്ങ് | 199795 | |
| 7 | 714 | എളയാവൂർ കാട്ട്മച്ചാൽ കണകുഡ് റോഡ് ടാറിങ്ങ് | 49546 | |
| 8 | 715 | ചാലിൽ കൂടത്തും താഴെ റോഡ് റീടാറിങ്ങ് | 463994 | |
| 9 | 716 | 28 തവോരം ഫുട്പാത്ത് കോൺക്രിറ്റിങ്ങ് | 314705 | |
| 10 | 718 | കയറ്റംകണ്ടി ഫുട്പാത്ത് കോൺക്രിറ്റിങ്ങ് | 858934 | |
| 11 | 733 | വാണീവിലാസം കൂടത്തിൽ താഴെ റോഡ് പുനരുദ്ധാരണം | 700900 | |
| 12 | 746 | എളയാവൂർ റൂറൽ വർക്കേർസ് കോളനി ഫുട്പാത്ത് നിർമ്മാണം | 199100 | |
| 13 | 764 | പുത്തൂർ ചീപ്പ് റോഡ് ബ്രാഞ്ച്റോഡ് റീ ടാറിങ്ങ് | 434736 | |
| 14 | 765 | എളയാവൂർ അമ്പലം ,വയൽ റോഡ് ടാറിങ്ങ് | 517868 | |
| 15 | 775 | രാമകൃഷ്ണൻ ഇടവഴി റോഡിൽ താറിങ്ങ് ഡ്രൈനേജ് നിർമ്മാണം | 745489 | |
| 16 | 776 | അരയണ കുന്നുമ്പ്രം എളയാവൂർ അമ്പലം വയൽ റോഡ് ഡ്രൈനേജ് നിർമ്മാണവുംടാറിങ്ങും | 858375 | |
| 17 | 778 | കിഴക്കേവളപ്പിൽ റോഡ് ടാറിങ്ങും ഡ്രൈനേജ് നിർമ്മാണവും | 755441 | |
| 18 | 781 | താഴെച്ചൊവ്വ പള്ളിവയൽ റോഡ് ടാറിങ്ങ് | 158515 | |
| 19 | 782 | എ.കെജി റോഡ് റീടാറിങ്ങ് ഡ്രൈനേജ് നിർമ്മാണവും | 148178 | |
| 20 | 783 | ചൊവ്വ പാലം എ.കെ.ജി മന്ദിരം റോഡ് ടാറിങ്ങ് | 473470 | |
| 21 | 784 | ഹൈവേ മില്ലർ റോഡ് ടാറിങ്ങ്,റീ ടാറിങ്ങ് കൾവർട്ട് നിർമ്മാണം | 651831 | |
| 22 | 1107 | സിൽവർ സ്റ്റാർ എടച്ചൊവ്വ വയൽ പ്രത്യാശ ഭവൻറോഡ് ടാറിങ്ങ്,റീ ടാറിങ്ങ്ഡ്രൈനേജ് നിർമ്മാണം | 489878 | |
| 23 | 1108 | ചെമ്പ്ര ഹൌസ് എടച്ചൊവ്വ | 383997 | |

| | | | |
|---|---|---|---|
| | | വയൽ റോഡ് ടാറിങ്ങ് | |
| 24 | 1111 | അതിരകം മണിയങ്ങോട്ട് ബാക്കി ഭാഗം ടാറിങ്ങ് | 172040 |
| 25 | 1112 | അതിരകം ഹരിജൻ കോളനി മുത്തപ്പൻ കാവ് കനിയിൽച്ചിറ റോഡ് ബാക്കി ഭാഗം ടാറിങ്ങ് | 112750 |
| 26 | 1113 | പരിപ്പിൻ മൊട്ട ചുള്ളേരി വളപ്പ് റോഡ് ടാറിങ്ങ് | 34031 |
| 27 | 1114 | പരിപ്പിൻ മൊട്ട മോലോത്ത്മുക്ക് പുഴാതി അതിർത്തിറോഡ്ടാറിങ്ങ് | 168981 |
| 28 | 1115 | അതിരകം പഴശ്ശികനാൽ തേറോത്ത് കാവ് ഫുട്പാത്ത് നവീകരണം | 556 |
| 29 | 1118 | കനാൽപാലം അതിരകം യുപി സ്കൂൾ റോഡ് ടാറിങ്ങ് | 23830 |
| 30 | 1120 | അതിരക്കണ്ടി മുക്ക് ഭജന കോവിൽ റോഡ് ടാറിങ്ങ് | 13722 |
| 31 | 1121 | താഴെച്ചൊവ്വ റാവുത്തർ ഫുട്പാത്ത് നവീകരണം | 39600 |
| 32 | 1122 | അതിരകം ഹോമിയോഡിസ്പൻസറി മയ്യിലെ പീടിക കനാൽ റോഡ് ടാറിങ്ങ് | 1771 |
| 33 | 1124 | വെള്ളച്ചാൽ മുക്ക് മനോഹരന്റെ വീട് റോഡ് ടാറിങ്ങ് | 406773 |
| 34 | 11125 | വലിയ കനാൽ മയ്യിലെപീടിക ടാറിങ്ങ് | 384701 |
| 35 | 1126 | വലിയന്നൂർ അതിർത്തി മീത്തലെ കുന്നമ്പ്രം റോഡ് ടാറിങ്ങ് | 438613 |
| 36 | 1127 | പൗണ്ട് അതിരകംയുപി സ്കൂൾ റോഡ് ടാറിങ്ങ് | 110009 |
| 37 | 1129 | റീ ടാറിങ്ങ് ആന്റ് പ്രൊവൈഡിങ്ങ് ഡ്രൈൻ അറ്റ് ചാലക്കുന്ന് ബൌണ്ടറി റോഡ് | 500000 |
| 38 | 1131 | പുല്ല്യാഞ്ഞോട്ട് കനാൽ റോഡ് ടാറിങ്ങ് | 547101 |
| 39 | 1132 | പന്നിക്കുന്ന് മുണ്ടയാട് വയൽ റോഡ് ടാറിങ്ങ് | 194475 |
| 40 | 1133 | മൈലപ്രം ആശാരി ബാലൻ വീട് മുതൽ ഭാനുമതി ടീച്ചർ വീട് വരെ ഇടവഴി റോഡ് ടാറിങ്ങ് | 295503 |

| | | | |
|---|---|---|---|
| 41 | 1136 | ലോട്ടസ് ഹൗസിംഗ് വില്ല റോഡ് ടാറിംഗ് | 44684 |
| 42 | 1139 | ലോട്ടസ് ഹൌസിങ്ങ് വില്ല റോഡ് ടാറിങ്ങ് | 297193 |
| 43 | 1140 | ചൊവ്വ അഗൻവാടി സുനാമി അധിക പ്രവൃത്തികൾ | 173641 |
| 44 | 1142 | അവീക്കോടൻ റോഡ് റിടാറിങ്ങ് ഡ്രൈനേജ് | 35736 |
| 45 | 1143 | ശ്രീനാരായണ സദനം ഒണ്ടേൻ പറമ്പ് കട്ട റോഡ് പുനരുദ്ധാരണം സ്ലാബ് ഇടൽ | 110094 |
| 46 | 1144 | കുന്നത്ത് ഫുട്പാത്ത് കോൺക്രീറ്റിങ്ങ് | 547271 |
| 47 | 1149 | കസ്തൂരിച്ചാൽ കണ്ടച്ചാൽ റോഡ് ടാറിങ്ങ് കലുങ്ക് നിർമ്മാണം | 106833 |
| 48 | 1158 | കക്കാട് മക്കാനി മൊട്ട ഫുട്പാത്ത് കോൺക്രീറ്റിങ്ങ് | 21364 |
| 49 | 1160 | ധർമ്മസമാജം പനയാടൻ വളപ്പ് ഫുട്പാത്ത് | 36626 |
| 50 | 1161 | ബിന്ദുവീട് മുതൽ ലക്ഷമി അമ്മ വീട് വരെ റോഡ് ടാറിങ്ങ് | 549648 |
| 51 | 1163 | താഴെച്ചൊവ്വ വലിയ ചിപ് റോഡ് ടാറിങ്ങ് | 265469 |
| 52 | 1165 | എളയാവൂർ സെൻട്രൽ എൽപി സ്കൂൾ അമ്പലക്കുളം റോഡ് ടാറിങ്ങ് | 276732 |
| 53 | 1182 | കുന്നപ്രത്ത് കുഞ്ഞിപ്പുര റോഡ് കോൺക്രീറ്റിംഗ് | 192951 |
| 54 | 1184 | സികെ മുനീർ ജനതാറോഡ് റീടാറിങ്ങ് | 12663 |
| 55 | 1186 | അമ്മൻകുന്ന് എളയാവൂർ വയൽ റോഡ് റീടാറിങ്ങ് | 249889 |
| 56 | 1189 | ഗോവിന്ദൻ വീട് മുതൽ പ്രസാദ് വക്കീൽ വീട് വരെ ഫുട്പാത്ത് കോൺക്രീറ്റിങ്ങ് | 70879 |
| 57 | 1192 | പി എച്ച്സി പള്ളിപ്രം ഫുട്പാത്ത് കോൺക്രീറ്റിങ്ങ് | 85000 |
| 58 | 1193 | കാട്ടമ്മച്ചാൻ പന്നികുന്ന് റോഡ് റീടാറിങ്ങ് | 33039 |
| 59 | 1195 | ഉണ്ണിപീടിക മുതൽ കനാൽ വഴിവരെ അന്നമ്മ | 221048 |

| | | | | |
|---|---|---|---|---|
| | | ക്വാർട്ടേഴ്സ് ടാറിങ്ങ് | | |
| 60 | 1196 | പോസ്റ്റോഫീസ് പള്ളിപ്രം ബൈപാസ്സ് റോഡ് കോൺക്രീറ്റിങ്ങ് | 266647 | |
| 61 | 1198 | നരിക്കുണ്ട് ബാക്കിഭാഗം ഫുട്പാത്ത് കോൺക്രീറ്റിങ്ങ് | 108834 | |
| 62 | 1200 | സൂരജിന്റെ പീടിക നാരായണൻ വീട് റോഡ് റീടാറിങ്ങ് | 192897 | |
| 63 | 1202 | പോലീസ് ക്വാർട്ടേഴ്സ് റോഡ് റീടാറിങ്ങ് സൈഡ് കോൺക്രീറ്റിങ്ങ് | 528819 | |
| 64 | 1203 | കനാൽപാലം മയ്യാലപീടിക റോഡ് ടാറിങ്ങ് | 647513 | |
| 65 | 1204 | ധർമപുരി ഹൌസിങ്ങ് കോളനി റോഡ് റീടാറിങ്ങ് | 41873 | |
| 66 | 1205 | അവേരവയൽ റോഡ് ടാറിങ്ങ് | 29238 | |
| 67 | 1216 | ഐശ്വര്യ കോളനി കുഞ്ഞിക്കണ്ണൻ റോഡ് റീടാറിങ്ങ് | 372420 | |
| 68 | 1240 | തച്ചന്റെ വളപ്പ് റോഡ് ടാറിങ്ങ് | 287975 | |
| 69 | 1279 | കസ്തൂരിച്ചാൽ റോഡ് ടാറിങ്ങും ഡ്രൈനേജ് നിർമ്മാണം | 21985 | |
| 70 | 1280 | കനിമ്മൽ റോഡ് ടാറിങ്ങും ഡ്രൈനേജ് നിർമ്മാണവും | 46405 | |
| | | ആകെ | 19571839 | |

3. നിർവഹണ ഉദ്യോഗസ്ഥ : ലിസ്സ പുതുശ്ശേരി, അസി.എഞ്ചിനീയർ

| ക്രമ നം | പ്രോജക്ട് നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 631 | കാൽടെക്സ് ടോയിലെറ്റ് അധിക പ്രവൃത്തികൾ | 1000000 | 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെഎൻ സി/ബി1/333/2021, തീയതി 9-8-2021 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ |
| 2 | 658 | മുനിസിപ്പൽ സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റപണി രണ്ടാം ഘട്ടം | 803048 | |
| 3 | 663 | താണ ഡിവിഷനിൽ മണ്ടൈൻ രാഘവൻ റോഡ് പരിഷ്കരണം | 800000 | |
| 4 | 665 | താണ ഡിവിഷനിൽ (45) എൻ.എച്ച്. മുതൽ മാണിക്കക്കാവ് റോഡ് റീടാറിംഗ് | 1200000 | |
| 5 | 679 | തായത്തെരു ഡിവിഷനിൽ താവക്കര യാത്രി നിവാസ് റോഡ് റീടാറിംഗ് | 700000 | |
| 6 | 682 | ടെമ്പിൾ ഡിവിഷനിൽ ഭവൻസ് സ്കൂൾ മുതൽ അമ്പാടി മുക്ക് വരെ | 947562 | |

| | | | | |
|---|---|---|---|---|
| | | റോഡ് പരിഷ്ക്കരണം | | |
| 7 | 683 | സൗത്ത് ബസാർ ഡിവിഷനിൽ ചേനോളി ജംഗ്ഷൻ മുതൽ ധനലക്ഷ്മി ഹോസ്പിറ്റൽ വരെ റോഡ് റീ ടാറിംഗ് | 900000 | |
| 8 | 684 | ടെമ്പിൾ ഡിവിഷനിൽ ചിന്മയ കോളേജിന പിൻവശത്തുള്ള റോഡ് മുതൽ ബ്രാഞ്ച് റോഡുകൾ ഉൾപ്പെടുത്തി ചിന്മയ മെൻസ് ഹോസ്റ്റൽ വരെ റോഡ് റീ ടാറിംഗ് | 450000 | |
| 9 | 686 | ടെമ്പിൾ ഡിവിഷനിൽ പഴയ ബസ് സ്റ്റാന്റ് മുതൽ തളാപ്പ് വയൽ വരെ റോഡ് പാച്ച് വർക്ക് | 482959 | ചട്ടം 5, എന്നിവ പ്രകാരമുള്ളത്) 10-08-2021 ന് സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. തുടർന്ന്, 2019-20 വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ /കെ. എൻ.എം./ബി1/ എ ആർ-31/19-20, തിയ തി.27-08-2021 നമ്പരായി ഓഡിറ്റ് റിക്വിസിഷൻ കൈമാറിയിട്ടുണ്ട്. എന്നിട്ടും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. |
| 10 | 700 | തായത്തെരു ഡിവിഷനിൽ ബസ് ഓണേഴ്സ് ഓഫീസ് മുതൽ എടാട്ട് പള്ളിവരെ ഫുട്പാത്ത് ഓവുചാൽ പരിഷ്ക്കരണം. | 372577 | |
| 11 | 734 | കോർപ്പറേഷൻ ഓഫീസ് കോമ്പൌണ്ടിൽ വനിതാ ടോയിലറ്റ് നിർമ്മാണം. | 728483 | |
| 12 | 748 | മുനിസിപ്പൽ സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി | 497299 | |
| 13 | 762 | താവക്കര സ്കൂൾ അറ്റകുറ്റപ്പണികൾ | 150000 | |
| 14 | 1093 | സൌത്ത് ബസാർ ഡിവിഷനിൽ പുഴാതി ഹൌസിംഗ് കോളനി റോഡ് റീടാറിംഗ് | 396535 | |
| 15 | 1094 | സൌത്ത് ബസാർ ഡിവിഷനിൽ കിംസ്റ്റ് ഹോസ്പിറ്റൽ റോഡ് റീ ടാറിംഗ് | 27386 | |
| 16 | 1095 | ടെമ്പിൾ ഡിവിഷനിൽ ഹൃദയാരാം റോഡും ബ്രാഞ്ച് റോഡും റീ ടാറിംഗ് | 15223 | |
| 17 | 1096 | ടെമ്പിൾ ഡിവിഷനിൽ കാനന്നൂർ ടയേഴ്സിന് സമീപമുള്ള റോഡ് പരിഷ്ക്കരണം | 13795 | |
| 18 | 1098 | സൌത്ത് ബസാർ ഡിവിഷനിൽ ശാന്തി നഗർ കോളനി റോഡ് റീടാറിംഗ് | 376576 | |
| 19 | 1099 | തായത്തെരു ഡിവിഷനിൽ സെൻട്രൽ അവന്യൂ മുതൽ എടാട്ട പള്ളിവരെ റോഡ് റീ ടാറിംഗ് | 9913 | |
| 20 | 1100 | താണ ഡിവിഷനിൽ(45)എച്ച്.ഐ.എസ് സ്കൂളിന് സമീപം കെ.എം.അബൂബക്കർ കുഞ്ഞി റോഡ് റീ ടാറിംഗ് | 34088 | |
| 21 | 1101 | താണ ഡിവിഷനിൽ | 671473 | |

| | | | | |
|---|---|---|---|---|
| | | ആനയിടുക്ക് സർവ്വീസ് ബാങ്കിന് പിറക് വശത്ത് അബ്ദുൽ ഖാദർ റോഡ് റീ ടാറിംഗ് | | |
| 22 | 1102 | സ്വച് ഭാരത് – പൊതു സ്ഥാപനങ്ങളുടെ കക്കൂസ് നിർമ്മാണം | 367508 | |
| 23 | 1103 | തെക്കി ബസാർ ധനലക്ഷ്മി ഹോസ്പിറ്റൽ കക്കാട് റോഡ് പാച്ച് വർക്ക് | 500000 | |
| 24 | 1263 | സൌത്ത് ബസാർ ഡിവിഷനിൽ അമാനി ഓഡിറ്റോറിയം മുതൽ ധനലക്ഷ്മി ഹോസ്പിറ്റൽ വരെയുള്ള റോഡ് പാച്ച് വർക്കും കെ.എസ്.ഇ.ബി നടത്തിയ ഓപ്പൺ ട്രെഞ്ച് പുനഃസ്ഥാപന പ്രവർത്തിയും | 662292 | |
| 25 | 1288 | താണ ഡിവിഷനിൽ ആനയിടുക്ക് കണ്ണൂക്കര റോഡിൽ നിന്ന് ട്രാൻസ് ഫോമർ റോഡിലേക്കുള്ള ഫുട്പാത്ത് പരിഷ്കരണം | 51988 | |
| | | ആകെ | 12158705 | |

ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ കാണിച്ച പ്രവ്യത്തികളുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകളും രേഖകളും ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-75 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

കണ്ണൂർ നഗരസഭയിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി - 2019-20 – വാർഷിക കർമ്മപദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കാത്തത് സംബന്ധിച്ച്.

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിനു തയ്യാറുള്ള ഓരോ കുടുബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നഗരസഭകളിൽ നടപ്പാക്കിയ അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വിജയത്തിനും പരിഷ്ക്കരിച്ച മാർഗ്ഗ നിർ ദ്ദേശങ്ങൾ 03.11.2017 ലെ സ.ഉ(കൈ) നം.216/2017/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖ പ്രകാരം ഓരോ നഗരസഭയും ഓരോ സാമ്പത്തിക വർഷവും ഡിസംബർ 31-നു മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മപദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി നഗരസഭ കൌൺസിൽ അംഗീകരിച്ച് ഡി.പി.സി അംഗീകാരത്തിനു ശേഷം മേഖലാ ജോയിന്റ് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

എന്നാൽ മേൽ നിർദ്ദേശിച്ച പ്രകാരം 2019-20 വർഷത്തേക്കുള്ള വാർഷിക പദ്ധതിയും ലേബർ ബജറ്റും കണ്ണൂർ നഗരസഭ തയ്യാറാക്കിയിട്ടില്ല. ഓഡിറ്റിന്റെ പരിശോധനക്കായി 2018-19 വർഷത്തേക്ക് തയ്യാറാക്കി അംഗീകരിച്ച വാർഷിക കർമ്മപദ്ധതി/ലേബർ ബജറ്റ് ആണ് ഹാജരാക്കിയത്.2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ അംഗീകരിച്ച പ്രവൃത്തികളിൽ ഏതാനും പ്രവൃത്തികളാണ് നടപ്പാക്കിയത്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ AE 52/19-20/ബി1 തീയതി 28/12/2021 ന് മറുപടി ലഭ്യമാക്കിയട്ടില്ല.

2)തൊഴിൽ സ്ഥലത്ത് ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല

തൊഴിലിന്റെ പേര്, പ്രവൃത്തി ഘടകങ്ങൾ എസ്റ്റിമേറ്റിന്റെ വിവരം, പണി ചെയ്യുന്നവരുടെ എണ്ണം, പണിയായുധങ്ങൾ സംബന്ധിച്ച വിവരം എന്നിവ രേഖപ്പെടുത്തിയ ബോർഡ് സൈറ്റിൽ പ്രദർശിപ്പിക്കണമെന്ന് മേൽ മാർഗ്ഗ രേഖയിൽ നിർ ദ്ദേശിച്ചിട്ടുണ്ട്. ഏതാനും പ്രവൃത്തികളുടേത് ഒഴികെ , ഇപ്രകാരമുള്ള ബോർഡ്, സ്ഥാപിച്ചിട്ടില്ലായെന്നാണ് പ്രവൃത്തികളുടെ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് .

മാർഗരേഖയിലെ നിർ ദ്ദേശങ്ങൾ പാലിക്കാത്തതിനും തൊഴിൽ സ്ഥലത്ത് ബോർഡ് പ്രദർശിപ്പിക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നവശ്യപ്പെട്ട് നൽകിയ ഓഓഡിറ്റ് അന്വേഷണത്തിന് (AE54/2019-20 /B1തീയതി05/01/2022) മറുപടി ലഭ്യമാക്കിയിട്ടില്ല

3) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി- പ്രാദേശിക ഭാഷയിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അയ്യങ്കാളി നഗരതൊഴിലുറപ്പ് മാർഗ്ഗരേഖ (സ.ഉ(കൈ)216/2017 തസ്വഭവ തീയതി.03.11.2017 ഖ.13.1.2 പ്രകാരം പ്രാദേശിക ഭാഷയിൽ ലളിതമായ പ്രയോഗങ്ങളിലൂടെ സാധാരണ വ്യക്തിക്ക് അനായാസം മനസ്സിലാകുന്ന രീതിയിൽ ജനകീയ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കുകയും തൊഴിൽ സ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രാദേശിക ഭാഷയിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ ആയത് സാധാരണ വ്യക്തിക്ക് മനസ്സിലാവുന്ന ഭാഷയിൽ വർക്ക്

സൈറ്റിൽ പ്രദർശിപ്പിക്കുകയോ ചെയ്തിട്ടില്ലായെന്നാണ് സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണത്തിന്റെ സുതാര്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനാണ് സർക്കാർ മേൽ നിർദ്ദേശം നൽകിയിട്ടുള്ളത്. നിർദ്ദേശം പാലിക്കാത്തതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4)അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി –ഫലപ്രദമായ മോണിറ്ററിഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല.

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ(കൈ)നം.216/2017/ത.സ്വ.ഭ.വ തീയതി 03/11/2017 പ്രകാരം ഓരോ നഗരസഭയിലെയും വാർഡ് സഭകൾ അതാത് വാർഡിൽ / ഡിവിഷനിൽ നടക്കുന്ന പ്രവൃത്തികളെ മോണിറ്റർ ചെയ്യുകയും, തൊഴിൽ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ, വേതന വിതരണം എന്നീ കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കണമെന്നും കൂടാതെ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും ഓരോ ജാഗ്രത മേൽ നോട്ട കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതിയും ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തുകയും വേണമെന്ന് മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്.

പ്രവൃത്തി നടക്കുന്ന സ്ഥലത്തെ നിവാസികൾ ഉൾക്കൊള്ളുന്നതായിരിക്കണമെന്നും ഈ കമ്മിറ്റി എന്നും ഇതിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് വാർഡ് സമിതിയും ജാഗ്രതാ കമ്മിറ്റിയും രൂപീകരിക്കേണ്ടതും പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ടിനോട് ചേർത്ത് മോണിറ്ററിങ്ങ് റിപ്പോർട്ട് വെക്കണമെന്നും നിർദേശിക്കുന്നുണ്ട്.

ഇപ്രകാരം വാർഡ് കമ്മിറ്റിയും ജാഗ്രതാ മേൽനോട്ട കമ്മിറ്റിയും പ്രവൃത്തി സ്ഥലത്ത് രൂപീകരിക്കുകയും പ്രവൃത്തി വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സൈറ്റ് ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മോണിറ്ററിങ്ങ് റിപ്പോർട്ട് അപൂർണമാണ്. ഏതാനും പ്രവൃത്തികളുടെ സൈറ്റ് ഡയറിയിൽ മോണിറ്ററിംഗ് പേജിൽ ചുരുക്കം പേർ ഒപ്പ് വെയ്ക്കുകയും പ്രവൃത്തി സംബന്ധിച്ച വസ്തുതകൾ മാത്രം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയും ഗുണമേന്മയും സംബന്ധിച്ച വിലയിരുത്തലുകൾ ഇല്ല. ഏതാനം പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ ആരും തന്നെ ഒപ്പ് വെയ്ക്കാതെയോ ഒരാൾമാത്രമായി ഒപ്പ് വെയ്ക്കുകയോ ചെയ്തിട്ടുണ്ട്. ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നിലവിലില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. നിർവഹിക്കപ്പെടുന്ന പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കേണ്ടത് അനിവാര്യമാണ്.

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം തൊഴിലുറപ്പ് പ്രവൃത്തികൾ നിരീക്ഷിക്കുന്നതിന്, ജാഗ്രതാ കമ്മിറ്റി രൂപീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (AE.53/2019-20/ബി1 തീയതി 28.12.2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-76 നിയമാനുസൃത അവധിയും, അസാന്നിദ്ധ്യവും കുറവ് ചെയ്യാതെ ശമ്പളം, ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവ അനുവദിക്കുന്നു

ശമ്പള പരിഷ്കരണത്തെത്തുടർന്നുള്ള ശമ്പളനിർണ്ണയം, സമയ ബന്ധിത ഹയർ ഗ്രേഡ് , ഇൻക്രിമെന്റ് എന്നിവ അനുവദിക്കുമ്പോൾ ജീവനക്കാർ എടുത്തിട്ടുള്ള നിയമാനുസൃത അവധിയും, അസാന്നിദ്ധ്യവും കുറവ് ചെയ്യാതെ സേവനകാലയളവ് നിശ്ചയിക്കുന്നതിനാൽ നിയമാനുസൃതമായി നൽകേണ്ടതിനേക്കാൾ കൂടുതൽ ആനുകൂല്യം ജീവനക്കാർക്ക് നൽകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ സേവന കാലയളവ് കണക്കാക്കുന്നതിനാൽ ആർജ്ജിതാവധി അക്കൗണ്ടിലും അപാകങ്ങൾ ഉണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് , തസ്തിക | സേവനകാലയളവിലുള്ള അവധി,അസാന്നിദ്ധ്യം | ആനുകൂല്യം നിയമാനുസൃതം അനുവദിക്കേണ്ടുന്ന തീയ്യതി | ആനുകൂല്യം നഗരസഭ നിശ്ചയിച്ച തീയ്യതി |
|---|---|---|---|---|
| 1 | ശശികല .വി.വി ഓഫീസ് അറ്റൻഡന്റ് | 24.7.2001 ന് ജോലിയിൽ പ്രവേശിച്ച് 23.7.2002 വരെ യുള്ള കാലഘട്ടത്തിൽ 31 ദിവസത്തെ അവധി എടുത്തു | 24.7.2001 നും 23.7.2002 നും ഇടയിൽ 31 ദിവസത്തെ അവധി ഉള്ളതിനാൽ പ്രൊബേഷൻ25.8.2002 ന് പൂർത്തീകരിച്ച് ഇൻക്രിമെന്റ് നൽകാം | അവധി പരിഗണിക്കാതെ 24.7.2002 പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ച് ഇൻക്രിമെന്റ് |

| | | | | |
|---|---|---|---|---|
| | | | | നിശ്ചയിച്ചു. |
| 2 | ഇ.ജനാർദ്ധനൻ സാനിറ്റേഷൻ വർക്കർ | 4.9.1991 ജോലിയിൽ പ്രവേശിച്ച് 4.9.2018 വരെ യുള്ള 27 വർഷത്തെ കാലഘട്ടത്തിൽ8 ദിവസത്തെ LWA എടുത്തു | 8 ദിവസത്തെ LWA ഉള്ളതിനാൽ 13.9.2008 ന് മാത്രമേ 27 വർഷത്തെ ഗ്രേഡ് നൽകാൻ സാധിക്കു | 8 ദിവസത്തെ LWAപരിഗണിക്കാതെ 4.9.2008 ന് ഗ്രേഡ് നിശ്ചയിച്ചു |

മുകളിൽ കൊടുത്തത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് . ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അവധികൾ, അസാന്നിദ്ധ്യങ്ങൾ(Absent) എന്നിവ കുറവ് ചെയ്യാതെ നിരവധി ജീവനക്കാരുടെ ശമ്പളനിർണ്ണയം, സമയ ബന്ധിത ഹയർ ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവ ഇത്തരത്തിൽ നഗരസഭ നിശ്ചയിക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ആർജ്ജിതാവധി കണക്കാക്കുമ്പോഴും അവധികൾ, അസാന്നിദ്ധ്യങ്ങൾ എന്നിവ കുറവ് ചെയ്യാതെയാണ് കണക്കാക്കുന്നത് . കണ്ടിജന്റ് ജീവനക്കാർ എടുത്തിട്ടുള്ള അസാന്നിദ്ധ്യങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് ക്രമീകരിച്ച് സേവനപുസ്തകത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നുമില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-77 ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് അക്കൗണ്ട് ഓഡിറ്റിൽ സമർപ്പിക്കാത്തത് -സംബന്ധിച്ച്

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30(9) പ്രകാരം നഗരസഭയ്ക്ക് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി ,നിർണ്ണയിക്കപ്പെട്ടപ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നിലവിൽ 18 പൊതുജനാരോഗ്യസ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും, ആയതിൽ പ്രൈമറി ഹെൽത്ത് സെന്റർ എടക്കാട്,ഗവ: ഹോമിയോ ഡിസ്പെൻസറി പള്ളിക്കുന്ന്, ഗവ: ആയുർവേദ ഡിസ്പെൻസറി പള്ളിക്കുന്ന്, ഗവ: ആയുർവേദ ഡിസ്പെൻസറി ചേലോറ, ഗവ: ആയുർവേദ ഡിസ്പെൻസറി കാപ്പാട് എന്നീ 5 പൊതുജനാരോഗ്യസ്ഥാപനങ്ങൾ നാളിതുവരെയായും ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2013ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1)ലൂടെ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമായിട്ടുണ്ട്.

പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, നിർമാണ പ്രവർത്തനങ്ങൾക്ക്

